VEDAPRACHARA
MADHYASTHAN

വാല്യം 99
ലക്കം 05
2026 നവംബർ

വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-

സീറോമലബാർ
സമുദായശക്തീകരണവർഷം
2026



2026
നവംബർ

THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY



നവംബർ 24നു മെത്രാഭിഷേകദിനം ആഘോഷിക്കുന്ന

അഭി. കർദിനാൾ മാർ ജോർജ് കൂവക്കാടിന്

അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 99 ● ലക്കം 05 ● നവംബർ 2026

ഉള്ളടക്കം

സർക്കുലർ: പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിന്റെ കൂദാശ (26 Ch. TCL 32) 05
കച്ചേരിക്കാര്യം 10
പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലെ പള്ളികളുടെ കൂദാശ 24
2026 - 2027 ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് 27
പാസ്റ്ററൽ കൗൺസിൽ 33
സന്ദേശനിലയം 35
ചെറുപുഷ്പ മിഷൻ ലീഗ് 39
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ 41
ഫാമിലി അപ്പോസ്തലേറ്റ് 43
യുവദീപ്തി - എസ്.എം.വൈ.എം. 48
കാനാ 50
ചാസ്സ് 52
ടാസ്ക് 56
ജീവകാരുണ്യനിധി ട്രസ്റ്റ് 57
ആതുരശുശ്രൂഷാമേഖല 58
പ്രവാസി അപ്പോസ്തലേറ്റ് 64
കത്തോലിക്കാ കോൺഗ്രസ് 65
കേരള ലേബർ മൂവുമെന്റ് 72
ലീജിയൻ ഓഫ് മേരി 73
ദളിത് കത്തോലിക്കാ മഹാജനസഭ 74
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ 75
വിൻസെൻഷ്യൻ വേദി 77
കരിസ്മാറ്റിക് നവീകരണം 79
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി 80
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് 88

വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

ANNUAL SUBSCRIPTION: ₹ 300/-

സർക്കുലർ

26 Ch. TCL 32

പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിന്റെ കൂദാശ

വന്ദ്യ സഹോദരരേ, പ്രിയമക്കളേ,

''കർത്താവേ, അങ്ങു വസിക്കുന്ന ആലയവും അങ്ങയുടെ മഹത്വത്തിന്റെ ആലയസ്ഥാനവും എനിക്കു പ്രിയങ്കരമാണ്'' (സങ്കീ. 26:8) ഓരോ ദൈവാലയവും ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന ഇടമാകയാൽ നമ്മുടെ കഴിവുകൾ പരമാവധി ഉപയോഗിച്ചാണ് നാം ദൈവാലയങ്ങൾ നിർമ്മിക്കുന്നത്. പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിന്റെ പുനർനിർമ്മാണത്തിനു നമ്മുടെ അതിരൂപതയിലെ 82000 കുടുംബങ്ങളും കഴിഞ്ഞ ഏതാനും വർഷങ്ങളായി ആഗ്രഹിച്ചതിന്റെയും പങ്കുവച്ചതിന്റെയും ഫലമാണ് നവംബർ 21, 23 തീയതികളിലായി നാം നടത്തുന്ന ദൈവാലയ കൂദാശാ കർമ്മങ്ങൾ. ''ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു'' (ലൂക്കാ.1:48-49) എന്ന വചനങ്ങൾ പരി. അമ്മയോടൊപ്പം ഏറ്റുപാടിക്കൊണ്ട് പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിലെ പുതിയ ദൈവാലയങ്ങളുടെ കൂദാശാ കർമ്മങ്ങളിലേക്ക് നിങ്ങളെ ഓരോരുത്തരെയും ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

പാറേൽ പള്ളി എന്ന ദൈവദാനം

പതിനായിരങ്ങൾക്ക് ആശ്വാസമാകുന്ന ദൈവസാന്നിധ്യം പരി. അമ്മയുടെ പ്രത്യേക പ്രാർഥനകളാൽ അനുഭവവേദ്യമാകുന്ന ഇടമാണു പാറേൽ പള്ളി. പരി. കന്യകാമറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ സുവർണ്ണജൂബിലി സ്മാരകമായി 1906 ഡിസംബർ 7ന് അന്നത്തെ വികാരി അപ്പസ്തോലിക്ക ധന്യൻ മാർ മാത്യു മാക്കീൽ പിതാവാണ് ആദ്യത്തെ കപ്പേള കൂദാശ ചെയ്തത്. ഈ കപ്പേള ''വികാരിയാത്ത് ഒട്ടുക്കുള്ള ജനങ്ങളുടെ പൊതുവണക്കത്തിനും പ്രാർഥനാനമസ്ക്കാരത്തിനും'' വേണ്ടിയുള്ളതാണെന്ന് ആ സ്ഥാപന കല്പന വ്യക്തമാക്കുന്നു. മോൺസിഞ്ഞോർ സിറിയക് കണ്ടങ്കരിയും ചെത്തിപ്പുഴ ആശ്രമശ്രേഷ്ഠനായിരുന്ന ബഹു. എസ്തപ്പാനോസ് തയ്യിൽ

സി.എം.ഐ. അച്ചനുമായിരുന്നു പ്രഥമ കപ്പേള സ്ഥാപനത്തിനായി പരിശ്രമിച്ചത്. പിന്നീട് 1974ൽ പുതുക്കിപ്പണിത ദൈവാലയം അന്നത്തെ അതിരൂപതാധ്യക്ഷൻ അഭി. മാർ ആന്റണി പടിയറ മെത്രാപ്പോലീത്ത കൂദാശ ചെയ്തു.

തീർഥാടകരുടെ എണ്ണം വർദ്ധിച്ചുവന്ന സാഹചര്യത്തിൽ പുതിയ തീർഥാടനകേന്ദ്രം നിർമ്മിക്കാൻ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് തീരുമാനിക്കുകയും 2014 നവംബർ 23നു റോമിൽവച്ച് പരി. പിതാവ് ഫ്രാൻസിസ് പാപ്പ അടിസ്ഥാനശില ആശീർവദിക്കുകയും ചെയ്തു. 2015 ഓഗസ്റ്റ് 15നു അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ നേതൃത്വത്തിൽ മിശിഹായെയും പന്ത്രണ്ടു ശ്ലീഹന്മാരെയും മോശയെയും ഏലിയായെയും സൂചിപ്പിക്കുന്ന പതിനഞ്ച് അടിസ്ഥാനശിലകൾ സ്ഥാപിച്ചു. ഈശോമിശിഹാ തന്നെ മൂലക്കല്ലായ, ശ്ലീഹന്മാരുടെയും പ്രവാചകന്മാരുടെയും അടിത്തറമേൽ പണിതുയർത്തപ്പെട്ട സഭയുടെ (എഫേ. 2:20) പ്രതീകമാണത്. മഹാപ്രളയവും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളെ അതിജീവിച്ച് ഈ നിർമ്മാണം സാധ്യമായത് പരി. അമ്മയുടെ പ്രാർഥനാസഹായത്താൽ മാത്രമാണെന്നു നാം തിരിച്ചറിയുന്നു. പരി. അമ്മവഴിയായി നമുക്കു ലഭിച്ച ഈ മഹാദാനത്തിനു നന്ദിപറയാൻ കൂടിയാണ് ഈ അവസരം നാം വിനിയോഗിക്കേണ്ടത്.

കൂടെ വസിക്കുന്ന ദൈവം

ജനത്തിന്റെ കൂടെ വസിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തിലാണു നാം വിശ്വസിക്കുന്നത്. ''ഞാൻ അവരുടെയിടയിൽ വസിക്കാൻ അവർ എനിക്കൊരു വിശുദ്ധ കൂടാരം സജ്ജമാക്കട്ടെ. ഞാൻ കാണിച്ചു തരുന്ന മാതൃക അനുസരിച്ചായിരിക്കണം കൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിക്കേണ്ടത്'' (പുറപ്പാട് 25:8-9) എന്നു ദൈവമായ കർത്താവ് പഴയനിയമത്തിൽ കല്പിച്ചു. ജറുസലേം ദൈവാലയം, തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മധ്യത്തിലെ ദൈവസാന്നിധ്യത്തിന്റെ അടയാളമായിരുന്നു. എന്നാൽ പുതിയനിയമത്തിൽ ''ഈ ദൈവാലയം നിങ്ങൾ നശിപ്പിക്കുക, മൂന്നു ദിനങ്ങൾകൊണ്ട് ഞാനതു പുനർനിർമ്മിക്കും'' (യോഹ. 2:19) എന്ന് ഈശോ പറയുമ്പോൾ ദൈവാലയമെന്നതു തന്റെ ശരീരം തന്നെയാണെന്നു അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. മിശിഹായാണ് യഥാർഥദൈവാലയം. നാം ദൈവാലയം നിർമ്മിക്കുമ്പോഴും മിശിഹായുടെ ശരീരമായ സഭയുടെ കാണപ്പെടുന്ന അടയാളമായിട്ടാണ് അതു നിർമ്മിക്കുന്നത്. സമരസഭയും സഹനസഭയും വിജയസഭയും ഒരുമിക്കുന്ന ദൈവീക മുഹൂർത്തങ്ങളാണല്ലോ ദൈവാലയത്തിൽ നാം അനുഭവിക്കുന്നത്. പൗരസ്ത്യസുറിയാനി ആരാധനക്രമമനുസരിച്ചുള്ള

ദൈവാലയഘടനയിൽ മദ്ബഹ, കെസ്ത്രോമ്മ, ഹൈക്കല എന്നിവ സ്വർഗീയ സഭയോടു ഭൗമികസഭ ഒന്നിക്കുന്നതിനെയാണ് പ്രതീകവൽക്കരിക്കുന്നത്.

അതിരൂപതയുടെ ആത്മീയകേന്ദ്രം

കേവലം ഒരു പള്ളി എന്നതിന്റെയപ്പുറം അതിരൂപതാകുടുംബത്തെ മുഴുവൻ ഐക്യപ്പെടുത്തുന്ന ആത്മീയകേന്ദ്രമായി ഈ ദൈവാലയസമുച്ചയം മാറണം. കല്ലും സിമന്റും ഉപയോഗിച്ചു നാം നിർമ്മിച്ച ഈ ദൈവാലയം അർഥപൂർണ്ണമാകണമെങ്കിൽ ''ജീവനുള്ള കല്ലുകൾ പോലെ ആത്മീയഭവനമായി നാം രൂപപ്പെടണം!'' (1 പത്രോ. 2:5). പരി. അമ്മയുടെ പ്രാർഥനകൾ നമ്മുടെ അതിരൂപതാകുടുംബത്തെ സ്നേഹത്തിലും കൂട്ടായ്മയിലും അഭിവൃദ്ധിയിലും വളർത്തുമെന്നതിനു സംശയമില്ല. വി. ആഗസ്തീനോസ് ഉദ്ബോധിപ്പിക്കുന്നതുപോലെ ''പണിതുയർത്തിയ ഭിത്തികളിൽ ഭൗതികമായി സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നത് ആത്മാക്കളിൽ ആത്മീയമായി യാഥാർഥ്യമാകണം. തടിയിലും കല്ലിലും പണിതീർത്തിരിക്കുന്നത് ദൈവകൃപയിൽ നമ്മുടെ ജീവിതങ്ങളിൽ പൂർത്തീകരിക്കപ്പെടണം''.

പാറേൽ മരിയൻ തീർത്ഥാടനം

നവംബർ 29 മുതൽ ഡിസംബർ 21 വരെയുള്ള ദിവസങ്ങൾ പാറേൽ പള്ളിയിലേക്കുള്ള തീർത്ഥാടന കാലമായി നിശ്ചയിക്കുകയാണ്. മാനസാന്തരത്തിലേക്കു നയിക്കുന്ന പരിത്യാഗപൂർണ്ണമായ തീർഥാടനങ്ങൾ അതിരൂപതയുടെ നാനാഭാഗങ്ങളിൽ നിന്നു നടത്തണമെന്നു ഞാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. നമ്മുടെ കാലഘട്ടത്തിൽ പുതുതലമുറയിലേക്കും തീർത്ഥാടനത്തിന്റെ ചൈതന്യം കൈമാറി കൊടുക്കാൻ ഇത് നല്ല അവസരമാണ്. ഒരുക്കത്തോടെ വിശുദ്ധ കുമ്പസാരം നടത്തി നോമ്പെടുത്ത് ആത്മീയതയിൽ ബലം പ്രാപിച്ച് നാം നടത്തുന്ന ഈ തീർത്ഥാടനം നമ്മുടെ കുടുംബബന്ധങ്ങളുടെ ഇഴയടുപ്പം വർദ്ധിപ്പിക്കാനും ഭിന്നതകളും കലഹങ്ങളും മറക്കാനും പരസ്പരം ക്ഷമിക്കാനും സഹായിക്കുമെന്നതിൽ സംശയമില്ല. വിശ്വാസത്തിന്റെ പ്രഘോഷണമായി മാറുന്ന പാറേൽ മരിയൻ തീർത്ഥാടനത്തിൽ കഴിഞ്ഞ വർഷം നമ്മുടെ അതിരൂപതയിലെ എല്ലാ ഫൊറോനകളുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ഓരോ ഫൊറോനയുടെയും നേതൃത്വത്തിലോ അതത് ഇടവകകൾക്ക് സ്വന്തമായോ തീർത്ഥാടനം ക്രമീകരിക്കാവുന്നതാണ്. ഈ തീർത്ഥാടനകാലം അനുഗ്രഹപ്രദമാക്കാൻ നിങ്ങളെ എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

ആദ്യത്തെ പാറേൽപള്ളി പണിതിട്ടു 120 വർഷം തികയുമ്പോൾ നാം മൂന്നാമത്തെ ദൈവാലയം കൂദാശ ചെയ്യുകയാണ്. സർവ്വശക്തനായ ദൈവത്തോടും പരി. അമലോത്ഭവ മാതാവിനോടും പ്രാർഥനയിലൂടെയും പരിത്യാഗത്തിലൂടെയും അധ്വാനത്തിലൂടെയും ഔദാര്യത്തിലൂടെയും സ്നേഹപൂർവം പങ്കുചേർന്ന എല്ലാവരോടും നന്ദി പറയേണ്ട അവസരം കൂടിയാണിത്. അനേകരെ അനുസ്മരിക്കേണ്ടതുണ്ടെങ്കിലും ഈ ദൈവാലയ നിർമ്മാണം പൂർത്തീകരിക്കാൻ ഏറെ ആഗ്രഹിച്ച അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിനെയും ഇക്കാലഘട്ടത്തിൽ വികാരി ജനറാൾമാരായിരുന്ന പെ. ബഹു. ജോസഫ് മുണ്ടകത്തിൽ അച്ചൻ, ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചൻ, മാത്യു ചങ്ങങ്കരി അച്ചൻ എന്നിവരെയും കഴിഞ്ഞ പത്തു വർഷങ്ങളിലായി കഠിനാധ്വാനത്തിലൂടെ ഇതു യാഥാർഥ്യമാക്കിയ ബഹു. റ്റെജി പുതുവീട്ടിൽക്കളം അച്ചനെയും ബഹു. ജേക്കബ് വാരിക്കാട്ടച്ചനെയും അവരുടെ സഹകാരികളായിരുന്ന ബഹു. മാർട്ടിൻ കുരിശിങ്കൽ, ജോജോ പുതുവേലിൽ, ജിജോ മാറാട്ടുകളം എന്നീ വൈദികരെയും അവരോടു ചേർന്നുനിന്നു സഹകരിച്ച ത്യാഗമതികളായ സഹോദരീസഹോദരന്മാരെയും സ്നേഹപൂർവം ഓർക്കുന്നു. ഈ ദൈവാലയത്തിന്റെ രൂപകൽപ്പന അതിമനോഹരമായി നടത്തിയ ബഹു. ജോൺ കോച്ചേരി സാറിനെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

പാറേൽ പള്ളിയുടെ കൂദാശയോടനുബന്ധിച്ച് 11 കുടുംബങ്ങൾക്ക് വീടും സ്ഥലവും 23-ഓളം കുടുംബങ്ങൾക്കു വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലവും സൗജന്യമായി നൽകുന്ന പദ്ധതി യാഥാർഥ്യമാക്കാനും ദൈവം നമുക്കവസരം നൽകി.

നവംബർ 21നു പാറേൽ മർത്ത്മറിയം വലിയ പള്ളിയുടെ കൂദാശ അഭി. ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിക്കും. നവംബർ 23 നാണു അമലോത്ഭവമാതാ കപ്പേളയുടെ കൂദാശ. ഏറ്റവും താഴത്തെ നിലയിൽ ക്രമീകരിച്ചിരിക്കുന്ന 'എമ്മേ ദ് മിശിഹാ' ഭൂഗർഭ കപ്പേളയുടെ കൂദാശ അഭി. കർദിനാൾ ജോർജ് കൂവക്കാടു പിതാവ് നിർവഹിക്കും. ഡിസംബർ 8നു പുതിയ ദൈവാലയത്തിലെ പ്രഥമതിരുനാൾ ദിനത്തിൽ സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പരി. കുർബാനയർപ്പിക്കും. കൂദാശയോടനുബന്ധിച്ച് നവംബർ 24നു സംഘടിപ്പിക്കുന്ന സാംസ്കാരികസമ്മേളനത്തിൽ വിവിധ മത-സാമുദായിക നേതാക്കൾ ആശംസകൾ നേരാനെത്തും. പാറേൽ ദൈവാലയം വിശാലമായ മാനവസാഹോദര്യത്തിന്റെ വേദി ആയതുകൊണ്ടുതന്നെ വിശ്വാസങ്ങളിൽ വ്യത്യസ്തരായിരിക്കുമ്പോഴും

സാഹോദര്യത്തിൽ ഒന്നിക്കാൻ നമുക്കു കഴിയും എന്നതിന്റെ വിളംബരം കൂടിയാകും ഈ സമ്മേളനം.

ദൈവത്തിന്റെ വിസ്മയകരമായ പരിപാലനയുടെ മുൻപിൽ കൂപ്പുകരങ്ങളോടെ നാം നിൽക്കുന്ന ഈ ദിനങ്ങളിലേക്കു നിങ്ങളെ ഓരോരുത്തരെയും ഞാൻ സ്വാഗതം ചെയ്യുന്നു. ഓരോ കുടുംബത്തിനുമുള്ള ക്ഷണക്കത്ത് നിങ്ങളുടെ കൈകളിൽ എത്തിയിട്ടുണ്ടാവുമെന്ന് ഞാൻ വിശ്വസിക്കുന്നു. ''കർത്താവിന്റെ ആലയത്തിലേക്ക് പോകാമെന്നു അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു'' (സങ്കീ. 122:1) എന്ന സങ്കീർത്തനം ആലപിച്ച് ആഹ്ലാദചിത്തരായി നമുക്കു ഈ ചടങ്ങുകളിൽ പങ്കെടുക്കാം.

പരി. അമലോത്ഭവമാതാവിന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഭരമേൽപിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

✠ **തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

NB: ***2026 നവംബർ 08 ഞായറാഴ്ച*** പരിശുദ്ധ കുർബാന മധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.



I

വി. മൂറോൻ കൂദാശ

ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ **2026 നവംബർ 17 ചൊവ്വാഴ്ച** രാവിലെ ഒമ്പതിനു മൂറോൻ കൂദാശ നടത്തപ്പെടുന്നതാണ്. പ്രസ്തുത തിരുക്കർമത്തിൽ എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

II

വൈദികസമ്മേളനം

ഈ വർഷത്തെ രണ്ടാമത്തെ വൈദികസമ്മേളനം വി. മൂറോൻ കൂദാശയോടുകൂടി **2026 നവംബർ 17 ചൊവ്വാഴ്ച** രാവിലെ ഒമ്പതിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെടുന്നതാണ്. ചങ്ങനാശ്ശേരി അതിരൂപതാവൈദികർ മാത്രമാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്.

III

മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

ഈശോമ്ശിഹായുടെ മനുഷ്യാവതാരം, രക്ഷാകരപദ്ധതി, പീഡാസഹനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന മാർ തെയഡോറിന്റെ കൂദാശക്രമം മംഗളവാർത്തക്കാലം മുതൽ ഓശാനഞായർ വരെയാണു പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്നത്. അതുകൊണ്ടു മംഗളവാർത്തക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

IV

വിവാഹാഘോഷങ്ങൾക്കു മുടക്ക്

കർത്താവീശോമ്ശിഹായുടെ തിരുപ്പിറവിക്കൊരുക്കമായുള്ള ഇരുപത്തിയഞ്ചുനോമ്പുകാലഘട്ടത്തിൽ *(ഡിസംബർ 1 മുതൽ 24 വരെ)* വിവാഹാഘോഷങ്ങൾക്കു മുടക്കമാണെന്നു ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

V

സെമിത്തേരിയും സഭാപരമായ മൃതസംസ്കാരവും

സെമിത്തേരി

694 §1 മരിച്ചവരുടെ ശരീരങ്ങൾ വിശ്വാസത്തോടും ഉയിർത്തെഴുന്നേൽപ്പിന്റെ പ്രത്യാശയോടുംകൂടെ ആദരവോടും കാരുണ്യത്തോടുംകൂടി പരിഗണിക്കപ്പെടണം. മരിച്ചവരെ സംസ്കരിക്കുന്നത് ഒരു കാരുണ്യപ്രവൃത്തിയാണ്; അതു പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ ദൈവമക്കളോടുള്ള ആദരവാണ് (CCC 2300).

§2 വിശ്വാസികളുടെ മൃതദേഹം സംസ്കരിക്കാനുള്ള പൂജ്യമായ സ്ഥലമാണു സെമിത്തേരി.

§3 നിലവിലുള്ള സഭാനിയമങ്ങൾക്കും സിവിൽ നിയമങ്ങൾക്കും അനുസൃതമായി സെമിത്തേരി സ്ഥാപിക്കുന്നതിനായി ഉപയുക്തമായ സ്ഥലം ഇടവകാതിർത്തിക്കുള്ളിലോ അതിനു പുറത്തോ കണ്ടെത്താൻ കഴിയുന്ന പക്ഷം, ഒരു ഇടവക തനിച്ചോ ഒന്നിലേറെ ഇടവകകൾ കൂട്ടായോ സ്ഥലം വാങ്ങി സെമിത്തേരി സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്.

§4 ആശ്രമങ്ങൾക്കും സന്യാസഭവനങ്ങൾക്കും പൊതുനിയമങ്ങൾക്കും സിവിൽ നിയമങ്ങൾക്കും വിധേയമായി, സ്വന്തമായി സെമിത്തേരി സ്ഥാപിക്കാവുന്നതാണ്.

695 §1 സെമിത്തേരി സ്ഥാപിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി അതിരൂപതാധ്യക്ഷന്റെ അനുവാദത്തോടൊപ്പം സിവിൽ അധികാരികളുടെ അനുമതിയും ആവശ്യമാണ്.

§2 സെമിത്തേരി സ്ഥാപിക്കുമ്പോഴും വിപുലപ്പെടുത്തുമ്പോഴും ഭാവിയിലെ ആവശ്യങ്ങൾ, പ്രത്യേകിച്ചു പൊതുജനസൗകര്യം, സുരക്ഷ തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

696 §1 സെമിത്തേരി വെഞ്ചരിക്കുന്നതിന് അതിരൂപതാധ്യക്ഷന്റെ അനുവാദം ആവശ്യമാണ്.

§2 നിലവിലുള്ള സെമിത്തേരിയോടു പുതിയ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനുമുമ്പായി നിയമാനുസൃതമായ അംഗീകാരം സഭാതലത്തിൽ നിന്നും സിവിൽ നിയമപരമായും വാങ്ങേണ്ടതാണ്. സെമിത്തേരിയോടു

കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കപ്പെടുന്ന പുതിയസ്ഥലങ്ങളും ആശീർവദിക്കപ്പെടേണ്ടതാണ്.

697 §1 സെമിത്തേരി വൃത്തിയായും ഭദ്രമായും സംരക്ഷിക്കപ്പെടേണ്ടതും ആവശ്യമായിടത്തു ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കപ്പെടേണ്ടതുമാണ്. സാധിക്കുന്നിടത്തെല്ലാം സെമിത്തേരിയുടെ സുരക്ഷിതത്വത്തിന് CCTV സ്ഥാപിക്കാൻ ശ്രദ്ധിക്കണം.

§2 സെമിത്തേരിയോടുചേർന്നു ചുറ്റുമതിൽ കെട്ടിയ, മേൽക്കൂരയോടുകൂടിയ ഒരു അസ്ഥിക്കുഴി ഉണ്ടായിരിക്കേണ്ടതാണ്. കല്ലറകൾ തുറക്കുമ്പോൾ ലഭിക്കുന്ന അസ്ഥികളും മറ്റു ഭൗതികാവശിഷ്ടങ്ങളും പൂജ്യമായി നിക്ഷേപിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ അവിടെയുണ്ടായിരിക്കണം. അസ്ഥിക്കുഴി ഭദ്രമായി സൂക്ഷിക്കപ്പെടണം.

§3 ഇടവകവികാരിയുടെ അറിവോ അനുവാദമോ കൂടാതെ സെമിത്തേരിയിൽ യാതൊരു പ്രവർത്തനവും നടത്താൻ പാടില്ല.

698 §1 പള്ളിക്കകത്തു മെത്രാപ്പോലീത്തായേയോ മെത്രാനെയോ എക്സാർക്കിനെയോ അല്ലാതെ മറ്റാരെയും സംസ്കരിക്കാൻ പാടില്ല (CCEO c. 874 §3). എന്നാൽ, നിലവിലുള്ള കബറിടങ്ങൾ അതേപടി തുടരുന്നതായിരിക്കും. ഏതെങ്കിലും കാരണത്താൽ നിലവിലുള്ള കബറിടങ്ങൾ മാറ്റണമെങ്കിൽ അതിരൂപതാക്കച്ചേരിയുടെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമാണ്.

699 §1 എല്ലാ ഇടവകപ്പള്ളികളിലും സെമിത്തേരിയുടെ ഒരു പ്രത്യേക സ്ഥാനത്ത് അല്ലെങ്കിൽ പ്രത്യേകകപ്പേളയിൽ അതിരൂപതാവൈദികരെ സംസ്കരിക്കുന്നതിനുവേണ്ട കല്ലറകളും ഇതരസൗകര്യങ്ങളും പള്ളിച്ചെലവിൽ നിർമിക്കേണ്ടതാണ്.

§2 എന്നാൽ, തക്കതായ കാരണങ്ങളുണ്ടെങ്കിൽ മറ്റു വൈദികർക്ക് അതിരൂപതാധ്യക്ഷന്റെ അനുവാദത്തോടെ ഈ ആനുകൂല്യം അനുവദിക്കാവുന്നതാണ്.

§3 മേൽപറഞ്ഞ കല്ലറകൾക്കു കാലപരിധിയുണ്ടായിരിക്കുന്നതല്ല; വൈദികരെ സംസ്കരിച്ച കല്ലറകൾ പിന്നീടു തുറക്കുന്നതല്ല.

700 §1 സെമിത്തേരിയിൽ ഏതുതരത്തിലുള്ള കല്ലറയിലായാലും ഒരു മൃതസംസ്കാരം നടത്തിയ കല്ലറ സാധാരണ ഒരുവർഷമെങ്കിലും പൂർത്തിയായശേഷമേ വീണ്ടും തുറക്കാവൂ.

§2 കല്ലറ തുറക്കുമ്പോൾ കാണുന്ന അസ്ഥികളും മറ്റു ഭൗതികാവശിഷ്ടങ്ങളും, കല്ലറ വീണ്ടും ക്രമീകരിച്ചശേഷം അതിന്റെ അടിത്തട്ടിൽതന്നെ നിക്ഷേപിക്കുകയോ, അതിനായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള അസ്ഥിക്കുഴിയിലോ, ഭൗതികാവശിഷ്ടം സൂക്ഷിക്കുന്ന സ്ഥലത്തോ നിക്ഷേപിക്കുകയും ചെയ്യാവുന്നതാണ്.

സഭാപരമായ മൃതസംസ്കാരം

701 §1 എല്ലാ വിശ്വാസികൾക്കും ജ്ഞാനസ്നാനാർഥികൾക്കും സഭാപരമായ മൃതസംസ്കാരം നൽകേണ്ടതാണ്. മാമോദീസാ നൽകാൻ മാതാപിതാക്കൾ ആഗ്രഹിച്ചിരുന്ന കുട്ടികൾക്കും ഏതെങ്കിലും രീതിയിൽ സഭയോടു ചേർന്നുനിന്നിരുന്നവരും എന്നാൽ മാമോദീസാ സ്വീകരിക്കുന്നതിനു മുമ്പു മരണപ്പെടുകയും ചെയ്ത മറ്റുള്ളവർക്കും പ്രാദേശിക മേലധ്യക്ഷന്റെ വിവേചനാധികാരമുള്ള തീരുമാനപ്രകാരം സഭാപരമായ മൃതസംസ്കാരം നൽകാവുന്നതാണ്.

§2 ക്രൈസ്തവവിശ്വാസികളുടെ പൊതുവായ ഇടർച്ചയ്ക്കു കാരണമാകുന്ന സാഹചര്യത്തിൽ, മരണത്തിനുമുമ്പ് അനുതാപത്തിന്റെ ഏതെങ്കിലും അടയാളം പ്രകടമാക്കാത്ത പരസ്യപാപികൾക്കു സഭാപരമായ മൃതസംസ്കാരം നിഷേധിക്കേണ്ടതാണ് (CCEO c. 877).

§3 മേൽപറഞ്ഞ ആർട്ടിക്കിളിലെ 'പരസ്യപാപികൾ' എന്നതുകൊണ്ടു സഭാകൂട്ടായ്മയിൽനിന്നു പരസ്യമായി വിച്ഛേദിക്കപ്പെട്ടവരെയാണു വിവക്ഷിക്കുന്നത്. അതായത്:

1° കത്തോലിക്കാവിശ്വാസം പരസ്യമായി ത്യജിച്ചവർ;

2° വാർഷിക പെസഹാ ചുമതലകളിൽ ദീർഘകാലമായി വീഴ്ച വരുത്തിയവർ;

3° കത്തോലിക്കാവിവാഹം കൂടാതെ കൂടിത്താമസിക്കുന്നവർ (concubinage);

4° പരസ്യമായി ഇടർച്ചയ്ക്കും ഉതപ്പിനും കാരണമായി ജീവിക്കുന്നവർ;

5° സഭാജീവിതത്തിൽനിന്നു പരസ്യമായി വേർപെട്ടു ജീവിക്കുന്ന, പൊതുവായ അപകീർത്തിക്കു കാരണമാകുന്ന മറ്റു സമാനസാഹചര്യങ്ങളിലുള്ളവർ.

§4 മൃതശരീരം സംസ്കരിക്കുന്നതാണു സഭ അംഗീകരിച്ചിരിക്കുന്ന സാധാരണ മൃതസംസ്കാരരീതി. എന്നാൽ, വിശ്വാസത്തിനും ക്രിസ്തീയ ജീവിതത്തിനും വിരുദ്ധമായ കാരണങ്ങളാലല്ലാതെ, മറ്റേതെങ്കിലും കാരണത്താൽ മൃതദേഹം ദഹിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളവർക്ക്, അതിരൂപതാധ്യക്ഷന്റെ അനുവാദപ്രകാരവും നിഷ്ക്കർഷയനുസരിച്ചും അപ്രകാരം കത്തോലിക്കാമൃതസംസ്കാരം നൽകാവുന്നതാണ്.

§5 ടി സാഹചര്യങ്ങളിൽ, CCEO c. 876 §3 അനുസരിച്ച്, മറ്റു വിശ്വാസികൾക്കിടയിൽ ഉതപ്പിനു കാരണമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മൃതദേഹം ദഹിപ്പിക്കുന്നതിനെക്കാൾ സംസ്കരിക്കുന്നതാണു സഭ കൂടുതൽ ഉചിതമായി കരുതുന്നതെന്ന് അജപാലകരായ പുരോഹിതർ വ്യക്തമായി ബോധ്യപ്പെടുത്തേണ്ടതുമാണ്.

§6 മൃതദേഹം ദഹിപ്പിച്ചശേഷം ഭൗതികാവശിഷ്ടം സംസ്കരിക്കുന്ന കല്ലറകൾ ഒരു വർഷത്തിനു മുമ്പേ ആവശ്യമെങ്കിൽ പിന്നീടു തുറക്കാവുന്നതാണ്.

§7 മരണാനന്തരം സ്വന്തം ശരീരം വൈദ്യശാസ്ത്രഗവേഷണത്തിനോ പഠനത്തിനോവേണ്ടി വിട്ടുകൊടുക്കുന്നതു ക്രിസ്തീയഉപവിയുടെ പ്രവൃത്തിയായി തിരുസഭ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു (CCC 2296). മാനവരാശിയുടെ നന്മയ്ക്കായി ശരീരം ഗവേഷണ വിധേയമാക്കുന്നതു മൃതശരീരത്തോടു കാണിക്കേണ്ട ക്രിസ്തീയ ആദരവിനു വിരുദ്ധമല്ല (CCC 2301). ഗവേഷണത്തിനു വിധേയമാക്കപ്പെടുന്ന മനുഷ്യശരീരം എല്ലായ്പ്പോഴും മ്ശിഹായുടെ ഉയിർപ്പിൽ പങ്കുചേരാൻ വിളിക്കപ്പെട്ട വ്യക്തിയുടെ അന്തസോടെ കൈകാര്യം ചെയ്യപ്പെടേണ്ടതാണ്. ശാസ്ത്രീയനടപടികൾ ശരീരത്തിന്റെ പാവനതയത്തെയോ ക്രിസ്തീയ ആദരവിനെയോ ഇല്ലാതാക്കുന്നില്ല.

§8 ശരീരം ഗവേഷണത്തിനായി കൈമാറ്റം ചെയ്യപ്പെടുന്നതിനാൽ മരണ സമയത്തു മൃതശരീരത്തിന്റെ സാന്നിധ്യം സാധ്യമല്ലാത്ത സാഹചര്യത്തിൽ, മരണാനന്തരം ഉചിതമായ സമയത്തു ഭൗതികശരീരത്തിന്റെ സാന്നിധ്യമില്ലാതെ മൃതസംസ്കാരത്തിന്റെ പ്രാർഥനകൾ നടത്താവുന്നതാണ്.

§9 ഗവേഷണം പൂർത്തിയായ ശേഷമോ അതിനു മുമ്പോ, ശരീരത്തിന്റെ ബാക്കിഭാഗങ്ങൾ, അവ പൂർണശരീരമായാലും ശരീരാവയവങ്ങളായാലും ദഹിപ്പിക്കപ്പെട്ട ഭസ്മമായാലും, ആർട്ടിക്കിൾ 701 §5ൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്കുവിധേയമായി ആദരണീയമായി അടക്കം ചെയ്യപ്പെടേണ്ടതാണ്. ഗവേഷണ സ്ഥാപനം നിശ്ചയിക്കുന്ന കാലാവധിക്കുശേഷം ശരീരഭാഗങ്ങൾ കുടുംബത്തിന് ഏറ്റുവാങ്ങാൻ അവസരം ലഭിച്ചാൽ, തുടർന്നു ക്രിസ്തീയമൃതസംസ്കാരകർമങ്ങളോടെ സംസ്കരിക്കപ്പെടേണ്ടതുമാണ്.

ലളിതമായ മൃതസംസ്കാരം (Simple Burial)

702 §1 സമൂഹത്തിൽ അപകീർത്തിയില്ലാത്തവരും കൗദാശികജീവിതം നയിച്ചവരുമായ വിശ്വാസികൾ ആത്മഹത്യ ചെയ്താൽ, അവർക്കു ലളിതമായ മൃതസംസ്കാരം (simple burial) നൽകാവുന്നതാണ്.

§2 അത്തരം സന്ദർഭങ്ങളിൽ ചരമപ്രസംഗവും പരിശുദ്ധ കുർബാനയും പൂർണമായും ഒഴിവാക്കേണ്ടതാണ്:

§3 വിലാപയാത്രയിൽ ഒരു കുരിശും രണ്ടു മുത്തുക്കുടകളും മാത്രമേ ഉപയോഗിക്കാവൂ.

§4 ഒന്നിൽകൂടുതൽ വൈദികർ ശുശ്രൂഷകളിൽ പങ്കെടുക്കരുത്.

703 §1 സമൂഹത്തിൽ ഉതപ്പിനു കാരണമായി ജീവിക്കുന്നവരും കൗദാശിക ജീവിതം നയിക്കാത്തവരുമായ വ്യക്തികൾ ആത്മഹത്യ ചെയ്താൽ, മുകളിൽ പരാമർശിച്ചിരിക്കുന്ന ലളിതമായ മൃതസംസ്കാരവും നൽകാൻ പാടില്ല.

§2 മേൽപറഞ്ഞ സന്ദർഭത്തിൽ (703 §1) മൃതദേഹം പള്ളിക്കുള്ളിൽ പ്രവേശിപ്പിക്കാൻ പാടില്ല. എന്നിരുന്നാലും, മൃതദേഹം സെമിത്തേരിയിൽ എത്തുന്നതിനുമുമ്പായി ഏതെങ്കിലും സമയത്തു കുഴി വെഞ്ചരിച്ചുകൊടുക്കേണ്ടതാണ്.

§3 മേൽസൂചിപ്പിച്ച പ്രകാരമുള്ളവരെ സംസ്കരിക്കുന്നതിനുമാത്രമായി പ്രത്യേകസ്ഥലം സജ്ജീകരിക്കാൻ പാടുള്ളതല്ല.

704 മാനസികരോഗത്തിനു ചികിത്സയിലായിരുന്നവർ ആത്മഹത്യ ചെയ്താൽ, അവർക്കു പൂർണ്ണമായ സഭാപരമായ മൃതസംസ്കാരം നൽകാവുന്നതാണ്.

705 ഒരു മരണം അപകടമോ ആത്മഹത്യയോ എന്നകാര്യത്തിൽ സംശയമുള്ളപ്പോൾ, സംശയത്തിന്റെ ആനുകൂല്യം പരേതനു നൽകി സഭാപരമായ മൃതസംസ്കാരം നടത്താവുന്നതാണ്.

706 ആത്മഹത്യ ചെയ്തവരുടെയും അപകടത്തിൽപ്പെട്ടു മരണമടഞ്ഞവരുടെയും ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടവരുടെയും മൃതസംസ്കാരത്തിനുമുമ്പു പോസ്റ്റുമോർട്ടം നടത്തിയിട്ടുണ്ടെന്നും മൃതസംസ്കാരം നടത്തുന്നതിനു നിയമതടസമില്ലെന്നും സിവിൽ അധികാരികളുടെ രേഖാമൂലമുള്ള ഉറപ്പു ലഭ്യമാക്കേണ്ടതാണ്.

707 നമ്മുടെ ആരാധനക്രമചൈതന്യമനുസരിച്ചു ദനഹാക്കാലത്തെ അവസാനവെള്ളിയാഴ്ച സകലമരിച്ചവരുടെയും തിരുനാൾ ആചരിക്കേണ്ടതാണ്. ഇടവകയിൽനിന്നു മരണംമൂലം വേർപിരിഞ്ഞ പൂർവികരെ അനുസ്മരിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും ഈ തിരുനാൾ ദിനത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അന്നേദിവസം പള്ളിച്ചെലവിൽ പരിശുദ്ധ കുർബാനയർപ്പിക്കേണ്ടതും ആഘോഷപൂർവം പ്രദക്ഷിണമായി സെമിത്തേരിയിൽ പ്രവേശിച്ചു മരിച്ചവർക്കുവേണ്ടിയുള്ള ധൂപപ്രാർഥന നടത്തേണ്ടതുമാണ് (CCEO c. 875).

രജിസ്റ്ററുകൾ

708 §1 ഇടവകയിൽ മരിക്കുന്ന എല്ലാ വിശ്വാസികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ചരമരജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇടവകാംഗങ്ങളുടെ മരണവിവരങ്ങൾ ബന്ധപ്പെട്ട ബഹു. വികാരിയുടെ ഒപ്പോടുകൂടി ഈ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

§2 മരണവിവരം സിവിൽ അധികാരികളെ അറിയിക്കുന്നതിനുള്ള ഉത്തരവാദിത്വം നിറവേറ്റാൻ ബന്ധപ്പെട്ടവർക്കു ബഹു. വികാരി ആവശ്യമായ മാർഗനിർദേശം നൽകേണ്ടതാണ്.

709 §1 ഒരു ഇടവകയുടെ അതിർത്തിക്കുള്ളിൽ മറ്റൊരു ഇടവകയിലെ അംഗം മരിക്കാനിടയായാൽ, മൃതസംസ്കാരം നടത്തുന്നതിനു തടസമില്ലെന്ന ഉറപ്പു പരേതന്റെ സ്വന്തം വികാരിയിൽനിന്നു മുൻകൂർ ലഭിച്ചതിനുശേഷം മൃതസംസ്കാരം നടത്തിക്കൊടുക്കാവുന്നതാണ്.

§2 മേൽസൂചിപ്പിച്ച മൃതസംസ്കാരത്തിന്റെ വിവരങ്ങൾ ചരമരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർന്നു ബന്ധപ്പെട്ട ഇടവകവികാരിയെ വിവരം അറിയിക്കേണ്ടതുമാണ്.

വിവിധതരത്തിലുള്ള കല്ലറകളും അവയുടെ ഉപയോഗാവകാശവും

710 §1 ഇടവകസെമിത്തേരികളിൽ മൃതസംസ്കാരത്തിനായി സാധാരണഗതിയിൽ താഴെപ്പറയുന്ന തരത്തിലുള്ള കല്ലറകളാണുള്ളത്:

1° കുഴിമാടങ്ങൾ:

മൃതസംസ്കാരാവശ്യത്തിനായി മണ്ണിൽ വെട്ടിയുണ്ടാക്കുന്ന കുഴികളെയാണു കുഴിമാടങ്ങൾ എന്നുപറയുന്നത്. ഇതിൽ മൃതദേഹം മണ്ണുകൊണ്ടുതന്നെ മൂടി സംസ്കരിക്കപ്പെടുന്നു. യാതൊരുവിധ സ്ഥിരനിർമാണപ്രവർത്തനങ്ങളും ഇവയോടനുബന്ധിച്ചു നടത്താൻ പാടില്ല. പള്ളിയോഗത്തിന്റെ തീരുമാനപ്രകാരം കുഴിമാടങ്ങൾ സൗജന്യമായോ നിയമപ്രകാരമുള്ള കുഴിക്കാണം ഈടാക്കിയോ നൽകാവുന്നതാണ്. കഴിവതും കൃത്യമായ നിരയനുസരിച്ച് ഇത്തരം സ്ഥലങ്ങളിൽ മൃതസംസ്കാരങ്ങൾ നടത്താൻ ശ്രദ്ധിക്കണം.

2° സാധാരണ കല്ലറകൾ/പൊതുക്കല്ലറകൾ:

പള്ളിയോഗം നിശ്ചയിക്കുന്ന കുഴിക്കാണം ഈടാക്കി മൃതസംസ്കാരത്തിനായി ഇടവക സ്വന്തം ചെലവിൽ സ്ഥിരസ്വഭാവത്തിൽ പണികഴിപ്പിച്ചിട്ടുള്ള കല്ലറകളെയാണു പൊതുക്കല്ലറകൾ എന്നുവിളിക്കുന്നത്. ഇവയിൽ സംസ്കരിക്കപ്പെടുന്നവരുടെ ബന്ധുക്കൾക്കു കല്ലറയുടെ ഉടമസ്ഥതയോ പ്രത്യേക അവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല. ഇവയുടെ ഉപയോഗം, കാലപരിധി, പുനരുപയോഗം എന്നിവ സംബന്ധിച്ച മുഴുവൻ അധികാരവും ഇടവകയ്ക്കായിരിക്കും. കൃത്യമായ നിരയനുസരിച്ച് ഇത്തരം കല്ലറകളിൽ മൃതസംസ്കാരങ്ങൾ നടത്തണം. മേൽപറഞ്ഞ കാര്യങ്ങളിൽ അതത് ഇടവകയോഗങ്ങൾ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

3° സെല്ലുകൾ അഥവാ വോൾട്ട് കല്ലറകൾ:

സ്ഥലപരിമിതിയോ മറ്റു പ്രായോഗികബുദ്ധിമുട്ടുകളോ ഉള്ള പ്രദേശങ്ങ

ളിൽ, ഭിത്തികളിൽ തട്ടുകളായി ക്രമീകരിച്ച കല്ലറകളെയാണു വോൾട്ട് കല്ലറകൾ എന്നുപറയുന്നത്. ഇപ്രകാരമുള്ള കല്ലറകൾ പൊതുക്കല്ലറയായോ കുടുംബക്കല്ലറയായോ വ്യക്തിക്കല്ലറയായോ നൽകാവുന്നതാണ്. മേൽപറഞ്ഞതുപോലെ, കൃത്യമായ നിര മൃതസംസ്കാരങ്ങളിൽ പാലിക്കാൻ ശ്രദ്ധിക്കണം.

4° കുടുംബക്കല്ലറകൾ:

അതിരൂപതാ നിയമാവലിയിൽ നിർദേശിക്കുന്ന പ്രകാരം കുടുംബാംഗങ്ങളെ സംസ്കരിക്കുന്നതിനായി, പള്ളിയോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് ഉപയോഗാവകാശം ലഭിക്കുന്ന കല്ലറകളെയാണു കുടുംബക്കല്ലറകൾ എന്നുപറയുന്നത്. നിശ്ചിതകാലയളവിൽ ഇത്തരം കല്ലറകൾ നിലനിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമാണപ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്. കഴിവുള്ളിടത്തോളം പൊതുക്കല്ലറകളുടെ 1/3ൽ കൂടാതെയാകണം സെമിത്തേരികളിലെ കുടുംബക്കല്ലറകളുടെ എണ്ണം. മറിച്ച് ഒരു തീരുമാനമെടുക്കേണ്ട സാഹചര്യത്തിൽ അതിരൂപതാക്കച്ചേരിയുടെ അംഗീകാരം തേടേണ്ടതാണ്.

വ്യക്തിക്കല്ലറകൾ

711 §1 ഒരാളുടെ മൃതസംസ്കാരത്തിനുശേഷം സ്ഥിരമായി അടക്കപ്പെടുന്ന കല്ലറകളെയാണ് വ്യക്തിക്കല്ലറകൾ എന്നുപറയുന്നത്.

§2 വ്യക്തിക്കല്ലറകളിൽ ഒരു മൃതസംസ്കാരം നടത്തിയശേഷം, 25 വർഷങ്ങൾക്കുശേഷം, പ്രസ്തുത കല്ലറ വീണ്ടും ഉപയോഗിക്കുന്നതിനുള്ള അവകാശം പള്ളിക്കാര്യത്തിനായിരിക്കും.

§3 വ്യക്തിക്കല്ലറകൾ പൊതുവേ പ്രോത്സാഹിപ്പിക്കപ്പെടേണ്ടവയല്ലാത്തതിനാൽ വളരെ അത്യാവശ്യം വരുന്ന സാഹചര്യത്തിൽ അതിരൂപതാധ്യക്ഷന്റെ അനുവാദത്തോടെ മാത്രം അത്തരം കല്ലറകൾ നൽകാവുന്നതാണ്. മേൽസൂചിപ്പിച്ച തരങ്ങളിലുള്ള കല്ലറകൾ അല്ലാതെ മറ്റൊരു രീതിയിലുമുള്ള കല്ലറകളും അനുവദനീയമല്ല.

കുടുംബക്കല്ലറകൾ

712 §1 ഇടവകാംഗങ്ങളായ വ്യക്തികൾക്കു മാത്രമേ കുടുംബക്കല്ലറകൾ അനുവദിക്കാവൂ.

§2 കുടുംബക്കല്ലറയിൽ സാധാരണയായി അടക്കം ചെയ്യപ്പെടാൻ അവകാശമുള്ളവർ:

1° കല്ലറ സ്വന്തമാക്കുന്ന വ്യക്തി;

2° അദേഹത്തിന്റെ ജീവിതപങ്കാളി;

3° അദേഹത്തിന്റെ മാതാപിതാക്കൾ;

4° ആൺമക്കളും അവരുടെ ഭാര്യമാരും;

5° വിവാഹിതരാകാത്ത പെൺമക്കൾ.

§3 ഇടവകാംഗങ്ങളായ ഏതൊരാൾക്കും കുടുംബക്കല്ലറ എടുക്കാൻ സാധിക്കും. ഒരു കുടുംബത്തിലെ മരുമകൾ കല്ലറ എടുക്കുന്ന സാഹചര്യം ഉണ്ടായാൽ, അവരുടെ ഭർത്താവ്, ഭർത്താവിന്റെ മാതാപിതാക്കൾ, ആൺമക്കൾ, അവരുടെ ഭാര്യമാർ, വിവാഹിതരല്ലാത്ത പെൺമക്കൾ, വിവാഹിതരല്ലാത്ത ഭർതൃസഹോദരിമാർ എന്നിവർക്കാണു കല്ലറ സ്വന്തമാക്കുന്ന വ്യക്തിയെ കൂടാതെ ടി കല്ലറയിൽ അടക്കപ്പെടാൻ അവകാശമുള്ളത്.

§4 കുടുംബക്കല്ലറയ്ക്കായി പ്രത്യേക അപേക്ഷ പള്ളിക്കാര്യത്തിൽ സമർപ്പിക്കേണ്ടതും, അപേക്ഷയിൽ കല്ലറയിൽ അടക്കം ചെയ്യാൻ ഉദ്ദേശിക്കുന്നവരുടെ പേരുകൾ, അനന്തര അവകാശികളുടെ വിവരങ്ങൾ, മറ്റ് അനുബന്ധവിശദാംശങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

§5 കുടുംബക്കല്ലറകളുടെ നിരക്കു നിശ്ചയിക്കുന്നത് അതതു പള്ളികളിലെ യോഗങ്ങളിലായിരിക്കും. എന്നാൽ, അതിരൂപതാക്കച്ചേരിയുടെ അംഗീകാരത്തോടുകൂടി മാത്രമേ നിശ്ചയിച്ച നിരക്കു നടപ്പാക്കാവൂ. പൂർണമായ തുക പള്ളിക്കാര്യത്തിൽ അടച്ചതിനുശേഷം മാത്രമേ കല്ലറയുടെ മേൽ അതെടുത്ത വ്യക്തിക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളൂ. നിവർത്തിയുള്ളിടത്തോളം കുടുംബക്കല്ലറകൾ പള്ളിയിൽനിന്നും പണിയിക്കുകയും, പണിക്ക് ചെലവായ തുക ഉപഭോക്താവിൽനിന്നും ഈടാക്കുകയും ചെയ്യേണ്ടതാണ്.

§6 ഫീസ് പൂർണമായി അടച്ചുകഴിഞ്ഞാൽ, കല്ലറ അനുവദിക്കപ്പെട്ട വ്യക്തിയുടെ പേരിൽ അനുമതിക്കത്തു നൽകേണ്ടതാണ്. അതിൽ അനന്തരാവകാശികളുടെ പേരും വിവരങ്ങളും രേഖപ്പെടുത്തിയിരിക്കണം.

§7 കല്ലറ സ്വന്തമാക്കുന്ന വ്യക്തിയുടെ മാതാപിതാക്കളെ പ്രസ്തുത കല്ലറയിൽ സംസ്കരിക്കേണ്ട സാഹചര്യമില്ലാത്തപക്ഷം, കുടുംബത്തിൽ താമസിക്കുന്ന മൂന്നാം തലമുറയിലെ അവകാശിയായ ആൺമക്കൾക്കും അവരുടെ ഭാര്യമാർക്കും വിവാഹിതരാകാത്ത പെൺമക്കൾക്കും അവിടെ സംസ്കരിക്കപ്പെടാൻ അവകാശമുണ്ടായിരിക്കും. മേൽപറഞ്ഞ നിബന്ധനമരുമകൾ എടുക്കുന്ന കല്ലറയ്ക്കും ബാധകമായിരിക്കും. ഭർതൃമാതാപിതാക്കൾക്ക് ആവശ്യമില്ലാത്തപക്ഷം കുടുംബത്തിൽ താമസിക്കുന്ന മൂന്നാം തലമുറയിലെ അവകാശിയായ ആൺമക്കൾക്കും അവരുടെ ഭാര്യമാർക്കും വിവാഹിതരാകാത്ത പെൺമക്കൾക്കും കല്ലറയിൽ സംസ്കരിക്കപ്പെടാൻ അവകാശമുണ്ടായിരിക്കും.

§8 കല്ലറ സ്വന്തമാക്കുന്നയാൾക്കു പെൺമക്കൾ മാത്രമുള്ള സാഹചര്യത്തിൽ, അയാൾ പ്രത്യേകം നിർദേശിക്കുന്ന മകൾക്കും ഭർത്താവിനും, അവരുടെ ആൺമക്കൾക്കും അവരുടെ ഭാര്യമാർക്കും, വിവാഹിതരാകാത്ത പെൺമക്കൾക്കും പ്രസ്തുത കല്ലറയിൽ സംസ്കരിക്കപ്പെടാൻ അവകാശമുണ്ടായിരിക്കും.

§9 കല്ലറ സ്വന്തമാക്കുന്നയാൾ പ്രത്യേകം നിർദേശിച്ചിട്ടില്ലാത്തപക്ഷം, കുടുംബത്തിൽ ദത്തെടുത്ത മകൾക്കും അവരുടെ കുടുംബത്തിനും മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ കുടുംബക്കല്ലറ ഉപയോഗിക്കാവുന്നതാണ്. ദത്തെടുക്കപ്പെട്ടയാൾക്കു സാധാരണ ഒരു മകനോ മകൾക്കോ ഉള്ള അവകാശം കല്ലറയുടെമേൽ ഉണ്ടായിരിക്കുന്നതാണ്.

§10 കുടുംബക്കല്ലറ വാങ്ങിയ സ്ത്രീ പുനർവിവാഹം ചെയ്യപ്പെടുന്ന പക്ഷം, അവൾ മറ്റൊരു കുടുംബത്തിന്റെ ഭാഗമാകുന്നതിനാൽ, അവൾക്കും പുനർവിവാഹത്തിലെ ജീവിതപങ്കാളിക്കും അവരുടെ പിൻതലമുറക്കാർക്കും പുനർവിവാഹത്തിനു മുമ്പു വാങ്ങിയ കല്ലറയിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ, പുനർവിവാഹത്തിനു ശേഷവും ആ സ്ത്രീ ആദ്യ വിവാഹത്തിലെ വീട്ടിൽതന്നെ താമസിക്കുകയും അതേ ഇടവകാംഗത്വം നിലനിർത്തുകയും ചെയ്യുന്നുവെങ്കിൽ, പ്രത്യേക അനുമതിയോടെ ആ കുടുംബക്കല്ലറ ഉപയോഗിക്കാനുള്ള അവകാശം വീണ്ടും ലഭിക്കുന്നതാണ്.

§11 കുടുംബക്കല്ലറ അവകാശപ്പെടുത്തിയശേഷം, താഴെപ്പറയുന്ന കാലപരിധികളിൽ ഏതാണ് ആദ്യം പൂർത്തിയാകുന്നത് അതുവരെ മാത്രമേ കല്ലറ ഉപയോഗിക്കാവൂ:

1° കുടുംബക്കല്ലറ അവകാശപ്പെടുത്തിയ തീയതി മുതൽ 90 വർഷം;

2° മൂന്നാം തലമുറയിലെ അവസാന അവകാശിയുടെ മൃതസംസ്കാര ശേഷം 40 വർഷം.

§12 മേൽപറഞ്ഞ കാലാവധി പൂർത്തിയായശേഷം പ്രസ്തുത കല്ലറ ഉപയോഗപ്പെടുത്തുന്നതിനുള്ള അവകാശം പള്ളിക്കാര്യത്തിനായിരിക്കും.

§13 മരിച്ചുപോയ വ്യക്തിയുടെ പേരിൽ കുടുംബക്കല്ലറ അനുവദിക്കാൻ പാടില്ല.

§14 നിയമാനുസൃതമായി മറ്റൊരു ഇടവകയിലേക്ക് അംഗത്വം മാറിയ വ്യക്തികൾക്കു മുൻഇടവകയിലെ കുടുംബക്കല്ലറയിൽ സംസ്കരിക്കപ്പെടുന്നതിനുള്ള അവകാശം നഷ്ടമാകുന്നതല്ല. എന്നാൽ 712 §10 ഈ ആർട്ടിക്കിളിന് ബാധകമല്ല.

§15 പുതിയ ഇടവകയിലെ വ്യവസ്ഥകൾക്കു വിധേയമായി, അവിടുത്തെ വികാരിയുടെ അനുവാദത്തോടുകൂടി അത്തരം വ്യക്തികളെ മുൻ ഇടവക

യിലെ കുടുംബക്കല്ലറയിൽ സംസ്കരിക്കാൻ സ്ഥലത്തെ വികാരിക്ക് അനുവദിക്കാവുന്നതാണ്.

§16 ഒരു ഇടവകപ്പള്ളിയുടെ സെമിത്തേരിയിൽ കുടുംബക്കല്ലറ എടുത്തശേഷം നിയമാനുസൃതമായി മറ്റൊരു ഇടവകയിലേക്ക് അംഗത്വം മാറിയ വ്യക്തിക്ക്, അതതു പള്ളിയോഗത്തിന്റെ അംഗീകാരത്തിനുവിധേയമായി, അതേ കുടുംബത്തിലെ മറ്റൊരു വ്യക്തിക്കു പ്രസ്തുത കല്ലറയുടെ ഉപയോഗാവകാശം രേഖാമൂലം സ്ഥിരമായി കൈമാറാവുന്നതാണ്. സ്ഥിരമായ കൈമാറ്റം നടന്നാൽ ആദ്യം കല്ലറ എടുത്തയാളിനു കല്ലറമേലുള്ള എല്ലാ അവകാശങ്ങളും അവസാനിക്കും.

§17 ഒരു കുടുംബക്കല്ലറയുടെ ന്യായമായ അവകാശിയല്ലാത്ത അതേ കുടുംബത്തിലെ മറ്റൊരാളെ അതിൽ സംസ്കരിക്കേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ, കല്ലറ എടുത്തയാളിന്റെയോ നിയമാനുസൃത അവകാശിയുടെയോ രേഖാമൂലമുള്ള സമ്മതത്തോടുകൂടി ബഹു. വികാരിക്ക് അതിന് അനുവാദം നൽകാവുന്നതാണ്. എന്നാൽ, ഈ ആനുകൂല്യം ഒന്നിലധികം വ്യക്തികൾക്കു നൽകാൻ പാടുള്ളതല്ല. ഇപ്രകാരം സംസ്കരിക്കപ്പെടുന്ന വ്യക്തിയുടെ മറ്റ് അവകാശികൾക്ക് ആ കുടുംബക്കല്ലറയിൽ യാതൊരു തുടരവകാശവും ഉണ്ടായിരിക്കുന്നതല്ല.

§18 മറ്റൊരു ഇടവകയിലേക്ക് അംഗത്വം മാറിയ വ്യക്തി വാങ്ങിയതും, എന്നാൽ ഇതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്തതുമായ കുടുംബക്കല്ലറകൾ പള്ളിക്കു തിരികെ ഏറ്റെടുക്കാവുന്നതാണ്. അവകാശിയുടെ സമ്മതത്തോടെയോ, അല്ലെങ്കിൽ ഇടവകയുടെ ആവശ്യകത മുൻനിർത്തി അവകാശിയെ മുൻകൂട്ടി വിവരമറിയിച്ച ശേഷമോ, യുക്തമായ തുക നൽകിവേണം പള്ളി അതു തിരികെവാങ്ങാൻ. ഇങ്ങനെ ഏറ്റെടുക്കുന്ന കല്ലറകൾ മറ്റ് ഇടവകാംഗങ്ങളുടെ ഉപയോഗത്തിനായി നൽകേണ്ടതാണ്.

§19 ഒരേ വ്യക്തിയുടെ പേരിലോ, ഒരേ അവകാശികൾ ഉൾപ്പെടുന്ന കുടുംബത്തിന്റെ പേരിലോ ഒന്നിലധികം കുടുംബക്കല്ലറകൾ അനുവദിക്കുന്നതല്ല.

§20 ഒന്നിൽകൂടുതൽ ആളുകളുടെ മൃതസംസ്കാരം നടത്തിയിട്ടുള്ള സ്ഥലത്തുനിന്നു ഭൗതികാവശിഷ്ടങ്ങളെടുത്തു കുടുംബക്കല്ലറയിലേക്കു മാറ്റേണ്ട സാഹചര്യമുണ്ടാകുമ്പോൾ, ബന്ധപ്പെട്ടവരെ വിവരം അറിയിക്കുകയും തടസ്സമില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തശേഷമേ അപ്രകാരം ചെയ്യാവൂ.

§21 ഇടവകാതിർത്തിയിലുള്ള സന്യാസഭവനങ്ങൾക്ക് ആവശ്യമായിവരുന്നപക്ഷം കല്ലറകൾ അനുവദിക്കേണ്ടതാണ്. അത്തരം സാഹചര്യങ്ങ

ളിൽ സാധാരണനിരക്കിൽനിന്നും ഇളവു ചെയ്യാനുള്ള അധികാരം അതതു യോഗങ്ങൾക്കുണ്ടായിരിക്കും.

§22 ഏതെങ്കിലും ഇടവകയുടെ പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്തു പൊതുയോഗത്തിന്റെ അഭിപ്രായപ്രകാരം അതിരൂപതാക്കച്ചേരിയുടെ അനുവാദത്തോടുകൂടി കുടുംബക്കല്ലറകൾ നിർത്തലാക്കുകയോ, ആവശ്യമെങ്കിൽ ആരംഭിക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ, നിലവിലുള്ള കുടുംബക്കല്ലറകളുടെ അവകാശങ്ങളെ അതു ബാധിക്കുന്നതല്ല.

പൊതുക്കല്ലറകൾ

713 വിശ്വാസികളായ ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിനായി ഉപയോഗിക്കുന്ന സാധാരണ കല്ലറകളെയാണ് പൊതുക്കല്ലറകൾ എന്നു വിളിക്കുന്നത്.

714 §1 കല്ലറകൾ ഏതുതരത്തിലുള്ളവയാണെങ്കിലും ഇടവകസെമിത്തേരിയിലെ എല്ലാ കല്ലറകളുടെയും ഉടമസ്ഥത ഇടവകയ്ക്കായിരിക്കും; കല്ലറകളുടെ ഉപയോഗാവകാശം മാത്രമാണു കല്ലറ എടുത്തവർക്കുള്ളത്.

715 കല്ലറകൾ പള്ളിയിൽനിന്നുതന്നെ പണികഴിപ്പിച്ചശേഷം ആവശ്യക്കാർക്ക് ഉപയോഗത്തിനായി നൽകേണ്ടതാണ്.

716 വിവിധതരം കല്ലറകൾക്കുള്ള ഫീസ് അതതു യോഗങ്ങൾ (പ്രതിനിധിയോഗമുള്ളിടത്തു പ്രതിനിധിയോഗം) നിശ്ചയിക്കേണ്ടതും, അതിരൂപതാക്കച്ചേരിയുടെ അംഗീകാരത്തോടുകൂടി പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

717 ഇടവകയിൽ നിശ്ചയിച്ചിരിക്കുന്ന കുഴിക്കാണനിരക്കു സാധുക്കളെ സംബന്ധിച്ചിടത്തോളം കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ ബഹു. വികാരിക്കു വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

718 കുടുംബക്കല്ലറകളിലെയും പൊതുക്കല്ലറകളിലെയും ആവർത്തിച്ചുള്ള മൃതസംസ്കാരത്തിനുള്ള കുഴിക്കാണം ഒരേ തുകയായിരിക്കണം. അതതു കാലത്തെ പ്രത്യേകസാഹചര്യങ്ങൾ പരിഗണിച്ചു പ്രതിനിധിയോഗം നിരക്കു നിശ്ചയിക്കേണ്ടതും, അതിരൂപതാക്കച്ചേരിയുടെ അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കേണ്ടതുമാണ്

കല്ലറ രജിസ്റ്റർ

719 §1 കുടുംബക്കല്ലറകളുടെയും വ്യക്തിക്കല്ലറകളുടെയും പൊതുക്കല്ലറകളുടെയും വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തുന്നതിനായി പള്ളി ഓഫീസിൽ കല്ലറ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മരണ രജിസ്റ്ററും കല്ലറ രജിസ്റ്ററും രണ്ടായി സൂക്ഷിക്കണം.

§2 കല്ലറ രജിസ്റ്ററിൽ സെമിത്തേരിയുടെ വ്യക്തമായ പ്ലാൻ ഉൾപ്പെടുത്തിയിരിക്കണം. കല്ലറകളുടെ സ്ഥാനം തിട്ടപ്പെടുത്തി നമ്പർ നൽകുകയും ഓരോ നമ്പറിനും ബന്ധപ്പെട്ട വിവരങ്ങൾ ക്രമമായി രേഖപ്പെടുത്താൻ ആവശ്യമായ ഇടം സജ്ജീകരിക്കപ്പെടുകയും വേണം.

§3 ഓരോ കല്ലറയെയും സംബന്ധിച്ചു കുറഞ്ഞത് താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്:

1° കല്ലറ നമ്പർ;

2° കല്ലറയുടെ തരം;

3° കല്ലറയുടെ ഉപയോഗാവകാശമുള്ള വ്യക്തിയുടെ പേര്;

4° അനന്തരാവകാശികളുടെ വിവരങ്ങൾ;

5° സംസ്കരിക്കപ്പെട്ടവരുടെ വിവരങ്ങളും തീയതികളും;

6° ഉപയോഗാവകാശ കൈമാറ്റം, പുതുക്കൽ, അല്ലെങ്കിൽ മറ്റു പ്രത്യേക കുറിപ്പുകൾ.

കല്ലറകളുടെ തിരിച്ചെടുക്കലും പുനഃസ്ഥാപനവും

720 §1 കല്ലറകൾ ഏതുവിധത്തിലുള്ളതായാലും, തക്കതായ കാരണത്താലോ, പൊതുസൗകര്യത്തെപ്രതിയോ ഇടവകയുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയോ അവ തിരികെയേറ്റെടുക്കാൻ അവകാശമുണ്ടായിരിക്കും. അപ്രകാരം ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ടവർക്കു മുൻകൂട്ടി ആവശ്യമായ അറിയിപ്പു നൽകേണ്ടതാണ്.

§2 മേൽപറഞ്ഞ സാഹചര്യങ്ങളിൽ പള്ളിച്ചെലവിൽ പുതിയ കല്ലറകൾ പണികഴിപ്പിക്കുകയും, യാതൊരു അധിക ഫീസും ഈടാക്കാതെ ബന്ധപ്പെട്ടവരുടെ ഉപയോഗത്തിനായി നൽകേണ്ടതുമാണ്.

§3 പഴയ കല്ലറകളിൽ സംസ്കരിക്കപ്പെട്ടവരുടെ ഭൗതികാവശിഷ്ടങ്ങൾ, അതിരൂപതാക്കച്ചേരിയുടെ അനുവാദത്തോടും സിവിൽ നിയമവ്യവസ്ഥകൾ പാലിച്ചും നിശ്ചിതസമയപരിധിക്കുള്ളിൽ പുതിയ കല്ലറകളിലേക്കോ നിശ്ചിത സ്ഥലങ്ങളിലേക്കോ മാറ്റി സ്ഥാപിക്കേണ്ടതാണ്.

കല്ലറകളുടെ സ്ലാബുകളും രേഖപ്പെടുത്തലുകളും

721 §1 കല്ലറകളുടെ മുകളിലിടുന്ന സ്ലാബുകൾ കഴിവതും ഒരേനിരപ്പിൽ ആയിരിക്കുന്നതിനു പള്ളിക്കാര്യത്തിൽനിന്നു പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്.

§2 പൊതുസൗകര്യം കണക്കിലെടുത്തു സ്ലാബിന്മേൽ സ്ഥാപിക്കുന്ന ഹെഡ്സ്റ്റോൺ, കുരിശ് എന്നിവ ഒരേതരത്തിലും, അളവിലുമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

§3 താഴെപ്പറയുന്ന വിവരങ്ങൾ സ്ലാബിന്മേൽ രേഖപ്പെടുത്താവുന്നതാണ്:

1° മരിച്ച വ്യക്തിയുടെ പേര്;

2° വീട്ടുപേര്;

3° ജനന-മരണ തീയതികൾ.

§4 മേൽപറഞ്ഞ വിവരങ്ങൾക്കുപുറമേ മറ്റെന്തെങ്കിലും രേഖപ്പെടുത്തണമെങ്കിൽ, ആവശ്യക്കാർ ഇടവകയോഗത്തിന്റെ അംഗീകാരത്തോടെ മാത്രമേ അപ്രകാരം ചെയ്യാവൂ.

§5 കല്ലറ സ്ലാബിന്മേൽ സ്ഥാപിക്കുന്ന കുരിശിൽ യാതൊരുവിധ എഴുത്തുകളും രേഖപ്പെടുത്താൻ പാടുള്ളതല്ല. കൂടാതെ, ആളുകൾ ചവിട്ടാൻ ഇടയുള്ള സ്ലാബുകളിലോ മറ്റു പ്രതലങ്ങളിലോ കുരിശടയാളം വരയ്ക്കുകയോ തിരുവചന ഭാഗങ്ങൾ ആലേഖനം ചെയ്യുകയോ ചെയ്യരുത്.

VI

Dispensation for Varghese (Limesh) Kossackal

The priests, religious, and faithful are hereby informed that, through a Rescript granted by the Supreme Pontiff, Pope Leo IV (Prot. N. 402/2025) on April 30, 2026, **Limesh Thomas (Varghese Kossackal)**, a priest of the Archeparchy of Changanacherry, hailing from Holy Family Church, Mudiyoorkara, and ordained on December 31, 2016, has been released from all obligations of Holy Orders and clerical celibacy. This Rescript was formally executed on September 23, 2026.

ST. JOSEPH PRIEST PROVIDENT FUND ASSOCIATION

NOTICE OF THE 96TH GENERAL BODY MEETING

Dear Members,

Notice is hereby given that the 96th General Body Meeting of the St. Joseph Priest Provident Fund Association will be conducted as per the following schedule:

Date: Tuesday, 17 November 2026

Time: 12:30 p.m.

Venue: St. Mary's Metropolitan Church, Changanacherry

Fr. Augustine Thyparampil **Fr. Thomas Aryankala**



പാറേൽ

മരിയൻ തീർഥാടനകേന്ദ്രത്തിലെ പള്ളികളുടെ

കൂദാശ

2026 നവംബർ 21-27 **2026 ഡിസംബർ 24**

2026 നവംബർ 21 ശനി

2.00 pm : **പാറേൽ മർത്ത് മറിയം വലിയപള്ളിയുടെ കൂദാശയും പരിശുദ്ധ കുർബാനയും**

കാർമികൻ : **മാർ ജോസഫ് പെരുന്തോട്ടം**

സന്ദേശം **മാർ ജോസഫ് കല്ലറങ്ങാട്ട്**

സഹകാർമികർ : അഭിവന്ദ്യ പിതാക്കന്മാരും അതിരൂപതയിലെ മുഴുവൻ വൈദികരും

2026 നവംബർ 22 ഞായർ

5.00 am : **പരിശുദ്ധ കുർബാന**
റവ. ഫാ. ജോസഫ് മുണ്ടകത്തിൽ

7.00 am : **പരിശുദ്ധ കുർബാനയും കൽക്കുരിശ് വെഞ്ചരിപ്പും**

കാർമികൻ : **കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

സഹകാർമികർ : **വെരി റവ. ഫാ. റ്റോമി കാട്ടാമ്പള്ളി CMI**
വെരി റവ. ഫാ. സന്തോഷ് മാത്തൻകുന്നേൽ CMI
വെരി റവ. ഫാ. ഷാജി കൊച്ചുപുരയിൽ MCBS
വെരി റവ. ഫാ. ജയിംസ് വാഴച്ചിറയ്ക്കൽ OFM Cap.
വെരി റവ. ഫാ. തോമസ് ചെരുവിൽ VC

9.30 am : **പരിശുദ്ധ കുർബാനയും കൊടിമരം വെഞ്ചരിപ്പും**

കാർമികൻ : **മാർ തോമസ് പാടിയത്ത്**

സഹകാർമികർ : അതിരൂപതാ ഡിപ്പാർട്ടുമെന്റ് ഓഫീസുകളിലെ വൈദികർ

യുവജനസംഗമവും മരിയൻ റാലിയും

3.15 pm : ചങ്ങനാശ്ശേരി ചന്തക്കടവിലുള്ള സെന്റ് ജോസഫ് കുരിശുപള്ളിയിൽനിന്ന് അതിരൂപതാ യുവദീപ്തി-SMYMന്റെ നേതൃത്വത്തിൽ യുവജനങ്ങളും മറ്റുള്ളവരും ഒന്നുചേർന്നു പാറേൽ പള്ളിയിലേക്കു മരിയൻ റാലി ആരംഭിക്കുന്നു

5.00 pm : **പരിശുദ്ധ കുർബാന, സന്ദേശം**

കാർമികൻ : **മാർ തോമസ് തറയിൽ**

സഹകാർമികർ : യുവദീപ്തി-SMYM അതിരൂപത ഫൊറോനാ ഡയറക്ടർമാർ
പാലാ, കാഞ്ഞിരപ്പള്ളി, തക്കല രൂപതകളുടെ SMYM ഡയറക്ടർമാർ

6.30 pm : **ക്രിസ്റ്റ്യൻ ബാൻഡ്**
അൽഫോൻസ് ജോസഫ്, സ്റ്റീഫൻ ദേവസി & ടീം

2026 നവംബർ 23 തിങ്കൾ

2.30 pm : **പാറേൽ അമലോത്ഭവമാതാ പള്ളിയുടെ കൂദാശയും പരിശുദ്ധ കുർബാനയും**

കാർമികൻ : **മാർ തോമസ് തറയിൽ**

സന്ദേശം : **മാർ ജോസ് പുളിക്കൽ**

സഹകാർമികർ : **മാർ ജോസഫ് പെരുന്തോട്ടം**
മാർ ജോർജ് രാജേന്ദ്രൻ
വെരി റവ. ഫാ. മാത്യു ചങ്ങങ്കരി
വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ
റവ. ഫാ. ജോസഫ് മുണ്ടകത്തിൽ
റവ. ഫാ. ഫിലിപ്പ് തയ്യിൽ
റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ
റവ. ഫാ. മാർട്ടിൻ കുരിശുങ്കൽ
റവ. ഫാ. വർഗീസ് പുതുവേലിൽ
നിർമാണകാലയളവിൽ പാറേൽ പള്ളിയിൽ ശുശ്രൂഷ ചെയ്ത അസി. വികാരിമാർ

2026 നവംബർ 24 ചൊവ്വ

4.15 pm : **പരിശുദ്ധ കുർബാന**

കാർമികൻ : വെരി റവ. ഫാ. ആന്റണി എത്തക്കാട്

സഹകാർമികർ : റവ. ഫാ. ഗ്രിഗറി നടുവിലേടം
റവ. ഫാ. ജോസ് പൂവത്തുങ്കൽ
റവ. ഫാ. ജേക്കബ് കൂരോത്ത്
റവ. ഫാ. ജോൺ തുണ്ടിയിൽ

6.00 pm : സാംസ്കാരികസമ്മേളനം

മുഖ്യാതിഥി : **ശ്രീ. വി.ഡി. സതീശൻ** (ബഹു. മുഖ്യമന്ത്രി)

2026 നവംബർ 25 ബുധൻ

4.30 pm : **പരിശുദ്ധ കുർബാന, സന്ദേശം**

കാർമികൻ : **മാർ മാത്യു മൂലക്കാട്ട്**

സഹകാർമികർ : പാറേൽ ഇടവകക്കാരായ ബഹുമാനപ്പെട്ട വൈദികർ

6.00 pm : **നിത്യാരാധന കപ്പേളയുടെയും കുമ്പസാരവേദി (ബേസ് ഹൂസായ)കളുടെയും വെഞ്ചരിപ്പ്**

കാർമികൻ : **മാർ ജോർജ് കോച്ചേരി**

6.30 pm : **സ്റ്റേജ് ഷോ "അമ്മയോടൊപ്പം"**
റവ. ഫാ. മാത്യു തുമ്പേച്ചിറയിൽ & റ്റീം

2026 നവംബർ 26 വ്യാഴം

4.30 pm : **പരിശുദ്ധ കുർബാന**

കാർമികൻ : **വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ**

സഹകാർമികർ : ചങ്ങനാശ്ശേരി ഫൊറോനയിലെ ബഹുമാനപ്പെട്ട വൈദികർ

2026 നവംബർ 27 വെള്ളി **അനുസ്മരണദിനം**

4.30 pm : **പരിശുദ്ധ കുർബാനയും തീർഥജലം ലഭ്യമാകുന്ന കിണറിന്റെ വെഞ്ചരിപ്പും**

കാർമികൻ : **വെരി റവ. ഫാ. ജോൺ തെക്കേക്കര**

സന്ദേശം : **വെരി റവ. ഫാ. മാത്യു ചങ്ങങ്കരി**

സഹകാർമികർ : റവ. ഫാ. ജേക്കബ് വാരിക്കാട്ട്
റവ. ഫാ. ജോസഫ് (റ്റെജി) പുതുവീട്ടിൽക്കളം
റവ. ഫാ. മാത്യു മാറാട്ടുകളം

2026 ഡിസം. 08 ചൊവ്വ

4.30 pm : **പരിശുദ്ധ കുർബാന, സന്ദേശം**

കാർമികൻ : **മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**

2026 ഡിസം. 24 വ്യാഴം

2.30 pm : **പാറേൽ എമ്മേ ദമ്ശിഹാ ഭൂഗർഭ കപ്പേളയുടെ (Crypt Church) കൂദാശയും പരിശുദ്ധ കുർബാനയും തിരുശേഷിപ്പുപ്രതിഷ്ഠയും**

കാർമികൻ : **കർദിനാൾ മാർ ജോർജ് കൂവക്കാട്**

സഹകാർമികർ : **മാർ തോമസ് തറയിൽ**
മാർ ജോസഫ് പെരുന്തോട്ടം

ARCHDIOCESE OF CHANGANACHERRY
CARITAS CHANGANACHERRY
FLOOD RELIEF FUND COLLECTION LIST 2026-2027

AMBOORI FORANE	
Amboori, St. George (F)	
Dalummukhm, St. Mary's	
Kutchapuram, St. Joseph's (CMI)	
Mayam, St. Mary's	
Rajagiri, Christuraja	7930
Thekkupara, St. Mary's	3000
Vavode, S H	
Pachakkadu, S H	

ALAPPUZHA FORANE	
Alappuzha, Mar Sleeva (F)	49515
Arattuvazhy, St. Joseph's	15250
Arunoottampadam, S H	
Aryad, LF	
Chathanadu, St. Alphonsa	15274
Kainakary, St. Mary's	6000
Kaithavana, I H	12808
Kuttamangalam, St. Joseph's	
Pallathuruthy, St. Thomas	
Poomthope, St. Francis Assisi	
Punnamada, St. Mary's	
Punnapra, Mar Gregorios	50000
Purakkadu, Mar Sleeva	20000
Puthenangady, St. George	
Thathampally, St. Michael's	

ATHIRAMPUZHAFORANE	
Athirampuzha, St. Mary's Forane	132846
Arumannoor, Mangalavartha	21500
Athirampuzha, Lissieux	
Cheruvandoor, St. Sebastian's	62512
Ettumanoor, Christhuraj	53390
Kattachira, St. Xavier's	15754
Kottackapuram, St. Mathew's	41500
Mannanam, XII Apostle	13687
Mannarkunnu, St. Gregorious	30947
Nalpathimala, St. Thomas	10000
Pallikunnu, St. Thomas	6460
Punnathura, St. Thomas	30000
Thellakom (Pushpagiri), St. Joseph's	
Vettimukal, St. Mary's	25313

CHAMPAKULAM FORANE	
Champakulam, Basilica	
Chennamkary (W), St. Joseph's	12810
Chennamkary (Koolipura), Lourdes Matha	
Kandamkary, St. Joseph's	
Kondakkal, St. Joseph's	9395
Narbonapuram, St. Sebastian's	
Nazareth, St. Jerome's	
Padaharam, St. Joseph's	5450
Ponga, Mar Sleeva	
Pullangady, Hoiy Family	
Thekkekara, St. John's	
Thekkekara, St. Sebastian's	
Thottuvathala, S H	
Vadakkeamichakary, St. Geroge	10000
Vaisyambhagam, St. Antony's	5951

CHANGANACHERRY FORANE	
Changanachery, St. Mary's Metropolitan (F)	50000
Cheeramchira, St. George	45212
Chethipuzha, S H	94880
Kidangara, St. Gregorious	
Kumaramkary, St. Mary's	
Laikkadu, St. Joseph's	15530
Mahendrapuram, St. Sebastian's	
Manackachira, St. Joseph's	
Paral, St. Antony's	2000
Parel, St. Mary's	55307
Perunna East, St. Antony's	13157

Pulimugham (Kidangara), Marth Mariam	1863
Puzhavathu, St. Thomas	
Vazhappally WEST, St. Mary's	10000
Veroor, St. Joseph's	100000
Vettithuruth, St. Antony's	4825
Vazhappally, Gethesemany Asram	

CHENGANNOOR FORANE	
Chengannur, Marth Mariam Forane	
Adoor, Mar Sleeva	5000
Ayroor, Lourdes Matha	
Ezhumattoor, St. Joeph's	
Kallooppara (Puthussery), Lourdes Matha	5340
Mavelikara, St. Alphonsa's	6120
Nedumon, St. Mary's	
Panthalam, Denaha Pally	
Thadiyoor, St. Antony's	

EDATHUVA FORANE	
Edathua, St. George Forane	
Karumady, St. Joseph's	5660
Karuvatta, St. Joseph's	
Kelamangalam, St. Mary's	
Kizhake Mithrakary, Holy Family	
Mithrakary, St. Xavier's	
Koduppunna, St. Joseph's	
Muttar OLD, St. George	
Muttar IC, CMI	
Muttar NEW, St. Thomas	
Niranam, Mar Thoma Sleeha Pilgrim Centre	1500
Pacha Chekkidikadu, Lourdes Matha	33000
Pandy, Fathima Matha	
Puthukary, St. Xavier's	
Thakazhy, Thennady St. Rita's	
Thayankary, St. Antony's	10000
Ambalapuzha (Karumady), St. Mary's	
Changankary, St. Joseph's	
Kariyil, Holy Family	4680
Mariyapuram, Mary Matha	
Pandamkary, Pious Xth	
Koilmukku-Edathuva, St. Joseph's	
Kumarapuram, St. Mary's	
Karumady, St. Nicholas	6000
Thakazhy, Virupala St. Jude's	

KOLLAM-AYOOR FORANE	
Kollam, Thoma Sleeha Pally	
Ayoor, Christ the King	17350
Anakulam, St. Joseph's	
Anchal, Mary Matha	3000
Aryankavu, St. Mary's	20600
Chenkulam, Nithyasahaya Matha	
Cherukadavu, Infant Jesus	500
Cheriyavelinalloor, St. Sebastian's	8861
Edappalayam, St. George	8000
Karavaloor, Nithyasahaya Matha	5200
Kottarakara, Pulamon St. Thomas	7500
Kulathupuzha, St. Sebastian's	2000
Kuttikonam (Makkannor), Christ the King	
Meenkulam, Lourdes Matha	
Narikkallu, St. Mary's	
Pazhayeroor, St. Thomas	
Philgiri, St. Joseph's	12459
Punaloor, S H	5000
Venchempu, St. George	
Pathanapuram, Mar Aprem	3500

KOTTAYAM FORANE	
Kottayam, Louress (F)	130000
Aruvikuzhy, Lourdes Matha	16691
Ayarkunnam, St. Sebastian's	100000
Cheppumpara, Marth Mariam	18500
Eravinalloor, Assumption	
Kaduvakulam (Kollad), LF	14537
Kooroppada, Holy Cross	20327
Pampady, Deiva Matha	8551
Pangada, S H	15933
Puthupally (CMI), St. Antony's (Poomattam)	15150

Thazhathangady, S.H	4800
Vadavathoor, St. Thomas	42129

KUDAMALOOR FORANE	
Kudamaloor, St. Mary's (F)	
Aickarachira, St. George	
Arppookkara-Villoonni, St. Xavier's	24750
Arppookkara, Little Flower	
Cheeppunkal, St. Antony's	10000
Chengalam, St. Sebastian's	
Kiliroor, St. Francis De Sales	2055
Kumarakam-Vadakkumkara, St. Johns	7000
Kumaranalloor, St. Thomas	13300
Kumarakom, Navanazreth	10000
Mannanam (CMI), Church	
Mudiyoorkara, Holy Family	42198
Parampuzha, Bethehem	48000

KURUMPANADAM FORANE	
Kurumpanadam, St. Antony's (F)	242508
Eravuchira, St. Mary's	50200
Kurumpanadam, Assumption	25000
Madappally, LF	25409
Mammoodu, Lourdes Matha	63997
Mannila, Holy Family	25000
Rajamattam, S H	15930
Thottackad, St. George	35000

MANIMALA FORANE	
Manimala, Holy Magi (F)	55000
Chunkappara, L F	9500
Kadainickadu, St. Mary's	10000
Karikkattoor, St. James	12000
Karimpanakulam, SH	18427
Kottangal, St. John The Baptist	1500
Kulathoor, LF	11500
Manimala (NEW), St. Basil's	11600
Nirmalapuram, St. Mary's	9000
Perumkavu, St. Thomas	
Vallamchira, St. Mary's	5000

MUHAMMA FORANE	
Muhamma, St. George	
Charamangalam, Lourdes Matha	8000
Kalavoor, St. Thomas	
S L Puram (Kanjikuzhy), St. Sebastian's	5900
Paduvapuram, St. Antony's	8330
Mannancherry, St. Mary's	

NEDUMKUNNAM FORANE	
Nedumkunnam, St. John The Baptist (F)	60000
Anickad, St. Antony's	
Champakara, St. Joseph's	57000
Koothrappally, St. Mary's	40000
Mallappally, St. Athanasius	17482
Mundathanam, St. Antony's	10000
Nedumanny, Fathima Matha	34780
Panayampala, St. Sebastian's	6000
Pulickakavala, St. Mary's	
Punnaveli, LF	12000
Thazhathuvadakara, Lourdes Matha	20000
Vaipur NEW, St. Joseph's	26870
Vaipur OLD, St. Mary's	12000
Vettickapurayidom, St. Sebastian's	5900

PULINCUNNOO FORANE	
Pulincunnoo, St. Mary's (F)	
Kannady, St. Rita's	8453
Kannady, St. Joseph's	
Kavalam, St Therasa's	
Kavalam, Lisieux	
Kayalpuram, St. Antony's	
Kayalpuram, St. Joseph's	
Mampuzhakary, Lourdes Matha	
Manalady, St. Mary's	
Mithrakary, St. Xavier's	
Moncompu, Pious Xth	
Pallikkuttumma, Fathima Matha	
Punnakunnathusserry, St. Joseph's	
Ramankary, St. Joseph's	

Veliyanadu (S), St. Xavier's	
Veliyanadu (N), St. Joseph's	
Veliyanadu (N), (Kesaria)Church	
Vezhapra, St. Pauls	

THIRUVANANTHAPURAM FORANE	
Thiruvananthapuram, Lourdes F	41300
Kannammoola, St. Mother Teresa	30000
Karyavattam, St. Joseph's	23315
Mannanthala, Ranigiri	20145
Palode (Peringamala), St. Mary's	2500
Peroorkada, Lourdes Hill	29137
Pongummoodu, St. Alphonsa	
Sreekaryam, Emmaus	38953
Thirumala, Holy Family	15000
Thiruvallam, S H	6248
Vattiyoorkavu, SFS	26080
Vithura, All Saints	12000
Vizhinjam, St. Peter's	
Attingal, St. Jude's	3740
Killy	
Nedumangadu, St. Thomas	
Uchakada, (Vizhinjam)	
Vellayani, Little Flower	8276
Kesavadasapuram, Mar Geevarghese Sahada	35750

THRICKODITHANAM FORANE	
Thrickodithanam, St. Xavier's (F)	143783
Chanjod, St. Sebastian's	8000
Fathimapuram, Fathima Matha	15585
Kodinattumkunnu, St. Sebastian's	31218
Kunnamthanam, St. Joseph's	16200

Mundupalam, St. Mary's	26000
Paippadu-Nalukody, St. Thomas	107927
Paippadu, Lourdes Matha	58155
Thiruvalla - Muthoor, St. Antonys	10000

THURUTHY FORANE	
Thuruthy, Marth Mariam (F)	83544
Eara, Lourdes Matha	
Ithithanam, St. Mary's	30000
Kainady, Our Lady of Dolours	8290
Kavalam (N), St. Joseph's	4550
Kurichy-Santhygiri, St. Joseph's	34600
Payattupakka, Holy Family	
Podippara, Holy Family	42296
Vadakkekara, St. Mary's	15000
Yudapuram, St. Jude	9602
Cherukara, St. Mary's	

OTHERS		
Lourdes Matha Sunday School Paippad		5000
George Kutty Kuttiyil		2000
M. J. Nicolas Tottamdam		10000
St. Mary's	(Bank)	33908
S H	"	12460
Shajimon Mathew	"	5000
Lourdes F	"	92305
Kunjumon Thomas	"	5000
Tom Joseph	"	5951
George Thomas	"	15000
Jeevakarunyanidhi	"	62512
Lijo Job	"	5000
TOTAL		**3925873**

ARCHDIOCESE OF CHANGANACHERRY
CARITAS CHANGANACHERRY

FLOOD RELIEF DISTRIBUTION LIST 2026-2027

DATE	NAME OF THE CHURCHES	AMOUNT
24 Aug 2026	Champakulam, St. Mary's Basilica	520,500.00
"	Ramankary, St. Joseph's	78,000.00
"	Aroppkara, Villoonni Little Flower	120,000.00
"	Veliyanad, St. Xavier's	177,000.00
01 Sep 2026	Kayalpuram, St. Joseph's	150,000.00
"	Punnakunnathussery, St. Joseph's	100,000.00
"	Pulincunnoo, St. Mary's (F)	130,000.00
"	Kainady, Our Lady of Dolours	10,000.00
"	Narbonapuram, St. Sebastian's	50,000.00
"	Koolipura, Lourdes Matha	30,000.00
02 Sep 2026	Kannady, St. Rita's	45,000.00
"	Kannady, St. Joseph's	40,000.00
"	Kavalam, Lisiuex	90,000.00
"	Thekkekara, St. John's	200,000.00
"	Kidangara, St. Gregorios	70,000.00
"	Kiliroor, St. Francis De Sales	100,000.00
05 Sep 2026	Veliyanad, St. George	30,000.00
"	Kavalam, St. Joseph's	5,000.00
"	Mithrakaray, St. Xavier's	50,000.00
"	Vaipur, St. Joseph's	12,000.00
"	Thakazhy, St. Rita's	41,000.00
"	Kottayam-Thazhathangady, SH	10,000.00
"	Chengalam, St. Sebastian's	50,000.00
"	Vadakeamichakary, St. George	15,000.00
"	Villoonni, St. Xavier's	100,000.00
"	Pallokoottumma, Fathima Matha	74,000.00

08 Sep 2026	Mahendrapuram, St. Sebastian's	25,000.00
"	Arunoottampadom, SH	75,000.00
"	Manalady, St. Mary's	32,000.00
"	Kumarankary, St. Mary's	68,000.00
"	Pulimugham, Marth Mariam	33,000.00
"	Padaharam, St. Joseph's	54,000.00
"	Chennamkary, St. Joseph's	30,000.00
"	Aickarachira, St. George	100,000.00
"	Thekkekara, St. Sebastian's	40,000.00
"	Athirampuzha, St. Mary's (F)	50,000.00
15 Sep 2026	Payattupakka, Holy Family	20,000.00
"	Kavalam, St. Teresa's	100,000.00
"	Kudamaloor, St. Mary's (F)	50,000.00
"	Kottayam, Lourde's (F)	130,000.00
"	Moncompu, Pius Xth	53,000.00
"	Vezhapra, St. Paul's	50,000.00
"	Kondackal, St. Joseph's	50,000.00
"	Ponga, Mar Sleeva	15,000.00
"	Eara, Lourdes Matha	15,000.00
"	Manakachira, St. Joseph's	30,000.00
"	Eravinalloor, Assumption	5,000.00
"	Thottuvathala, SH	10,000.00
"	Mampuzhakary, Lourdes Matha	100,000.00
"	Parampuzha, Bethlehem	75,000.00
16 Sep 2026	Koduppunna, St. Joseph's	1,00,000.00
"	Muttar Old, St. George	1,40,000.00
26 Oct 2026	Muttar New, St. Thomas	75,000.00
"	Kandamkary, St. Joseph's	50,000.00
"	Kizhakkemithrakary, Holy Family	50,000.00
"	Moncompu, St. Jeromes Nazreth	50,000.00
	TOTAL	**39,72,500.00**

പാസ്റ്ററൽ കൗൺസിൽ

പതിനേഴാമതു പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനസമ്മേളനത്തിന്റെ റിപ്പോർട്ട്

2026 സെപ്റ്റംബർ നാലിനു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ പതിനേഴാമത് പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനസമ്മേളനം നടത്തപ്പെട്ടു. പ്രസ്തുതയോഗത്തിൽ അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ അധ്യക്ഷത വഹിക്കുകയും കോതമംഗലം രൂപതാധ്യക്ഷൻ അഭി. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി.

ലിഷ ഫ്രാൻസിസ് വാഴയിൽ നയിച്ച പ്രാർഥനയോടെ ആരംഭിച്ച ഉദ്ഘാടനസമ്മേളനത്തിന് അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സ്വാഗതമാശംസിച്ചു. ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ കാലത്ത്, 1967ൽ സ്ഥാപിതമായ പാസ്റ്ററൽ കൗൺസിലിന്റെ ചരിത്രവും പതിനേഴാമതു പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കാവശ്യമായ മാർഗനിർദേശങ്ങളും ബഹു. എത്തക്കാട് അച്ചൻ നൽകി.

അതിരൂപതാ ചാൻസലർ വെരി റവ. ഫാ. ജോർജ് പുതുമനമൂഴിയിൽ കൗൺസിൽ അംഗങ്ങളുടെ പേരുകൾ വായിക്കുകയും അഭി. തറയിൽപിതാവിനുവേണ്ടി പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. അവിടെ സന്നിഹിതരായിരുന്ന എല്ലാവരും പ്രതിജ്ഞ ഏറ്റുചൊല്ലി 17-ാമതു പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി ചുമതലയേറ്റു.

ഈ പാസ്റ്ററൽ കൗൺസിലിൽ 70 ശതമാനത്തോളം പുതിയ അംഗങ്ങളാണെന്നുള്ളതു ശ്ലാഘനീയമാണെന്നും സഭയുടെ ചൈതന്യം കാത്തുസൂക്ഷിച്ചുകൊണ്ടു പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവർക്കും സാധിക്കട്ടെയെന്നും അതിരൂപതാ മെത്രാപ്പോലീത്താ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

അഭി. മെത്രാപ്പോലീത്താ പതിനേഴാമതു പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുടെയും ജോയിന്റ് സെക്രട്ടറിമാരുടെയും പേരുകൾ വായിച്ചു. പ്രൊഫ. ഡോ. ജോച്ചൻ ജോസഫ് കൊഴുപ്പക്കളം സെക്രട്ടറിയായും ജോബി പി.സി. പ്രാക്കുഴി, ഡോ. ജിഷമോൾ അലക്സ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും സ്ഥാനമേറ്റെടുത്തു. മൂന്നുപേരെയും അഭി. മെത്രാപ്പോലീത്താ വേദിയിലേക്കു ക്ഷണിച്ചു. മുൻ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ പാസ്റ്ററൽ കൗൺസിലിന്റെ ഫയലുകളും അനുബന്ധരേഖകളും പുതിയ സെക്രട്ടറിക്കു കൈമാറി.

അഭി. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഭദ്രദീപം കൊളുത്തി പതിനേഴാമതു പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. അതിരൂപതാ

പാസ്റ്ററൽ കൗൺസിലും പ്രാർഥനാക്കൂട്ടായ്മകളും മറ്റെല്ലാ സംവിധാനങ്ങളും കേരളത്തിലെ മറ്റു രൂപതകൾക്ക് എന്നും മാതൃകയാണെന്ന് അഭി. മഠത്തിക്കണ്ടത്തിൽ തന്റെ ഉദ്ഘാടനപ്രസംഗത്തിൽ അനുസ്മരിച്ചു.

അഭി. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. സഭയെ കെട്ടുറപ്പോടെ ഐക്യത്തിൽ കൊണ്ടുപോകാൻ പതിനേഴാമതു പാസ്റ്ററൽ കൗൺസിലിനു സാധിക്കണമെന്ന് അഭി. പെരുന്തോട്ടം തന്റെ അനുഗ്രഹപ്രഭാഷണത്തിൽ സദസിനെ ഓർമിപ്പിച്ചു.

ആന്റണി ആറിൽചിറ 'കുട്ടനാടിന്റെ പാരിസ്ഥിതികപ്രശ്നങ്ങളും അവയുടെ പരിഹാരമാർഗങ്ങളും' എന്ന വിഷയത്തിൽ പ്രമേയം അവതരിപ്പിച്ചു. കുട്ടനാടിന്റെ പാരിസ്ഥിതിക പ്രതിസന്ധിക്കു പ്രധാനകാരണം അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കവും വെള്ളക്കെട്ടുമാണ്. ഇതു ശാശ്വതമായി പരിഹരിക്കപ്പെട്ടെങ്കിൽ മാത്രമേ സംസ്കാരസമ്പന്നവും കാർഷിക-വിനോദസഞ്ചാരപ്രാധാന്യമുള്ളതുമായ കുട്ടനാട് നിലനിൽക്കൂ എന്നു യോഗം വിലയിരുത്തി.

പതിനേഴാമതു പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. ഡോ. ജോച്ചൻ ജോസഫ് കൊഴുപ്പക്കളം കൃതജ്ഞതയർപ്പിച്ചു.

അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, സിഞ്ചെള്ളൂസുമാരായ വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ, വെരി റവ. ഫാ. മാത്യു ചങ്ങങ്കരി, ചാൻസലർ വെരി റവ. ഫാ. ജോർജ് പുതുമനമൂഴിയിൽ, പ്രൊക്യൂറേറ്റർ വെരി റവ. ഫാ. ആന്റണി മാളേക്കൽ, വൈസ് ചാൻസലർ ഫാ. ജേക്കബ് പാറയ്ക്കൽ, ഹൗസ് പ്രൊക്യൂറേറ്റർ ഫാ. മാത്യു കാവനാട്ട് എന്നിവർ സമ്മേളനത്തിനു നേതൃത്വം നൽകി. കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. കുര്യൻ മൂലയിൽ പാപ്പാമംഗളം ആലപിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ ശ്ലൈഹികാശീർവാദത്തോടെ സമ്മേളനമവസാനിച്ചു.

ജോബി പി. സി. പ്രാക്കുഴി **പ്രൊഫ. ജോച്ചൻ ജോസഫ് കൊഴുപ്പക്കളം**
ഡോ. ജിഷമോൾ അലക്സ് *(സെക്രട്ടറി)*
(ജോയിന്റ് സെക്രട്ടറിമാർ)

സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായ നസ്രാണികിസ് മത്സര ത്തിന് എല്ലാവരും ഒരുങ്ങുന്നുണ്ടെന്ന് കരുതുന്നു. തിരുസഭയെപ്പറ്റി പഠിക്കാൻ, സഭാത്മക ജീവിതശൈലി സ്വന്തമാക്കാൻ, തിരുസഭയുടെ ആരാധനക്രമ ത്തോടും അനുഷ്ഠാന വിധികളോടും നസ്രാണി പൈതൃകത്തോടും ഹൃദയം ചേർത്തുവെക്കാൻ ഈ ഒരുക്കം നമ്മളെ സഹായിക്കട്ടെ. നമ്മുടെ അതിരൂപത യുടെ മരിയൻ തീർത്ഥാടന കേന്ദ്രമായ പാറേൽ പള്ളിയുടെ കൂദാശയ്ക്കായി അതിരൂപതയാകമാനം ഒരുങ്ങുമ്പോൾ നമുക്കും ഉത്സാഹത്തോടെ അതിൽ പങ്കാളികളാകാം.

ഈശോയിൽ സ്നേഹപൂർവം,

ഫാ. സെബാസ്റ്റ്യൻ മാമ്പറ — **ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ** *(ഡയറക്ടർ)*
ഫാ. ആന്റണി കിഴക്കേതലയ്ക്കൽ *(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

അറിയിപ്പുകൾ

നവംബർ

1 ഞായർ : പള്ളിക്കൂദാശ ഒന്നാം ഞായർ ക്ലാസ്സ് - 22, സഭാസമർപ്പണ തിരു നാൾ, സ്പെരാൻസ - ചമ്പക്കുളം ഫൊറോന

2 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, പെരുന്ന *(വൈകുന്നേരം 6-9)*

3 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, കുമരങ്കരി *(വൈകുന്നേരം 6-9)*

4 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, പറാൽ *(വൈകുന്നേരം 6-9)*

5 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ഹോളി മേരി സൺഡേ സ്കൂൾ, വാഴപ്പള്ളി വെസ്റ്റ് *(വൈകുന്നേരം 6-9)*

7 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 16
എസ്.എം.സി.സി. പ്രതിഭാ അവാർഡ് അതിരൂപതാതല സെലക്ഷൻ പ്ലസ്ടു വിദ്യാർത്ഥികൾക്ക് ക്യാംപ് ആരംഭിക്കുന്നു.

8 ഞായർ : പള്ളിക്കൂദാശ രണ്ടാം ഞായർ ക്ലാസ്സ് - 23, എസ്.എം.സി.സി. പ്രതിഭാ അവാർഡ് ക്യാംപ് സമാപിക്കുന്നു.
റ്റീച്ചേഴ്സ് ഈവ്: മാർത്തോമ്മാശ്ലീഹാ സെന്റർ, നിരണം *(വൈകുന്നേരം 6-9)*

9 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: മർത്ത് മറിയം സൺഡേ സ്കൂൾ, പുലിമുഖം *(വൈകുന്നേരം 6-9)*

10 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, പുഴവാത് (*വൈകുന്നേരം 6-9)*

12 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, മനയ്ക്കച്ചിറ (*വൈകുന്നേരം 6-9)*

13 വെള്ളി : റ്റീച്ചേഴ്സ് ഈവ്: സെന്റ് ഫ്രാൻസിസ് ഡി സാലസ് സൺഡേ സ്കൂൾ, കിളിരൂർ (*വൈകുന്നേരം 6-9)*

14 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 17
ഫൊറോന ധ്യാനം, സെമിനാർ മതാധ്യാപകർക്ക് - തിരുവനന്തപുരം ഫൊറോന, റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, കാവാലം (*വൈകുന്നേരം 3-6)*

15 ഞായർ : പള്ളിക്കൂദാശ മൂന്നാം ഞായർ ക്ലാസ്സ് - 24
സ്പെരാൻസാ - മണിമല ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, അരുവിക്കുഴി (*വൈകുന്നേരം 4-7.30)*

16 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, വെട്ടിത്തുരുത്ത് (*വൈകുന്നേരം 6-9)*

21 ശനി : തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനം
പാറേൽപള്ളി കൂദാശ

22 ഞായർ : പള്ളിക്കൂദാശ നാലാം ഞായർ ക്ലാസ്സ് - 25, മിശിഹായുടെ രാജത്വത്തിരുനാൾ
സ്പെരാൻസാ - എടത്വാ ഫൊറോന

28 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 18
ഫൊറോന ധ്യാനം, സെമിനാർ മതാധ്യാപകർക്ക് - അമ്പൂരി ഫൊറോന

29 ഞായർ : മംഗളവാർത്ത ഒന്നാം ഞായർ ക്ലാസ്സ് - 26
റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ, ചീരഞ്ചിറ (*വൈകുന്നേരം 4.30-8)*

30 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ഗ്രിഗോരിയോസ് സൺഡേ സ്കൂൾ, കിടങ്ങറ (*വൈകുന്നേരം 6-9)*

ഡിസംബർ

മംഗളവാർത്താക്കാലം

1 ചൊവ്വ : ഇരുപത്തഞ്ച് നോമ്പാരംഭം

5 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 19,
ഫൊറോന ധ്യാനം, സെമിനാർ മതാധ്യാപകർക്ക് - കുറുമ്പനാടം ഫൊറോന

6 ഞായർ : മംഗളവാർത്ത രണ്ടാം ഞായർ ക്ലാസ്സ് - 27

റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, പന്തളം

8 ചൊവ്വ : പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ (ഓഫീസ് അവധി)

12 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 20

SMCC പ്രതിഭാ അവാർഡ് അതിരൂപതാതല സെലക്ഷൻ ക്യാംപ്

അതിരൂപതാതല സെലക്ഷൻ ക്യാംപ് സന്ദേശനിലയത്തിൽ നവംബർ 7 ശനിയാഴ്ച രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് 8-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് അവസാനിക്കുന്നതാണ്. രജി. ഫീസ്. 800 രൂപ. ഫൊറോനാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ കൃത്യസമയത്ത് എത്തിച്ചേരുവാൻ വേണ്ട ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

സി.ആർ.റ്റി. സന്ദർശനം

കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീമിന്റെ സൺഡേ സ്കൂൾ സന്ദർശനം ഇപ്പോൾ പുരോഗമിക്കുകയാണ്. ഓരോ വിസിറ്റും പൂർത്തിയാക്കിയശേഷം 2 ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സന്ദേശനിലയത്തിൽ നൽകണം. നവംബർ അവസാനത്തോടെ സന്ദർശനങ്ങൾ പൂർത്തീകരിച്ചതിന്റെ റിപ്പോർട്ടുകളെല്ലാം സന്ദേശനിലയത്തിൽ ഏല്പിക്കണം. അതിനുമുമ്പായി സന്ദർശനങ്ങൾ തീർക്കണം. ഓരോ സൺഡേ സ്കൂളും വിസിറ്റിനോട് പൂർണ്ണമായും സഹകരിക്കുക. വിസിറ്റിനായി നിർദ്ദേശിച്ചിട്ടുള്ള രണ്ടു തീയതികളിൽ ഒന്ന് തിരഞ്ഞെടുത്ത് വിസിറ്റിനായി തയ്യാറാകുക. തീയതികൾ നീട്ടി വയ്ക്കുന്നത് ഒഴിവാക്കുക. സത്യസന്ധതയോടും ആത്മാർത്ഥയോടും കൂടി ഇതിന് വേദിയൊരുക്കുവാൻ സൺഡേ സ്കൂളുകൾ ശ്രദ്ധിക്കണം.

സ്പെരാൻസ ഏകദിനസെമിനാർ

ഹയർകോഴ്സ് കുട്ടികൾക്കുള്ള ഏകദിനസെമിനാർ പകുതിയിലധികം ഫൊറോനകളിൽ വിജയകരമായി പൂർത്തീകരിച്ചു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുവാൻവേണ്ടി ഞായറാഴ്ചകളിൽ സൺഡേ സ്കൂൾ സമയത്താണ് ഇവ നടത്തപ്പെടുക. കരിയർ സാധ്യതകൾ ചൂണ്ടിക്കാട്ടുക, ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ ലഘൂകരിക്കുക, ദിശാബോധം നല്കുക, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ ജാഗ്രത പുലർത്തുക എന്നിവയിലൂന്നിയുള്ളതും പ്രഗത്ഭരായവർ നയിക്കുന്നതുമായ ക്ലാസ്സുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

ആദരാഞ്ജലികൾ

സെന്റ് മേരീസ് കത്തീഡ്രൽ സൺഡേ സ്കൂൾ മുൻ അധ്യാപകൻ ജോസഫ് വർഗീസിന്റെയും കുറുമ്പനാടം അസംപ്ഷൻ സൺഡേ സ്കൂൾ മുൻ അധ്യാപകൻ കെ. റ്റി. ചാക്കോയുടെയും കുമാരനല്ലൂർ സൺഡേ സ്കൂൾ അധ്യാപിക

സി. ലിസി തോമസ് സി.എം.സി.യുടെയും മുഹമ്മ സൺഡേ സ്കൂൾ അധ്യാപകൻ തോമസ് ചാക്കോയുടെ മാതാവിന്റെയും എസ്.എൽ.പുരം സൺഡേ സ്കൂൾ അധ്യാപിക ഏലിയാമ്മ എം.ജെ. യുടെ മാതാവിന്റെയും നാലുകോടി സൺഡേ സ്കൂൾ അധ്യാപിക ശാന്തി മാത്യുവിന്റെ മാതാവിന്റെയും മണ്ണഞ്ചേരി സൺഡേ സ്കൂൾ അധ്യാപിക ലോജി ആന്റണിയുടെ പിതാവിന്റെയും അയർക്കുന്നം സൺഡേ സ്കൂൾ അധ്യാപിക ഓമന മാത്യു മേത്തുരുത്തേലിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

യാത്രയയപ്പ് നല്കി

കഴിഞ്ഞ മൂന്നരവർഷക്കാലം മതബോധന സെക്രട്ടറിയായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ബേർണി ജോൺ കുഴിയടിയിൽ പ്രസ്തുത ചുമതലയിൽ നിന്നും 15.10.2026 ൽ വിരമിച്ചു. സന്ദേശനിലയം കുടുംബത്തിന്റെയും എ.സി.സി.യുടെയും നേതൃത്വത്തിൽ ഹൃദ്യമായ യാത്രയയപ്പ് അദ്ദേഹത്തിന് നല്കി. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയാ കന്യാകോണിൽ സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. പുതിയ മതബോധന സെക്രട്ടറിയായി ഡോ. പി. സി. അനിയൻകുഞ്ഞ് കോട്ടയിൽ ചുമതലയേറ്റു.

അഭിനന്ദനങ്ങൾ

സീറോമലബാർസഭയുടെ വക്താവായി
നിയമിതനായ അതിരൂപതാ പി.ആർ.ഒ.
അഡ്വ. ജോജി ചിറയിലിന്
അതിരൂപതാകുടുംബത്തിന്റെ
അഭിനന്ദനങ്ങൾ



ചെറുപുഷ്പ മിഷൻ ലീഗ്
(CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

മിഷൻ മാസമായി ഒക്ടോബർ മാസം ആചരിച്ചതിന്റെ സന്തോഷവും ചൈതന്യവും നമുക്ക് നഷ്ടമാകാതെ സൂക്ഷിക്കാം. മിഷൻ വോയ്സ് പത്രം എല്ലാ ശാഖകളും തയ്യാറാക്കണം. ബൽത്തങ്ങാടി രൂപതയെ സംബന്ധിക്കുന്ന കാര്യങ്ങളാണ് ഈ വർഷത്തെ മിഷൻ വോയ്സ് പത്രത്തിന്റെ വിഷയം. വിവരങ്ങൾ ശേഖരിക്കാനും അത് നിയതമായ രൂപത്തിൽ പത്രമായി ക്രമീകരിക്കാനും അതിലൂടെ മിഷൻ ചൈതന്യം സ്വന്തമാക്കാനും നമുക്കെല്ലാവർക്കും കഴിയട്ടെ.

ഈശോയിൽ സ്നേഹപൂർവം,

ഫാ. സെബാസ്റ്റ്യൻ മാമ്പറ — **ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ** *(ഡയറക്ടർ)*
ഫാ. ആന്റണി കിഴക്കേതലയ്ക്കൽ *(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

അറിയിപ്പുകൾ

നവംബർ

സുകൃതജപം : ഈശോയേ, അങ്ങയുടെ രാജ്യം വരണമേ.

ദൈവവചനം : പിന്നെ അവൻ മലമുകളിലേയ്ക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു (മർക്കോസ് 3:13)

നിയോഗം : ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർഥിക്കുക.

7 ശനി : കുമ്പസാരക്രമീകരണം

14 ശനി : ബേത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച

21 ശനി : തോമാശ്ലീഹായുടെ ഭാരത പ്രവേശനം, മിഷൻവോയ്സ് പത്രം അതിരൂപതയിൽ ഏൽപ്പിക്കേണ്ട അവസാന തീയതി

22 ഞായർ : മിശിഹായുടെ രാജത്വ തിരുനാൾ, അൾത്താര ബാലന്മാരുടെ മീറ്റിങ് (ശാഖകളിൽ)

30 തിങ്കൾ : വി. അന്ത്രയോസ് ശ്ലീഹാ

പ്രവർത്തനം : അതിരൂപതാ ഭാരവാഹികളുടെ മേഖലാ സന്ദർശനം

2026 ഡിസംബർ

1 ചൊവ്വ : ഇരുപത്തഞ്ച് നോമ്പാരംഭം, ഉണ്ണിയെത്തേടി ആരംഭം

3 വ്യാഴം : വി. ഫ്രാൻസിസ് സേവ്യർ

5 ശനി : ബേത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച

8 ചൊവ്വ : പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ (ഓഫീസ് അവധി)

മിഷൻവോയ്സ് പത്രം

മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ബൽത്തങ്ങാടി മിഷൻ കേന്ദ്രത്തെ സംബന്ധിച്ച് പഠിച്ചും വിവരങ്ങൾ ശേഖരിച്ചും ഈ വർഷം തയ്യാറാക്കുന്ന മിഷൻവോയ്സ് പത്രം അതിരൂപതയിൽ ഏല്പിക്കേണ്ട അവസാന തീയതി നവംബർ 21 ആണെന്ന വിവരം സ്നേഹപൂർവം അറിയിക്കുന്നു. *(കൂടുതൽ വിവരങ്ങൾക്കായി മാർഗരേഖ പേജ് നമ്പർ 33 കാണുക.)*

ഉണ്ണിയെ തേടി

ക്രിസ്തുമസിന് ഒരുക്കമായുള്ള 25 നോമ്പുകാലത്ത് ചുറ്റുമുള്ള രോഗികളും അനാഥരും ദുഃഖം അനുഭവിക്കുന്നവരുമായ കൂട്ടുകാരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം. പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയെ തേടി നമുക്ക് സമൂഹത്തിലേക്ക് ഇറങ്ങാം. മേഖലകളുടെ നേതൃത്വത്തിലോ ശാഖാതലത്തിലോ സമീപത്തുള്ള കുട്ടികളുടെ ആശുപത്രി, അനാഥാലയങ്ങൾ എന്നിവയോ, വൃദ്ധമന്ദിരങ്ങളോ സന്ദർശിച്ച് സമ്മാനങ്ങൾ നൽകുന്ന രീതിയിൽ ഇത് ക്രമീകരിക്കാവുന്നതാണ്. ഡിസംബർ ഒന്നു മുതൽ ഓരോ ദിവസവും ചെയ്യേണ്ട സുകൃതങ്ങൾ അടങ്ങിയ സുകൃതചെപ്പ് അതിരൂപതയിൽ ലഭ്യമാണ്. മേഖലകളും ശാഖകളും ഇതിനോട് സഹകരിക്കുമല്ലോ.

മിഷൻവാരാചരണം

മിഷൻ മാസാചരണത്തിന്റെ ഭാഗമായി ചെയ്ത പ്രവർത്തനങ്ങളുടെ (ഫോട്ടോ സഹിതം) റിപ്പോർട്ട് എഴുതി PDF ആയി 9061850088 എന്ന നമ്പറിലേക്ക് ഒക്ടോബർ 30നു മുമ്പായി അയയ്ക്കേണ്ടതാണ്. (അതിനുശേഷം വരുന്ന റിപ്പോർട്ട് സ്വീകരിക്കുന്നതല്ല).

അയച്ചുതരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ശാഖയുടെ പേര് :

മേഖലയുടെ പേര് :

റിപ്പോർട്ടിനോടൊപ്പം ഇതും ടൈപ്പ് ചെയ്ത് അയയ്ക്കണം (ഇംഗ്ലീഷ്)

അതിനുശേഷം ഒറിജിനൽ റിപ്പോർട്ട് നവംബർ ഒന്നാം തീയതിക്ക് മുമ്പായി നിങ്ങളുടെ മേഖല സമിതിയെ ഏൽപ്പിക്കുക. മേഖല സമിതി അതിൽ നിന്നും മികച്ച രണ്ട് റിപ്പോർട്ട് അതിരൂപത മിഷൻലീഗ് ഓഫീസിൽ നവംബർ 8നു മുമ്പായി ഏൽപ്പിക്കുക.

മിഷൻ ഫണ്ട്

മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനത്തിലൂടെയും ലേലം വിളിയിലൂടെയും കുട്ടികൾ സമാഹരിച്ച മിഷൻഫണ്ട് കഴിയുന്നത്ര നേരത്തെ അതിരൂപത മിഷൻലീഗ് ഓഫീസിൽ ഏൽപ്പിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

പ്രത്യേക ശ്രദ്ധയ്ക്ക്

1. എല്ലാ ശനിയാഴ്ചകളിലും ശാഖകളിൽ ശനിയാഴ്ച സമ്മേളനം നടത്തണം.
2. എല്ലാ ശാഖകളും ഈ വർഷം മിഷൻവോയ്സ് പത്രം തയ്യാറാക്കണം.

ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

നൂറുമേനി സീസൺ IV, ലോഗോസ് ക്വിസ് മത്സരം എന്നിവയോട് നിങ്ങൾ കാണിച്ച സ്നേഹത്തിനും സഹകരണത്തിനും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. നൂറുമേനി പുസ്തകം തയ്യാറായിക്കഴിഞ്ഞു. ഈ വർഷം കൂടുതൽ ആളുകൾ നൂറുമേനി മത്സരത്തിൽ പങ്കെടുക്കുവാനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ. കഴിഞ്ഞ നാല് സീസണുകളിലൂടെ വചനം ഹൃദയത്തിൽ സ്വന്തമാക്കിയവർ നൂറുമേനി പുസ്തകം വാങ്ങി മറ്റുള്ളവർക്ക് നൽകിക്കൊണ്ട് ഈ സുവിശേഷ പഠനപദ്ധതിയിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ വർഷത്തെ പഠന വിഷയം പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും ഹെബ്രായ ലേഖനവുമാണ്. കുട്ടികൾക്ക് മനപ്പാഠ മത്സരത്തിനായി നൽകിയിരിക്കുന്നത് വിശുദ്ധ മത്തായി 5, 6, 7 അധ്യായങ്ങളുമാണ്. നേരത്തെകൂട്ടിതന്നെ പഠനം ആരംഭിക്കാവുന്നതാണ്. ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ 18 പേർ വിവിധ കാറ്റഗറികളിലായി സെമിഫൈനൽ മത്സരത്തിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. ഏവർക്കും വിജയാശംസകൾ നേരുന്നു.

കുടുംബക്കൂട്ടായ്മാ ഫൊറോനാസമിതി ഇലക്ഷൻ ഇതിനോടകം 16 ഫൊറോനകളിൽ നടന്നു കഴിഞ്ഞു. എല്ലായിടത്തും നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ഇതിനായി പ്രവർത്തിച്ച എല്ലാ ബഹു. അച്ചന്മാരെയും കൂട്ടായ്മാ ലീഡേഴ്സിനേയും ഫൊറോനാ ഡയറക്ടറച്ചന്മാരേയും സ്നേഹത്തോടെ ഓർക്കുകയാണ്.

ഫൊറോനാസമിതി രൂപീകരണം പൂർത്തീകരിച്ചു കഴിയുമ്പോൾ ഫൊറോനാ തലത്തിൽ കൂട്ടായ്മാസംഗമം (കെരിഗ്മ) നടത്തപ്പെടും. ഫൊറോനാസമിതി അംഗങ്ങളും കൂട്ടായ്മാലീഡേഴ്സും നിർബന്ധമായും അതിൽ പങ്കെടുക്കേണ്ടതാണ്.

ഈ വർഷം പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിന്റെ വെഞ്ചെരിപ്പിനോടൊപ്പം അഭി. പിതാവ് ഓരോ ഇടവകയിലെയും കൂട്ടായ്മാലീഡേഴ്സിനായി (കൺവീനർ, സെക്രട്ടറി) രണ്ടു സമ്പൂർണ്ണ ബൈബിൾ എല്ലാ കൂട്ടായ്മകളിലും നൽകുന്നതാണ്. ഓരോ ഇടവകയിലും ലീഡേഴ്സിന്റെ എണ്ണമനുസരിച്ച് ബൈബിൾ എത്തിക്കുന്നതാണ്.

നിങ്ങൾ നൽകുന്ന എല്ലാ സഹായസഹകരണങ്ങൾക്കും നന്ദി.

സ്നേഹപൂർവ്വം

ഫാ. കുര്യൻ മൂലയിൽ
(ഡയറക്ടർ)

അറിയിപ്പുകൾ

ഫൊറോന സമിതി രൂപീകരണം

ഫൊറോനാ സമിതികളുടെ രൂപീകരണം ഇതിനോടകം 16 ഫൊറോനകളിൽ പൂർത്തിയായി കഴിഞ്ഞു. നവംബർ ഒന്നിനു കുറുമ്പനാടം, നവംബർ

8നു ചമ്പക്കുളം എന്നി ഫൊറോനകളിൽ നടക്കുന്നതാണ്.

സെൻട്രൽ കമ്മിറ്റി സമ്മേളനം

കുടുംബക്കൂട്ടായ്മ സെൻട്രൽ കമ്മിറ്റി സമ്മേളനം നവംബർ 14 ശനിയാഴ്ച രാവിലെ 10 മണിക്ക് വിദ്യാനികേതൻ ഹാളിൽ നടത്തപ്പെടുന്നു. വിശദ വിവരങ്ങൾ അറിയിക്കുന്നതാണ്.

ലോഗോസ് ക്വിസ് വിജയികൾ 2026

ഗ്രൂപ്പ് എ

ഫസ്റ്റ് മരിയ മാത്യു കുനാനിക്കൽ, സെന്റ് ജോസഫ് ചർച്ച്, വായ്പൂർ ന്യൂ
സെക്കന്റ് ജെറോം മാത്യു ജോബ്, ഫാത്തിമ മാതാ ചർച്ച്, നെടുമണ്ണി
തേർഡ് അഭിനയ മണ്ണൂർ, സെന്റ് മേരീസ് ചർച്ച്, ഡാൽമുഖം

ഗ്രൂപ്പ് ബി

ഫസ്റ്റ് അലോണ നോജി, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ ചർച്ച്, നെടുങ്കുന്നം
സെക്കന്റ് എയ്ഞ്ചൽ മേരി തോമസ്, സെന്റ് മേരീസ് ഫൊറോനാ ചർച്ച്, കുടമാളൂർ
തേർഡ് ജോസഫ് ജോൺ, ലൂർദ് ഫൊറോനാ ചർച്ച്, തിരുവനന്തപുരം

ഗ്രൂപ്പ് സി

ഫസ്റ്റ് വിൻസി അനിൽ, ക്രൈസ്റ്റ് ദി കിംഗ് രാജഗിരി
സെക്കന്റ് സി. ആൻ ലിയ കൊശാക്കൽ എസ്.എച്ച്., എസ്.എച്ച്. ജനറലേറ്റ് മാങ്ങാനം
തേർഡ് റോസ്മോൾ ആന്റോ, 12 ശ്ലീഹന്മാരുടെ പള്ളി, മാന്നാനം

ഗ്രൂപ്പ് ഡി

ഫസ്റ്റ് സോജി ചാക്കോ, സെന്റ് ജോസഫ് ചർച്ച്, വായ്പൂർ ന്യൂ
സെക്കന്റ് സി. സിസി മരിയ എസ്.എ.ബി.എസ്., ലൂർദ് മാതാ ചർച്ച്, മാമ്മൂട്
തേർഡ് നിധി ആന്റൺ, സെന്റ് മേരീസ് മെട്രോപോലീത്തൻ ചർച്ച്, ചങ്ങനാശേരി

ഗ്രൂപ്പ് ഇ

ഫസ്റ്റ് തോമസ്കുട്ടി ജോസ് വള്ളവന്തറ, സെന്റ് ഗ്രിഗോറിയോസ് ചർച്ച്, പുന്നപ്ര
സെക്കന്റ് രേഖാ ജോസ്, സെന്റ് മേരീസ് ഫൊറോനാ ചർച്ച്, അതിരമ്പുഴ
തേർഡ് ഗ്രേയ്സമ്മ ഫിലിപ്പ്, ലൂർദ് മാതാ ചർച്ച്, പായിപ്പാട്

ഗ്രൂപ്പ് എഫ്

ഫസ്റ്റ് വൽസമ്മ സ്കറിയ, സെന്റ് ജോർജ് ചർച്ച്, തോട്ടക്കാട്
സെക്കന്റ് ജെസ്സി ജോസ്, സേക്രഡ് ഹാർട്ട് ചർച്ച്, തിരുവല്ലം
തേർഡ് അന്നമ്മ മാത്യു, മാർ സ്ലീവാ ഫൊറോനാ ചർച്ച്, പഴവങ്ങാടി

ലോഗോസ് ഫാമിലി വിജയികൾ

ഡോ. സിജു തോമസ് ജോൺ, ഡോ. സൗമ്യ ലിംസൺ, ഏഞ്ചൽ മേരി തോമസ്, കുറ്റിക്കാട്ട് മേജർ ആർക്കിഎപ്പിസ്കോപ്പൽ ചർച്ച്, കുടമാളൂർ.

ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

മിശിഹാ തന്റെ മണവാട്ടിയായ സഭയെ അന്തിമവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ അനുസ്മരിക്കുന്ന പള്ളിക്കൂദാശക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗീയ ജറുസലേമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാലഘട്ട മാണിത്.

ദൈവാലയത്തിൽ കുടികൊള്ളുന്ന ദൈവമഹത്വത്തെക്കുറിച്ചും നമ്മുടെ ശരീരമാകുന്ന ദൈവാലയത്തെപ്പറ്റിയും ധ്യാനിക്കുന്ന ഈ കാലഘട്ടത്തിൽ തന്നെയാണ് പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലെ പുതിയ ദൈവാലയ ങ്ങളുടെ കൂദാശ. നവംബർ 21, 23 തീയതികളിലെ ദൈവാലയ കൂദാശയിൽ മാതൃവേദി-പിതൃവേദി അംഗങ്ങൾ, പ്രത്യേകിച്ച് ചങ്ങനാശേരി, തുരുത്തി, കുറു മ്പനാടം, തൃക്കൊടിത്താനം ഫൊറോനാംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

ഫാ. ജോൺ തറക്കുന്നേൽ
(അസ്സിസ്റ്റന്റ് ഡയറക്ടർ)

ഫാ. ജോസഫ് പാറയ്ക്കൽ
(ഡയറക്ടർ)

റിപ്പോർട്ട്

ഒക്ടോബർ 1 ലോകവയോജനദിനമായി ആചരിച്ചു. അതുമായി ബന്ധപ്പെട്ട് ഇടവകകളിൽ സീനിയർ സിറ്റിസൺ ഫോറത്തിന്റെ മീറ്റിങ്ങ് ക്രമീകരിച്ച് സെമിനാറുകളും മറ്റു പ്രോഗ്രാമുകളും സംഘടിപ്പിച്ചു. ഒക്ടോബർ മാസത്തിൽ കുടമാളൂർ, പുളിങ്കുന്ന് ഫൊറോനകളിൽ അതിരൂപത ഭാരവാഹികൾ സന്ദർ ശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.

ഓർമ്മിക്കാൻ

നസ്രാണി ഫാമിലി മീറ്റ് 2026 – ദമ്പതി കൺവെൻഷൻ

ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് മാതൃവേദി- പിതൃ വേദിയുടെ ആഭിമുഖ്യത്തിൽ, കൊല്ലം- ആയൂർ ഫൊറോനയിലെ ദമ്പതികൾ ക്കായുള്ള കൺവെൻഷൻ നവംബർ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ വെഞ്ചെമ്പ് സെന്റ് ജോർജ് പള്ളിയിൽ നടത്തുകയാണ്. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ മുഖ്യപ്രഭാഷണം നടത്തും. വിവാഹത്തിന്റെ ആദ്യ വർഷം മുതൽ 25 വർഷം വരെ പൂർത്തിയാക്കുന്ന ദമ്പതികൾക്കായാണ് ഈ കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്. ഒരുമിച്ചായിരിക്കാനും, പ്രാർഥിക്കാനും, ആത്മാവിൽ ശക്തിപ്പെടാനും, ദമ്പതികൾക്കിടയിലുള്ള സ്നേഹബന്ധം ദൃഢ പ്പെടുത്താനുമുള്ള ഈ അവസരം നഷ്ടപ്പെടുത്തരുതെന്ന് അഭ്യർഥിക്കുന്നു.

സമുദായ ശക്തീകരണ നസ്രാണി ക്വിസ് 2026

സമുദായ ശക്തീകരണവർഷത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന നസ്രാണി ക്വിസിന്റെ ഇടവകതല മത്സരങ്ങൾ നവംബർ 8 ഞായറാഴ്ചയാണ് നിശ്ചയിച്ചിരിക്കുന്നത്. നമ്മുടെ സമുദായത്തെ അറിയാനും സ്നേഹിക്കാനുമുള്ള അവസരമായി കണ്ട് മത്സരത്തിൽ എല്ലാ മാതൃവേദി- പിതൃവേദി അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. സീറോമലബാർസഭ സമുദായ ശക്തീകരണ വർഷത്തിന്റെ കൈപ്പുസ്തകമാണ് പഠനവിഷയം.

ആവാഹൂസ 2026: പിതൃവേദി ജന്മദിനാഘോഷം

പിതൃവേദി ജന്മദിനാഘോഷങ്ങൾ 'ആവാഹൂസ 2K26' എന്ന പേരിൽ നവംബർ 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ സംഘടിപ്പിക്കും. അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലിത്താ മുഖ്യാതിഥിയായി എത്തുന്ന സമ്മേളനത്തിൽ ചങ്ങനാശേരി അതിരൂപതയിലെ എല്ലാ യൂണിറ്റുകളിൽനിന്നും പിതൃവേദി അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

പിതൃവേദി ജന്മദിന സമ്മേളനത്തോടനുബന്ധിച്ച് പിതൃവേദി അംഗങ്ങൾക്കായി ഓൺലൈനായി പിതൃവേദി ആന്തമത്സരം നടത്തുന്നു.

നിബന്ധനകൾ:

1. സമയം 2 മിനിറ്റ് 40 സെക്കന്റിൽ കൂടാൻ പാടില്ല.
2. പാർട്ട്സ്, സെക്കൻഡ്സ്, എന്നിവ ഉപയോഗിച്ചുള്ള ഹാർമണി രീതികൾ പാടില്ല.
3. കരോക്കയോ, സംഗീത ഉപകരണങ്ങളോ ഉപയോഗിക്കാൻ പാടില്ല.
4. പങ്കെടുക്കുന്നവരുടെ എണ്ണം 5ൽ കുറയാനോ, 7ൽ കൂടാനോ പാടില്ല.
5. നിയമാവലിയിൽ നൽകിയിരിക്കുന്ന വരികൾ ആയിരിക്കണം ആലപിക്കേണ്ടത്.

ഒരു യൂണിറ്റിൽനിന്ന് ഒന്ന് എന്ന നിലയിൽ നവംബർ 15നകം എൻട്രികൾ ഫൊറോനാതലത്തിൽ മത്സരം നടത്തി ഏറ്റവും മികച്ച വീഡിയോ നവംബർ 22നുള്ളിൽ അതിരൂപതാസമിതിക്ക് അയച്ചു തരേണ്ടതാണ്. വിശദ വിവരങ്ങൾക്ക് അതിരൂപതാ പിതൃവേദി സെക്രട്ടറി സോജൻ സെബാസ്റ്റ്യനെ (9544619951) ബന്ധപ്പെടാവുന്നതാണ്.

പിതൃവേദി റൂബിജൂബിലി സ്മാരക അവാർഡ്

പിതൃവേദി റൂബിജൂബിലിയുടെ ഓർമ്മയ്ക്കായി പിതൃവേദി ജന്മദിനത്തോടനുബന്ധിച്ച് 4 മേഖലകളിൽ മികവ് തെളിയിക്കുന്നവരെ എല്ലാവർഷവും അതിരൂപതാ പിതൃവേദി ആദരിക്കുന്നു. പിതൃവേദി 43-ാമത് ജന്മദിനത്തോടനുബന്ധിച്ചു നവംബർ 29ന് എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ

നടക്കുന്ന ജന്മദിനസമ്മേളനത്തിൽ 5001 രൂപയും ഫലകവും അടങ്ങുന്ന മൂന്നാമത് പിതൃവേദി റൂബി പുരസ്കാരങ്ങൾ അഭി. ജോസഫ് പെരുന്തോട്ടം പിതാവ് സമ്മാനിക്കും.

മേഖലകൾ

1. **കല, കായികം:** കല/ കായിക രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ചവരോ, വ്യത്യസ്തമായ നേട്ടങ്ങൾ കൈവരിച്ചവരോ ആയിരിക്കണം
2. **ആതുര സേവനം:** ആരോഗ്യരംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നവരോ ഏതെങ്കിലും വ്യത്യസ്തമായ പ്രോജക്ടുകളിൽ പ്രവർത്തിക്കുന്നവരോ ആയിരിക്കണം.
3. **കാർഷികം:** വ്യത്യസ്തമായ കൃഷിരീതി പിൻതുടരുന്നവരോ, കാർഷിക ഉൽപന്നങ്ങളെ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നവരോ, കാർഷിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നവരോ ആയിരിക്കണം.
4. **പൊതുപ്രവർത്തനം:** മികച്ച നിലയിൽ സാമൂഹ്യപ്രവർത്തനമോ, സഭാത്മക സംഘടനാപ്രവർത്തനമോ നടത്തുന്നവരോ, വിവിധ മേഖലകളിൽ മികച്ച നേതൃത്വം നൽകുന്നവരോ ആയിരിക്കണം.

നിബന്ധനകൾ

1. എൻട്രികൾ നവംബർ 15ന് മുമ്പ് ചങ്ങനാശേരി ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ നേരിട്ടോ, തപാലിലോ എത്തിക്കണം.
2. കഴിഞ്ഞ 2 വർഷങ്ങളിൽ അവാർഡ് ലഭിച്ചവർ വീണ്ടും അപേക്ഷ നൽകേണ്ടതില്ല.
3. ചങ്ങനാശ്ശേരി അതിരൂപതയിലെ വിവാഹിതരായ പുരുഷന്മാർക്കാണ് ഈ അവാർഡ്.
4. ഇടവകയിൽ നിന്നും ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം വേണം അവാർഡിനായി എൻട്രി അയയ്ക്കാൻ.
5. മാതൃകാപരമായ പ്രവർത്തനം നടത്തുന്നവരായിരിക്കണം അപേഷിക്കുന്നത്.
6. ലഭിക്കുന്ന എൻട്രികൾ വിശദമായി പരിശോധിച്ച് അവാർഡ് നിർണയിക്കാനുള്ള പൂർണ്ണമായ അധികാരം അവാർഡ് കമ്മറ്റിക്കാണ്. വിശദ വിവരങ്ങൾക്ക് കമ്മിറ്റിയംഗം ജിനോദ് എബ്രാഹമിനെ (9645705899) ബന്ധപ്പെടാവുന്നതാണ്.

മാതൃവേദി–പിതൃവേദി 2027–2028 വർഷങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

മാതൃവേദിയുടെയും പിതൃവേദിയുടെയും ഇപ്പോഴത്തെ ഭരണസമിതിയുടെ കാലാവധി ഡിസംബർ 31 വരെയാണ്. അതിനാൽ പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് ഡിസംബർ മാസത്തിനു മുമ്പെ പൂർത്തീകരിക്കേണ്ടതുണ്ട്. കുടുംബക്കൂട്ടായ്മകളിൽ നിന്നുമുള്ള യൂണിറ്റ് കൗൺസിലംഗങ്ങളുടെ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 18 വരെയുള്ള കാലയളവിൽ

ബഹു. വികാരിയച്ചന്മാർ പൂർത്തിയാക്കിയെന്നു കരുതുന്നു. യൂണിറ്റുതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഒക്ടോബർ 25നും നവംബർ 8നും ഇടയിൽ പൂർത്തിയാക്കണം. ഫൊറോനാതല തെരഞ്ഞെടുപ്പ് നവംബർ 15നും നവംബർ 29നും ഇടയിൽ നടത്തണം. അതിരൂപതാതല തെരഞ്ഞെടുപ്പ് ഡിസംബർ 13 ഞായറാഴ്ച സംഘടിപ്പിക്കും. വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന തെരഞ്ഞെടുപ്പ് വിജ്ഞാപനം എല്ലാ യൂണിറ്റിലും എത്തിച്ചിട്ടുണ്ട്. യൂണിറ്റ് കൗൺസിലർമാരായി ത്രിതല പഞ്ചായത്ത് പ്രതിനിധികളെ തിരഞ്ഞെടുക്കരുതെന്ന് ഓർമിപ്പിക്കുന്നു.

വാർഷിക റിപ്പോർട്ട് സമർപ്പണം

2026 പ്രവർത്തന വർഷത്തെ റിപ്പോർട്ട് ഫൊറോനകൾ നവംബർ 25നു മുൻപ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. യൂണിറ്റുകൾ തങ്ങളുടെ റിപ്പോർട്ടുകൾ നവംബർ 20നു മുമ്പ് ഫൊറോനാസമിതിയെ ഏൽപ്പിക്കേണ്ടതാണ്. അതിരൂപതാകേന്ദ്രത്തിൽനിന്നും നൽകിയിരിക്കുന്ന ഫോർമാറ്റനുസരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. 2025ലെ പ്രവർത്തനവർഷ റിപ്പോർട്ടുകൂടി പരിഗണിച്ചായിരിക്കും ബെസ്റ്റ്/ സെക്കന്റ് ബെസ്റ്റ്/ മോഡൽ യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നത്.

കുടുംബജ്യോതി ചലഞ്ച്

അഭി. തോമസ് തറയിൽ പിതാവ് ഒക്ടോബർ-നവംബർ മാസങ്ങളെ കുടുംബജ്യോതി ചലഞ്ച് മാസങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് കുടുംബജ്യോതിയുടെ സബ്സ്ക്രിപ്ഷൻ വർധിപ്പിക്കുവാൻ എല്ലാ ബഹു. വികാരിയച്ചന്മാരോടും, സിസ്റ്റേഴ്സിനോടും അൽമായ സഹോദരങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സെപ്റ്റംബർ മാസം മുതൽ കുടുംബജ്യോതി കാലോചിതമായ മാറ്റങ്ങൾ വരുത്തി ഫുൾ കളറായിട്ടാണ് ഇറക്കുന്നത്. ദാമ്പത്യജീവിതം, പേരന്റിങ്ങ്, സാമൂഹിക പ്രശ്നങ്ങൾ, പുതുട്രെന്റുകൾ തുടങ്ങി കുടുംബത്തിനാവശ്യമായതൊക്കെ മാസികയിൽ നമ്മൾ ഉൾപ്പെടുത്തുന്നുണ്ട്. അതിനാൽ ബഹു. ഭാരവാഹികൾ നവംബർ മാസത്തിൽ ഈ കാര്യം ലഭ്യമായ എല്ലാ വേദികളിലും പ്രത്യേകിച്ച് മാതൃവേദി-പിതൃവേദി മീറ്റിങ്ങുകളിലും, അതുപോലെ കുടുംബക്കൂട്ടായ്മ ചർച്ചകളിലും ഉൾപ്പെടുത്തി കൂടുതൽ ആളുകളെ കുടുംബജ്യോതിയുടെ വരിക്കാരാക്കണമെന്ന് അഭ്യർഥിക്കുന്നു. 2026 ഡിസംബർ മാസത്തിലെങ്കിലും 2027 ജനുവരി മാസം മുതലുള്ള വരിക്കാരുടെ ലിസ്റ്റ് നൽകുമല്ലോ.

പടിഞ്ഞാറൻ പാറേൽ മരിയൻ തീർഥാടനം

ചമ്പക്കുളം ബസിലിക്കാ പള്ളിയിൽനിന്നും പാറേൽ പള്ളിയിലേയ്ക്ക് നടത്തുന്ന പടിഞ്ഞാറൻ പാറേൽ മരിയൻ തീർഥാടനം ഈ വർഷം ഡിസംബർ 12 ശനിയാഴ്ചയാണ് സംഘടിപ്പിക്കുന്നത്. കഴിഞ്ഞവർഷം നിങ്ങളുടെയെല്ലാം സഹകരണത്തോടെ തീർഥാടനം ഭംഗിയായി ക്രമീകരിക്കാൻ നമുക്കു സാധിച്ചു. പ്രായഭേദമന്യേ ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന്, ആലപ്പുഴ, മുഹമ്മ ഫൊറോനകളിലെ അംഗങ്ങളാണ് ഈ തീർഥാടനത്തിൽ പങ്കെടുക്കുന്നത്. ഓരോ

തീർഥാടനവും ജീവിതനവീകരണത്തിനു നമ്മെ സഹായിക്കണം. നന്നായി പ്രാർത്ഥിച്ചൊരുങ്ങി വ്യക്തമായ നിയോഗത്തോടെ ഈ തീർഥാടനം നമുക്കു നടത്താം.

വിവാഹഒരുക്ക സെമിനാർ

മാസം	തീയതി	സ്ഥലം
നവംബർ	02, 03, 04	കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം
	14, 15, 16	
ഡിസംബർ	12, 13, 14	
	21, 22, 23	
	29, 30, 31	

വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)
വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ

നിത്യതയിലേക്ക്



സി. ട്രീസാ ബീന
മാടപ്പാട്ട് കല്ലുപുരയിൽ CMC



സി. ലിസി തോമസ്
ചെറുചിലമ്പിൽ CMC



സി. ലിയ
പുതുപ്പള്ളിമറ്റം CMC



സി. ബെനെഡിക്റ്റ
തുണ്ടത്തിൽ MLF



സി. മേരി ക്ലെയർ
കുന്നുംപുറത്ത് MLF

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." *(2 തിമോ. 4:7)*

യുവദീപ്തി – എസ്.എം.വൈ.എം.

സെന്റ് കാർലോ ഫെസ്റ്റ്

വിശുദ്ധ കാർലോ അക്യൂറ്റിസിന്റെ തിരുനാളിനോടനുബന്ധിച്ച് യുവദീപ്തി-എസ്.എം.വൈ.എം., മീഡിയ വില്ലേജ് എന്നിവയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 10 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഞായറാഴ്ച രാവിലെ 9 മണിവരെ മീഡിയ വില്ലേജിൽവച്ച് സെന്റ് കാർലോ ഫെസ്റ്റ് നടത്തപ്പെട്ടു. മാർ ജോസഫ് പെരുന്തോട്ടം സന്ദേശം നൽകി. വിശുദ്ധ കാർലോ അക്യൂറ്റിസിന്റെ തിരുശേഷിപ്പ് പൊതുവണക്കത്തിനായി മീഡിയ വില്ലേജിലെ സെന്ററൽ ഹാളിൽ പ്രതിഷ്ഠിച്ചു. ഫാ. സാവിയോ മാനാട്ട്, ഫാ. ജോഫി പുതുപ്പറമ്പിൽ, ഫാ. ലിപിൻ തുണ്ടുകളം, ഫാ. ജിന്റോ മുരിയൻകരി എന്നിവർ സഹകാർമികരായിരുന്നു. പരിശുദ്ധ കുർബാന, ആരാധന, ജപമാല നിർമ്മാണം, മ്യൂസിക് മിനിസ്ട്രി, കാർലോ ടോക്ക്, സമുദായ കലാവതരണങ്ങൾ, വെർച്വൽ റിയാലിറ്റി ഷോ, കുമ്പസാരം, സിനിമാ തിയറ്റർ അനുഭവം, ബ്ലഡ് ഡൊണേഷൻ, നൈറ്റ് വിജിൽ തുടങ്ങി വ്യത്യസ്തങ്ങളായ ആത്മീയാനുഭവങ്ങൾ മീഡിയ വില്ലേജിൽ ഉണ്ടായിരുന്നു. രണ്ടാംദിവസം രാവിലെ ഏഴിന് അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട്ട് പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

ഉണർവ് സീസൺ 4

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലുമായി സഹകരിച്ചുകൊണ്ട് ഒക്ടോബർ 25ന് ഞായറാഴ്ച ചെത്തിപ്പുഴ നഴ്സിംഗ് കോളേജിന്റെ ഓഡിറ്റോറിയത്തിൽ ഉണർവ് സീസൺ 4 (ലഹരി വിരുദ്ധ പ്രോഗ്രാം) നടത്തി. അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ അദ്ധ്യക്ഷനായിരുന്നു. അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, ചെത്തിപ്പുഴ ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് എന്നിവർ പ്രസംഗിച്ചു. തുടർന്ന് ക്ലാസ് നടന്നു. ഇതോടനുബന്ധിച്ച് അതിരൂപതാ മത്സരങ്ങളിൽ വിജയികളായവർക്കും YTP പാസ്സായവർക്കും ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

ഉത്സവ് '26

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അവതരണ മത്സരങ്ങൾ നവംബർ 14 ശനിയാഴ്ച രാവിലെ 9 മണിമുതൽ ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിൽ നടത്തും.

പ്രസംഗം A & B (മലയാളം),ലളിതഗാനം (A&B), സംഘഗാനം, ഡിബേറ്റ്, മോണോ ആക്ട് (A&B), മിമിക്രി (A&B), മാർഗംകളി (B), മൈം, യുവദീപ്തി ആന്തം, ഫോട്ടോഗ്രഫി (A&B), പരിചമുട്ടുകളി, തെരുവുനാടകം എന്നിവയാണ് അവതരണ മത്സര ഇനങ്ങൾ.

യുവജന ദിനാചരണം 2026 'നസ്രേ' (യുവജന സംഗമവും, മരിയൻ റാലിയും)

ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ നവംബർ 22നു യുവജനദിനം ആഘോഷിക്കുന്നു. പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിന്റെ കൂദാശായ്ക്കുശേഷം അടുത്തദിവസം, നവംബർ 22നു ഞായറാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് ചങ്ങനാശ്ശേരി ചന്തയിലെ സെന്റ് ജോസഫ് കുരിശുപള്ളിയിൽ നിന്നും ജപമാല റാലി ആരംഭിക്കുന്നു. യുവജനങ്ങളും മുതിർന്നവരും സൺഡേ സ്കൂൾ അദ്ധ്യാപകരും ജപമാല കൈകളിലേന്തി വേണം റാലിയിൽ പങ്കെടുക്കുവാൻ. ജപമാല റാലി പാറേൽ പള്ളിയിൽ എത്തികഴിയുമ്പോൾ 5 മണിക്ക് അഭി. മാർ തോമസ് തറയിൽ പിതാവ് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകും.

യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപത-ഫൊറോനാ ഡയറക്ടർമാർ സഹകാർമ്മികരായിരിക്കും. 6.30 ഓടുകൂടി അൽഫോൻസ് ജോസഫ്, സ്റ്റീഫൻ ദേവസി ടീം നയിക്കുന്ന ക്രിസ്റ്റ്യൻ ബാൻഡ്.

നവംബർ മാസത്തെ പരിപാടികൾ

നവംബർ 1 : ആലപ്പുഴ, മുഹമ്മ ഫൊറോനകൾ സന്ദർശനം.

നവംബർ 2 – 7 : യൂണിറ്റ് സന്ദർശനം

നവംബർ 8 : ഫൊറോനാ സന്ദർശനം

നവംബർ 9– 13 : യൂണിറ്റ് സന്ദർശനം

നവംബർ 14 : അവതരണ മത്സരങ്ങൾ, എസ്.ബി. ഹൈസ്കൂൾ ''ഉത്സവ് 26''

നവംബർ 15 : ഫൊറോനാ സന്ദർശനം

നവംബർ 16– 21 : യൂണിറ്റ് സന്ദർശനം

നവംബർ 22 : യുവജനദിനം 'നസ്രേ' – ജപമാലറാലി, മ്യൂസിക് ബാൻഡ്

3.00 p.m. : ജപമാലറാലി ചന്തക്കടവിലെ കുരിശുപള്ളിയിൽ നിന്നും പാറേൽ പള്ളിയിലേക്ക്. (യുവജനസംഗമം)

5.00 p.m. : പരിശുദ്ധ കുർബാന മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത

6.30 p.m. : ക്രിസ്റ്റ്യൻ മ്യൂസിക് ബാൻഡ്

അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ
(പ്രസിഡന്റ്)

ഫാ. സാവിയോ മാനാട്ട്
(ഡയറക്ടർ)

കാനാ–ദേശീയ കുടുംബ നവീകരണ കേന്ദ്രം
(NATIONAL CENTRE FOR FAMILY LIFE PROMOTION)

ചങ്ങനാശ്ശേരി അതിരൂപതയിൽ സ്ഥാപിതമായിരിക്കുന്ന 'CANA National Centre for Life Promotion' എന്ന സ്ഥാപനത്തിനും അതിന്റെ പ്രവർത്തനങ്ങൾക്കും നിങ്ങൾ നൽകിവരുന്ന സഹകരണത്തിനും പ്രത്യേകം നന്ദിപറയുന്നു.

റോമിലെ ജോൺപോൾ സെക്കൻഡ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഓൺ മാര്യേജ് ആന്റ് ഫാമിലിയുടെ ഇൻഡ്യൻ സെഷൻ കാനായിൽ പ്രവർത്തിച്ചുവരുന്നു. അതിന്റെ ആഭിമുഖ്യത്തിൽ ദ്വിവത്സര ലൈസൻഷ്യേറ്റ് കോഴ്സും ഷട്മാസ ഫാമിലി കൗൺസിലിംഗ് കോഴ്സും പതിവായി കാനായിൽ നടത്തുന്നു. കുടുംബപ്രശ്നങ്ങൾ കൗൺസിലിംഗിലൂടെ പരിഹരിക്കാൻ ധാരാളം ദമ്പതികൾ ജാതിമതഭേദമെന്യേ കാനായിൽ എത്തിച്ചേരുന്നുണ്ട്. ദമ്പതികൾക്കു മാത്രമല്ല, കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും കാനായിൽ കൗൺസിലിംഗിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കുടുംബനവീകരണം ലക്ഷ്യംവച്ച് രണ്ടു പുതിയ പ്രോഗ്രാമുകൾ കാനായിൽ ആരംഭിച്ചിട്ടുണ്ട്. അവയ്ക്ക് എല്ലാവരുടേയും സഹകരണം തേടുന്നു.

കപ്പിൾസ് റിട്രീറ്റ്

രണ്ടുമാസത്തിലൊരിക്കലാണ് കപ്പിൾസ് റിട്രീറ്റ് ക്രമീകരിച്ചിരിക്കുന്നത്. മൂന്നാമത് കപ്പിൾസ് റിട്രീറ്റ് 2026 ഡിസംബർ 10, 11, 12, 13 (വ്യാഴം, വെള്ളി, ശനി, ഞായർ) എന്നീ തീയതികളിൽ കാനായിൽ നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്ന റിട്രീറ്റ് ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നു. കാനായിൽ താമസിച്ചാണ് ധ്യാനത്തിൽ സംബന്ധിക്കേണ്ടത്. ഭാര്യയും ഭർത്താവും ഒന്നിച്ച് ധ്യാനത്തിൽ പങ്കെടുക്കുന്നു. ഫാ. തോമസ് വള്ളിയാനിപ്പുറത്തിന്റെ നേതൃത്വത്തിലുള്ള കാനാ ടീം ധ്യാനം നയിക്കുന്നു. വചനപ്രഘോഷണം, ദമ്പതീ കൗൺസിലിങ്, ഫാമിലി പ്ലാനിങ്, ഗ്രൂപ്പ് തെറപ്പി, വിവാഹ–കുടുംബ ദൈവശാസ്ത്രത്തെക്കുറിച്ച് ബൈബിളിന്റേയും തിരുസഭാ പ്രബോധനങ്ങളുടേയും അടിസ്ഥാനത്തിലുള്ള ചർച്ചാ ക്ലാസ്, പരിശുദ്ധ കുർബാന, കുമ്പസാരം, യാമപ്രാർഥന, ആന്തരിക സൗഖ്യ, ബന്ധനവിമുക്തി, പരിശുദ്ധാത്മാഭിഷേക ശുശ്രൂഷകൾ മുതലായവ ഈ റിട്രീറ്റിന്റെ പ്രത്യേകതകളാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 1500 രൂപാ. മുൻകൂട്ടി കാനായിൽ പേരുകൾ രജിസ്റ്റർ ചെയ്യുക.

ഓയിക്കോസ് ലീഡർഷിപ്പ് ട്രെയിനിങ് ഫോർ കപ്പിൾസ് (ഓ.എൽ.റ്റി.സി.)

ദമ്പതികൾക്കിടയിൽ ക്രിസ്തീയ ചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് കുടുംബനവീകരണത്തിനായി പ്രയത്നിക്കുന്ന പ്രേഷിതസംഘമാണ് ഓയിക്കോസ്. 'ഓയിക്കോസ്' എന്ന ബിബ്ളിക്കൽ ഗ്രീക്കു പദത്തിന്റെ അർത്ഥം ഭവനം അഥവാ കുടുംബം എന്നാകുന്നു. ഈ പ്രേഷിത ശുശ്രൂഷയ്ക്ക് ദമ്പതികൾക്കു നൽകുന്ന ഒരു വർഷത്തെ പരിശീലന കോഴ്സാണ് ഓയിക്കോസ് ലീഡർഷിപ്പ് ട്രെയിനിങ് ഫോർ കപ്പിൾസ് (ഓ.എൽ.റ്റി.സി.).

ഇതിന്റെ രണ്ടാം ബാച്ച് 2027 മാർച്ച് 7-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നു.

പ്രത്യേകതകൾ

- ⇨ ഒരുവർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണിത്.
- ⇨ 2027 മാർച്ച് 7 ആദ്യ ഞായറാഴ്ച ആരംഭിച്ച് 2028 മാർച്ച് 3-ാം ഞായറാഴ്ച സമാപിക്കുന്നു.
- ⇨ ഓരോ മാസത്തിലേയും ആദ്യത്തേയും മൂന്നാമത്തേയും ഞായറാഴ്ച ഉച്ച കഴിഞ്ഞ് 3 മണിമുതൽ 5 മണിവരെയാണ് ക്ലാസുകൾ. തുടർന്ന് പരിശുദ്ധ കുർബാനയുടെ ആരാധനയും കൂട്ടായ്മാ വിരുന്നും.
- ⇨ ഭാര്യയും ഭർത്താവും ഒന്നിച്ചാണ് ഇതിൽ സംബന്ധിക്കേണ്ടത്. എന്നാൽ പ്രത്യേക കാരണത്താലോ അസൗകര്യങ്ങളാലോ ഒരാൾക്ക് മാത്രമായും സംബന്ധിക്കാം. വിധവകൾക്കും വിഭാര്യർക്കും ഇതിൽ പങ്കെടുക്കാം.
- ⇨ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാനാ സെന്ററിൽനിന്ന് സർട്ടിഫിക്കറ്റ് നൽകും.

പഠനവിഷയങ്ങൾ

കുടുംബം-ബൈബിൾ വിചിന്തനങ്ങൾ; കുടുംബം സഭാ പ്രബോധനങ്ങളിൽ; കുടുംബ മനഃശാസ്ത്രം; വിവിധ കുടുംബ കൗൺസിലിങ് തെറാപ്പികൾ; കുടുംബധാർമ്മികശാസ്ത്രം; ജീവന്റെ മഹത്വം; കുടുംബ കാനൻ നിയമങ്ങൾ; ഉത്തമ പേരന്റിംഗ്; കുടുംബപ്രേഷിതത്വം; കുടുംബ വെല്ലുവിളികൾ മുതലായവ.

ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേരുകൾ 'കാനാ'യിൽ രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 1000 രൂപാ.

രജിസ്ട്രേഷന് ബന്ധപ്പെടാൻ: 9495745557, 8547518500, 9447751276, 9847702651, 8289833641.

ഫാ. തോമസ് വള്ളിയാനിപ്പുറം
(ഡയറക്ടർ)
9495745557

❑

ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

ചാസിൽനിന്നും ആശംസകൾ

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

ചാസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുവെന്ന് അറിയുന്നതിൽ സന്തോഷം. നമ്മുടെ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റിംഗ് ഇനിയും പൂർത്തീകരിക്കാനുള്ള യൂണിറ്റുകൾ നവംബർ മാസ ത്തിനുള്ളിൽ ഓഡിറ്റിംഗ് നടത്തേണ്ടതാണ്. നിലവിൽ പ്രവർത്തിച്ചുവരുന്ന എക്സിക്യൂട്ടീവ് സമിതിയുടെ കാലാവധി 2027 മാർച്ച് മാസത്തോടെ അവസാനിക്കുകയാണ്. ഇതിന് മുന്നോടിയായി അടുത്ത 2027-2030 കാലയളവിലേയ്ക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുക്കുവാനുള്ള ഒരുക്കങ്ങൾ യൂണിറ്റ് തലത്തിൽ ആരംഭിക്കേണ്ടതുണ്ട്. ഡിസംബർ-ജനുവരി മാസങ്ങളിലായി എല്ലാ യൂണിറ്റുകളിലും തെരഞ്ഞെടുപ്പ് പൂർത്തിയായിരിക്കണം. ഇതുമായി ബന്ധപ്പെട്ട സർക്കുലർ മേഖലാ കോഡിനേറ്റർമാർ മുഖേന എത്തിക്കുന്നതാണ്. കൂടാതെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി.) സ്വാശ്രയസംഘങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനും, സംരംഭങ്ങൾ ആരംഭിക്കുന്നതിനും നൽകിയിക്കുന്ന വായ്പയുടെ തിരിച്ചടവിൽ സംഘങ്ങൾ കൃത്യത പാലിക്കുന്നുണ്ട് എന്ന് യൂണിറ്റു ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ക്രിസ്തുമസ് ആഘോഷങ്ങൾക്ക് പൂർണ്ണതയേകുവാൻ ചാസ് ഖാദി 'അമ്മ ഫുഡ്സ്' പ്രിസർവേറ്റീവ് ചേർക്കാത്തതും മായം കലർത്താത്തതുമായ നല്ല ഗുണനിലവാരമുള്ള കേക്കുകൾ വിപണനത്തിന് തയ്യാറാക്കുന്നു. ഓർഡറുകൾ ഡിസംബർ 10നകം നൽകി സഹകരിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ — **ഫാ. ജോർജ് പനക്കേഴം** *(ഡയറക്ടർ)*
ഫാ. ജോർജ് തൈച്ചേരിൽ
ഫാ. ജോസഫ് ചോരേട്ട്ചാമക്കാല
ഫാ. വർഗീസ് നമ്പിമഠം
(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)

കേന്ദ്രവാർത്തകൾ

വിശുദ്ധനാട് പര്യടനം: ചാസ് ടൂർസ് ആന്റ് ട്രാവൽസ് സെപ്റ്റംബർ 15നു 3 രാജ്യങ്ങളിലേയ്ക്ക് ടൂർ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർമാരായ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ഫാ. ജോർജ്ജ് തൈച്ചേരിൽ എന്നിവരുടെ നേതൃത്വത്തിൽ 39 അംഗങ്ങൾ ടൂർ പ്രോഗ്രാമിന്റെ ഭാഗമായി.

ബെസ്റ്റ് എൻ.ജി.ഒ. അവാർഡ്: പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് കോൺഗ്രസ് സെപ്റ്റംബർ 23നു സംഘടിപ്പിച്ച കേരള പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് സമ്മിത്തിൽ ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ബെസ്റ്റ് എൻ.ജി.ഒ. ആയി തെരഞ്ഞെടുത്തു. കേരള വനിത-ശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയിൽ നിന്നും ചാസ് ടീം ലീഡർ ബാബു ജോസഫ് അവാർഡ് ഏറ്റുവാങ്ങി.

ട്രെയിനിംഗ് പ്രോഗ്രാം: കേരള സോഷ്യൽ സർവ്വീസ് ഫോറം സെപ്റ്റംബർ 24നു തിരുവല്ല ബോധന സെന്ററിൽ വെച്ച് സംഘടിപ്പിച്ച സെയിഫ് ഗാർഡിങ് ട്രെയിനിംഗ് പ്രോഗ്രാമിൽ ചാസിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം, ചീഫ് അക്കൗണ്ടന്റ് പീറ്റർ ചാക്കോ എന്നിവർ പങ്കെടുത്തു.

സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം: സോഷ്യൽ വർക്ക് ബിരുദപഠനത്തിന്റെ ഭാഗമായി മാർ അത്തനേഷ്യസ് തിരുവല്ല, ഡിബി പമ്പ, പരുമല എന്നീ കോളേജുകളിൽ നിന്നും ഒക്ടോബർ 1, 19 തീയതികളിൽ ഇന്റേൺഷിപ്പിന് സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ ചാസിൽ എത്തി.

സമൃദ്ധാ ചൈൽഡ് കെയർ സെന്റർ നവീകരണം: കുറുമ്പനാടത്ത് പ്രവർത്തിക്കുന്ന സമൃദ്ധാ ചൈൽഡ് കെയർ സെന്ററിൽ നവീകരിച്ച ഫ്ളോറിന്റെ വെഞ്ചരിപ്പ് ഒക്ടോബർ 9നു ജർമ്മനി ആസ്ഥാനമായി കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന 'ഹോഫ്നുങ്ങ് സ്ട്രാശ്' ബോർഡിന്റെ ചെയർമാൻ ഫാ. തോമസ് മുട്ടം നിർവ്വഹിച്ചു. ചാസ് പ്രസിഡന്റ് വെരി. റവ. ഫാ. മാത്യു ചങ്ങംകരി, ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ സി. ലിൻസി എ.എ.എസ്.സി., സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

ചാസ്-റിഹാസിസ്സ് ലോൺ മേള: ചാസ് റിഹാസിസ്സിന്റെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി നൽകുന്ന വായ്പാ വിതരണം ഒക്ടോബർ 12നു ചസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. മാത്യു ചങ്ങംകരി ഉദ്ഘാടനം നിർവ്വഹിച്ച് വായ്പാ വിതരണം ചെയ്തു. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചിരിൽ, മേഖലാ കോഡിനേറ്റർ ഡി. ജോസഫ് എന്നിവർ പ്രസംഗിച്ചു. പ്രോജക്ട് കോഡിനേറ്റർ ഷീബ സന്തോഷ് പദ്ധതി വിശദീകരണം നടത്തി. 25 ഗുണഭോക്താക്കൾക്ക് 6,25,000/- വായ്പ നൽകി.

സാമൂഹ്യസുരക്ഷാസഹായപദ്ധതി

1) എസ്.എച്ച്.ജി. മരണാനന്തര സഹായം: ഒരു കുടുംബത്തിന് 20,000 രൂപ വീതം 3 കുടുംബങ്ങൾക്ക് 60,000 (അറുപതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

പേര്	സംഘം	യൂണിറ്റ്	മേഖല
767. ശ്രീജിത്ത് പ്രഭ	അൽഫോൻസ	കൂരോപ്പട	കോട്ടയം
768. സുമി ഫ്രാൻസിസ്	കൃപ	കല്ലൂർക്കാട്	ചമ്പക്കുളം
769. സുധർമ്മ	ആദിത്യ	പള്ളാത്തുരുത്തി	ആലപ്പുഴ

2) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.) 13 കുടുംബങ്ങൾക്ക് 1,30,000 (ഒരുലക്ഷത്തി മുപ്പതിനായിരം) രൂപ അനുവദിച്ചു.

പേര്	യൂണിറ്റ്	മേഖല
1444. സുമി ഫ്രാൻസിസ്, തിരുനിലം	കല്ലൂർക്കാട്	ചമ്പക്കുളം
1445. കെ.ഇ. ആന്റണി കണിച്ചേരിൽ	മുട്ടാർ ഓൾഡ്	എടത്വാ
1446. ത്രേസ്യാമ്മ ദേവസ്യാ ചീരംവേലിൽ	മുട്ടാർ ഓൾഡ്	എടത്വാ
1447. തോമസ് ജോർജ്ജ് കാലായിൽ	മായം	അമ്പൂരി
1448. ദേവസ്യാ റ്റി. കരീത്തറ	മായം	അമ്പൂരി
1449. രാജമ്മ ബേബി, തടത്തരികത്ത്	മായം	അമ്പൂരി
1450. മോളി രാജു, കുറ്റിക്കൽ	ചമ്പക്കര	നെടുംകുന്നം
1451. മേരിക്കുട്ടി ആന്റണി, ചക്കുപുരയ്ക്കൽ	കിഴക്കേമിത്രക്കരി	എടത്വാ
1452 എ.എം. തോമസ്, അത്തിമറ്റത്തിൽ	മണ്ണാർകുന്ന്	അതിരമ്പുഴ
1453. റ്റി. വി. തോമസ്, വെൺപറമ്പിൽ	പുന്നമട	ആലപ്പുഴ
1454. സജു ജോർജ്ജ്, പൈനുംമൂട്ടിൽ	മീൻകുളം	കൊല്ലം
1455. തോമസ് പി.എ. പ്രാക്കുഴി	കുറുമ്പനാടം	കുറുമ്പനാടം
1456. വർഗ്ഗീസ് മത്തായി, കൊല്ലക്കര	ചമ്പക്കര	നെടുംകുന്നം

3) ബാങ്ക് ലോൺ

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. കളിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 11 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

തീയതി	എസ്.എച്ച്.ജി.	ജെ.എൽ.ജി.	യൂണിറ്റ്
06.10.2026	ജ്വാല	മരിയൻ	പൊടിപ്പാറ
08.10.2026	ലിറ്റിൽ ഫ്ളവർ	കൃപ	ചങ്ങനാശ്ശേരി
08.10.2026	ലിറ്റിൽ ഫ്ളവർ	കരുണ	ചങ്ങനാശ്ശേരി

മേഖലാവാർത്തകൾ

സ്വാശ്രയസംഘ രൂപീകരണം

തീയതി	*സംഘം*	*യൂണിറ്റ്*	*അംഗങ്ങൾ*
29.09.2026	കൃപ	കുറുമ്പനാടം	കുറുമ്പനാടം

യൂണിറ്റു വാർഷികം: വെരൂർ യൂണിറ്റു വാർഷികം സെപ്റ്റംബർ 29 നു സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. മാത്യു ചങ്ങംകരി ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പുത്തൻപുര അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ മുഖ്യപ്രഭാഷണം നടത്തി. അസി. വികാരി വർഗീസ് തോമസ് കൊടിയന്തറ, പ്രസിഡന്റ് ജോസഫ് തോമസ് കൈനിക്കര, സെക്രട്ടറി സിസിലിക്കുട്ടി പൊന്നച്ചൻ, ആന്റണി മാത്യു, കെ.പി തോമസ് എന്നിവർ പ്രസംഗിച്ചു.

ഗാന്ധിജയന്തി ദിനാചരണം: ഗാന്ധി ജയന്തി ദിനാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 2നു 'കീർത്തി' പുരുഷ സ്വാശ്രയസംഘാംഗങ്ങൾ കണ്ണംചിറ കോവേലി റോഡിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. സംഘം ഭാര വാഹികൾ നേതൃത്വം നൽകി.

ബേക്കറി പരിശീലനം സമാപിച്ചു: വടവാതൂർ യൂണിറ്റിൽ നടത്തിവന്ന ബേക്കറി പരിശീലനം ഒക്ടോബർ 3നു സമാപിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് ആറുപറ, പ്രസിഡന്റ് ജിജോ ജോസഫ് എന്നിവർ പരിശീലനത്തിൽ പങ്കെടുത്തവർക്ക് ആശംസകൾ നേർന്നു സംസാരിച്ചു.

കാർഷിക സെമിനാർ: പുതുക്കരി യൂണിറ്റിൽ കൃഷിക്ക് മുന്നോടിയായി ഒക്ടോബർ 7നു കാർഷിക സെമിനാർ സംഘടിപ്പിച്ചു. മുട്ടാർ കൃഷി ഓഫീസർ ഖൻസ കൃഷിവകുപ്പിന്റെ കീഴിൽ കർഷകർക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും, രാമങ്കരി കൃഷിഭവൻ അസി. ഡയറക്ടർ ജോസഫ് ജഫ്രീം നെൽകൃഷിയിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങളും വളപ്രയോഗങ്ങളെ ക്കുറിച്ചും വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റോ മുട്ടത്തിൽ അദ്ധ്യ ക്ഷതവഹിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

മേഖലാ എക്സിക്യൂട്ടീവ്

ചമ്പക്കുളം മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 10 ന് ചേന്നങ്കരി യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് ബംഗ്ലാവുപറ മ്പിൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റു ഭാരവാഹികൾ അതാത് യൂണിറ്റുകളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. മോഖലാ കോഡിനേറ്റർ ബിനു ജോസഫ് നേതൃത്വം നൽകി.

ശേഷം പേജ് 57 ➤➤➤

തിരുവനന്തപുരം അമ്പൂരി ആയൂർ സോഷ്യൽ ഡെവലപ്മെന്റ് & ചാരിറ്റി (TAASC)

ടോയ് മേക്കിങ് ട്രെയിനിങ്

ബോഡിഗിയർ ഇന്റർനാഷണൽ എന്ന പാവനിർമാണ കമ്പനിയിലേക്ക് ജോലിക്കായി അമ്പതോളം സ്ത്രീകൾക്ക് ട്രെയിനിങ് നൽകി. അമ്പൂരി, രാജഗിരി, ഡാൽമുഖം പ്രദേശങ്ങളിലെ സ്ത്രീകൾ ട്രെയിനിങ്ങിൽ പങ്കെടുക്കുകയും കഴക്കൂട്ടം കിൻഫ്രാപാർക്കിലെ ഫാക്ടറിയിലും ചെറിയകൊല്ലയിലെ യൂണിറ്റിലുമായി മുപ്പത്തഞ്ചോളാം സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു

ടോയ് മേക്കിങ് കമ്പനിയിലേക്ക് ഇന്റർവ്യൂ

അമ്പൂരി പൂച്ചമുക്കിൽ ആരംഭിക്കുന്ന പാവനിർമ്മാണ കമ്പനിയിലെ ജോലിക്കായി തയ്യൽ അറിയാവുന്ന സ്ത്രീകൾക്കുള്ള ഇന്റർവ്യൂ മായം, അമ്പൂരി പ്രദേശങ്ങളിലായി നടത്തി. മുന്നൂറോളം സ്ത്രീകൾ പങ്കെടുത്തു.

ടോയ് പ്രൊഡക്ഷൻ യൂണിറ്റ്

വൈൽഡ് റിപ്പബ്ലിക് എന്ന പ്രശസ്തമായ അമേരിക്കൻ ലീഡിങ് ടോയ് കമ്പനിയുടെ പ്രൊഡക്ഷൻ കമ്പനിയായ ബോഡിഗിയർ ഇന്റർനാഷണൽ പ്രൈ. ലിമിറ്റഡിന്റെ പ്രൊഡക്ഷൻ യൂണിറ്റ് അമ്പൂരിയിലെ അരമന എസ്റ്റേറ്റിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് complex ൽ TAASC ന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് വെഞ്ചരിച്ച് ഉദ്ഘാടനം നിർവഹിച്ചു. 120 ഓളം സ്ത്രീകൾക്ക് സ്ഥിരവരുമാനമുള്ള ഒരു സംരംഭമായി, അമ്പൂരി മേഖലയുടെ വികസനത്തിന് ഒരു സുപ്രധാന തുടക്കമായി. കൂടുതൽ സ്ത്രീകൾ സന്നദ്ധരാകുന്ന പക്ഷം തൊഴിൽ സാധ്യത വർധിപ്പിക്കാനും കമ്പനിയുടെ മാനേജ്മെന്റുമായി ധാരണയിലെത്തി

സ്നേഹപൂർവം,

ഫാ. ആന്റണി തറക്കുന്നേൽ
(സെക്രട്ടറി)

ജീവകാരുണ്യനിധി ട്രസ്റ്റ്

കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2026 സെപ്റ്റംബർ 19** മുതൽ **ഒക്ടോബർ 22** വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

	ഇടവക / സംഘടന	തുക
1.	സെന്റ് മാത്യൂസ് കോട്ടയ്ക്കപുറം	747000
2.	സെന്റ് ജോസഫ്സ് കുറിച്ചി	38220

➤➤➤ *ചാസ്...*

ലഹരി വിരുദ്ധസെമിനാർ: വെരൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 29 നു സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. 'ജീവിതമാണ് ലഹരി' എന്ന വിഷയത്തിൽ അക്സെപ്റ്റ് ഐ. ആർ.സി.എ. കോഡിനേറ്റർ നിധിൻ ചന്ദ്ര ക്ലാസ് നയിച്ചു. പ്രസിഡന്റ് ജോസഫ് തോമസ് കൈനിക്കര അദ്ധ്യക്ഷതവഹിച്ചു.

തൂഫാൻ ബോധവത്ക്കരണം: മാന്നില ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പള്ളി പാരീഷ് ഹാളിൽ വെച്ച് ഒക്ടോബർ 11നു തൂഫാൻ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ലഹരി വസ്തുക്കളുടെ ഉപയോഗവും ദൂഷ്യഫലങ്ങളും എന്ന വിഷയത്തെക്കുറിച്ച് തൃക്കൊടിത്താനം പോലീസ് സ്റ്റേഷൻ സിവിൽ പോലീസ് ഓഫീസർ എസ്. മണികണ്ഠൻ ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറ്ടർ ഫാ. ആന്റണി നിരയത്ത് ഉദ്ഘാടനം ചെയ്തു. ഭാരവാഹികൾ നേതൃത്വം നൽകി. 200 ഓളം പേർ പങ്കെടുത്തു.

വ്യവസായസംരംഭകത്വ സെമിനാർ: ഇരവുചിറ യൂണിറ്റിന്റെ നേതൃത്വത്തിൽ മല്ലപ്പള്ളി ഖാദി വിദ്യാലയവുമായി സഹകരിച്ച് ഒക്ടോബർ 18നു വ്യവസായ സംരംഭകത്വ സെമിനാർ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ മണക്കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഖാദി ജനറൽ മാനേജർ ജോൺ സക്കറിയ ക്ലാസ് നയിച്ചു.

കൂൺകൃഷി പരിശീലനം: ഇരവുചിറ യൂണിറ്റിന്റെ ഒക്ടോബർ 18നു കൂൺ കൃഷി പരിശീലനം സംഘടിപ്പിച്ചു. സ്കറിയ ജോസഫ് പരിശീനത്തിന് നേതൃത്വം നിൽകി. 27 പേർ പങ്കെടുത്തു.

സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

ലോക ഹൃദയദിനാഘോഷം

ലോക ഹൃദയദിനം, അന്താരാഷ്ട്ര വയോജനദിനം, ദേശീയ രക്തദാന ദിനം എന്നിവയുടെ ഭാഗമായി ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെയും സർഗ്ഗക്ഷേത്ര സീനിയർ സിറ്റിസൺ ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ വാക്കത്തോണും 'അതിജീവനത്തിന്റെ പുതുസംഗമവും' സംഘടിപ്പിച്ചു. ഒക്ടോബർ ഒന്നിനു അതിരൂപതാകേന്ദ്രത്തിൽ നിന്ന് വാക്കത്തോൺ ആരംഭിച്ചു. തുടർന്ന് ഹോസ്പിറ്റൽ ഒ.പി. ഗ്രൗണ്ടിൽ അതിജീവനത്തിന്റെ പുതുസംഗമം പരിപാടിയും നടന്നു. അതിരൂപതാ പ്രൊക്യുറേറ്റർ വെരി റവ. ഫാ. ആന്റണി മാളിയേക്കൽ വാക്കത്തോൺ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി ഡി.വൈ.എസ്.പി. ആഷാദ് എസ്. വാക്കത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു. ആയിരക്കണക്കിന് ആരോഗ്യപ്രവർത്തകർ, വിവിധ സാമൂഹിക സാംസ്ക്കാരിക സംഘടനാ പ്രവർത്തകർ, നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർഥികളും പങ്കെടുത്ത വാക്കത്തോൺ ആശുപത്രിയിൽ സമാപിച്ചപ്പോൾ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നിന്ന് ആൻജിയോപ്ലാസ്റ്റി കഴിഞ്ഞവരുടെ സംഗമമായ 'അതിജീവനത്തിന്റെ പുതുസംഗമം' പ്രശസ്ത ചലച്ചിത്ര താരം അസീസ് നെടുമങ്ങാട് ഉദ്ഘാടനം ചെയ്തു, ഹോസ്പിറ്റൽ എക്സിക്യുട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ച യോഗത്തിൽ സർഗ്ഗ ക്ഷേത്ര ഡയറക്ടർ ഫാ. അലക്സ് പ്രായിക്കളം, അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, ഫാ. ജോസഫ് അമ്പാട്ട്, മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ പ്രൊഫ. ഡോ. എൻ. രാധാകൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സക്കറിയ, ഡോ. എസ്. അബ്ദുൾ ഖാദർ, ഡോ. ജോജി ബോബൻ, ഡോ. അരുൺ ജേക്കബ്, ഡോ. നവീൻ എസ്. നായർ, ജോൺ ജോസഫ് പാലത്തിങ്കൽ, സി. മറീന എസ്.ഡി., പോൾ മാത്യു എന്നിവർ പ്രസംഗിച്ചു.

ആരോഗ്യയാത്ര

ലോക ഹൃദയദിനത്തോടനുബന്ധിച്ചു ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ കോട്ടയം, ആലപ്പുഴ ജില്ലകളിലെ വിവിധ പ്രദേശങ്ങളിലേക്ക് 'ആരോഗ്യയാത്ര' (സൗജന്യ ഹെൽത്ത് ചെക്കപ്പ്) സംഘടിപ്പിച്ചു. ഹോസ്പിറ്റൽ അസോ. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ അധ്യക്ഷത വഹിച്ച യോഗത്തിൽ ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. വിനു ജോബ് കുഴിമണ്ണിൽ ആരോഗ്യയാത്രയുടെ ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ഹോസ്പിറ്റൽ അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, ഫാ. ജോസഫ് അമ്പാട്ട്, ഡോ. ജോജി ബോബൻ, ഡോ. ജൂബി മാത്യു, ഡോ. നവീൻ എസ്. നായർ, ഡോ. ഷിജു സ്റ്റാൻലി, സി. മറീന എസ്.ഡി., പോൾ മാത്യു എന്നിവർ പ്രസംഗിച്ചു.

സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 10 വരെയാണ് ഈ ബോധവൽക്കരണ -പരിശോധനാ യാത്ര സംഘടിപ്പിച്ചത്. 15 പഞ്ചായത്തുകളിലായി 250 സെന്റുകളിലാണ് സൗജന്യ ഹെൽത്ത് ചെക്കപ്പ് നടന്നത്. ആരോഗ്യയാത്രയുടെ ഭാഗമായി പൊതുജനങ്ങൾക്കു സൗജന്യ ഹെൽത്ത് കെയർ പരിശോധനകൾ ലഭ്യമായിരുന്നു. ബ്ലഡ് പ്രഷർ, ബ്ലഡ് ഷുഗർ, BMI, പൾസ്, SpO_2, ഹൈറ്റ്, വെയിറ്റ് എന്നിവ സൗജന്യമായി പരിശോധിച്ചു.

സൗജന്യ ഗ്യാസ്ട്രോ മെഡിസിൻ ക്യാംപ്

ആശുപത്രിയിലെ മെഡിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 12 മുതൽ 17 വരെ സൗജന്യ ഗ്യാസ്ട്രോ മെഡിസിൻ ഇന്റേണൽ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. ആശുപത്രിയിലെ കൺസൾട്ടന്റ് മെഡിക്കൽ ഗ്യാസ്ട്രോഎൻട്രോളജിസ്റ്റുമാരായ ഡോ. സച്ചിൻ ജയിംസ്, ഡോ. ജിനോ റോണി ഫിലിപ്പ് എന്നിവർ സൗജന്യ മെഡിക്കൽ ക്യാംപിന് നേതൃത്വം നൽകി. കൂടാതെ ഡോ. അനിൽ പി. ജോണിന്റെ സേവനവും ക്യാംപിൽ ലഭ്യമായിരുന്നു. ക്യാംപിൽ കൺസൾട്ടേഷൻ പൂർണ്ണമായും സൗജന്യമായിരുന്നു. ഇതിനുപുറമേ ലാബ്, റേഡിയോളജി എന്നീ സേവനങ്ങൾക്ക് 20% ഡിസ്കൗണ്ടും ഏർപ്പെടുത്തി.

ഇന്റർനാഷണൽ ഇൻഫെക്ഷൻ പ്രിവൻഷൻ ആൻഡ് കൺട്രോൾ വീക്ക്

ആശുപത്രിയിൽ 'ഇന്റർനാഷണൽ ഇൻഫക്ഷൻ പ്രിവൻഷൻ ആൻഡ് കൺട്രോൾ Wonder 2026' പരിപാടികൾക്ക് തുടക്കമായി. അണുബാധ നിയന്ത്രണം: അതീതം, വർത്തമാനം, സുരക്ഷിതം എന്നതാണ് ഈ വർഷത്തെ പ്രധാന പ്രമേയം. ഒക്ടോബർ 19 മുതൽ 25 വരെ നീണ്ടുനിന്ന വാരാചരണത്തിന്റെ ഉദ്ഘാടനം കോട്ടയം ഡെപ്യൂട്ടി ഡി.എം.ഒ.യും ജില്ലാ സർവൈലൻസ് ഓഫീസറുമായ ഡോ. ജെസ്സി ജോയ് സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ആശുപത്രിയിലെ ഇൻഫക്ഷൻ പ്രിവൻഷൻ ആൻഡ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലാണ് വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചത്. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടറും ഐ.പി.സി. ചെയർമാനുമായ ഫാ. ജയിംസ് പി. കുന്നത്ത് ചടങ്ങിൽ അധ്യക്ഷതവഹിച്ചു. അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, നേഴ്സിങ് സൂപ്രണ്ട് സി. ജെസ് ക്ലെയർ എഫ്.സി.സി., ഇൻഫക്ഷൻ കൺട്രോൾ ഇൻചാർജ് നീനു വർഗീസ്, ജോസ്നമോൾ ഫ്രാൻസിസ് ഇൻഫക്ഷൻ കൺട്രോൾ നഴ്സ് എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിൽ ഐ.പി.സി. ഹാൻഡ്ബുക്ക് പ്രകാശനവും ചെയ്തു ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ടും കൺസൾട്ടന്റ് ഇന്റൻസിവിസ്റ്റുമായ ഡോ. ജുബി മാത്യു അണുബാധ നിയന്ത്രണവാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു വിഷയാവതരണം നടത്തി. വാരാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 20നു ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റ് ജീവനക്കാർക്കായി ഐ.പി.സി. ക്വിസ് മത്സരവും, ഒക്ടോബർ 21 നു റീൽസ് മത്സരവും നടത്തപ്പെട്ടു. ഒക്ടോബർ 22നു 'ബെസ്റ്റ് ലിങ്ക് നഴ്സ്' മത്സരം സംഘടിപ്പിച്ചു. ഒക്ടോബർ 23, 26, 27 തീയതികളിൽ സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ കുറുമ്പനാടം, സെന്റ് തെരേസാസ് ഹയർ

സെക്കൻഡറി സ്കൂൾ വാഴപ്പള്ളി, പ്ലാസിഡ് വിദ്യ വിഹാർ സീനിയർ സെക്കൻഡറി എന്നീ സ്കൂളുകളിലെ കൗമാരക്കാരായ പെൺകുട്ടികൾക്കായി എച്ച്.പി.വി വാക്സിനേഷൻ ബോധവൽക്കരണ പരിപാടി നടക്കും. കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്, ഡോ. തങ്കു മേരി ഷാജു ക്ലാസുകൾക്കു നേതൃത്വം നൽകി

ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല

സൗജന്യ മെഡിക്കൽ ക്യാമ്പ്

മണിമല ഇൻഫന്റ് ജീസസ് ഹോസ്പിറ്റലിന്റെയും SNDP യോഗം വെൺകുറിഞ്ഞിയുടെയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 11നു സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാംപ് ജനപങ്കാളിത്തംകൊണ്ടും സേവനസന്നദ്ധത കൊണ്ടും ശ്രദ്ധേയമായി.

സ്നേഹസംഗമം 2026

ലോക ആർത്രൈറ്റിസ് ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 15ന് 'സ്നേഹസംഗമം 2026' ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി. എ. മുഹമ്മദ് ഷമീർ ഉദ്ഘാടന കർമ്മം നിർവഹിച്ച സംഗമത്തിൽ അസോസിയേറ്റ് ഡയറക്ടർ, അഡ്മിനിസ്ട്രേഷൻ ഫാ. ജോസ് പുത്തൻചിറ അധ്യക്ഷതവഹിച്ചു.

കൺസൾട്ടന്റ് റുമറ്റോളജിസ്റ്റ് ഡോ. രോഹിത് വി., ചെത്തിപ്പുഴ സെന്റ് തോമസ്സ് ഹോസ്പിറ്റൽ സീനിയർ ന്യൂട്രീഷ്യനിസ്റ്റ് പ്രിയ ദേവസ്യ, സീനിയർ ഫിസിയോതെറാപ്പിസ്റ്റ് ഡോ. എബിൻ ജോസഫ് PT എന്നിവർ വിശദമായ സംവാദവും ബോധവൽക്കരണ ക്ലാസ്സുകളും നയിച്ചു.

കരുതലോടെ ലോക ഹൃദയദിനാചരണം

ഒക്ടോബർ 6നു ലോക ഹൃദയദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ 'Don't Miss a Beat' എന്ന സന്ദേശവുമായി ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി എം.എൽ.എ. പ്രൊഫ. റോണി കെ. ബേബി ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ ഹൃദയാരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവത്കരണവും ആരോഗ്യകരമായ ജീവിതശൈലിയുടെ പ്രാധാന്യവും പങ്കുവെച്ചു.

ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റായ ഡോ. അരുൺ ജേക്കബ് MBBS, MD ഹൃദയാരോഗ്യ ബോധവത്കരണസന്ദേശം നൽകി. ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. ജോർജ് സ്കറിയ ചക്കാലക്കൽ, നഴ്സിങ് സൂപ്രണ്ട് ഫിലോമിന ജെ., ഹോസ്പിറ്റൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ജിജി ജേക്കബ്, എന്നിവർ പ്രസംഗിച്ചു.

ഫാ. മാർട്ടിൻ മുപ്പതിൽചിറ
ഫാ. ജേക്കബ് അത്തിക്കളം
ഫാ. ജോസ് പുത്തൻചിറ
(അസ്സോസിയേറ്റ് ഡയറക്ടർമാർ)

ഫാ. ജയിംസ് കുന്നത്ത്
(എക്സിക്യൂട്ടീവ് ഡയറക്ടർ)

സൗജന്യ മെഡിക്കൽ ക്യാംപ്

ആശുപത്രിയുടെ സഹകരണത്തോടെ ആര്യാട് മാതൃ-പിതൃവേദി, യുവ ദീപ്തി എസ്.എം.വൈ.എം. എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 20ന് ആര്യാട് ലിറ്റിൽ ഫ്ളവർ ചർച്ച് പാരിഷ് ഹാളിൽ സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. പ്രസന്ന ഹെഗ്ഡെ, ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോ. ജോൺസൺ ദേവസ്യ, നേത്രരോഗ വിഭാഗത്തിലെ ഡോ. അനിൽ ദത്ത് എന്നിവർ ക്യാംപിന് നേതൃത്വം നൽകി. രോഗികൾക്ക് ആവശ്യമായ വൈദ്യപരിശോധനകളും ആരോഗ്യസേവനങ്ങളും ലഭ്യമാക്കി. ക്യാംപിന്റെ ഭാഗമായി മരുന്നുവിതരണം, ബ്ലഡ് ഷുഗർ, രക്തസമ്മർദ, തൈറോയ്ഡ് (TSH), കാഴ്ച എന്നിവ പരിശോധിച്ചു. ആരോഗ്യപ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയുന്നതിനും ആവശ്യമായ ചികിത്സാ നിർദേശങ്ങൾ ലഭ്യമാക്കുന്നതിനും ക്യാംപ് സഹായകമായി.

പുതിയ ബ്ലഡ് സ്റ്റോറേജ് സെന്റർ

രോഗികൾക്ക് അവശ്യസമയത്ത് സുരക്ഷിതമായ രക്തലഭ്യത ഉറപ്പാക്കുന്നതിനും ചികിത്സാസേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി ആശുപത്രിയിൽ പുതിയ ബ്ലഡ് സ്റ്റോറേജ് സെന്റർ ആരംഭിച്ചു. സെപ്റ്റംബർ 24നു നടന്ന ഉദ്ഘാടനച്ചടങ്ങിൽ ആശുപത്രി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. അടിയന്തര സാഹചര്യങ്ങളിലും മറ്റ് ചികിത്സാ ആവശ്യങ്ങൾക്കുമായി രക്തം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഈ കേന്ദ്രം സഹായകമാകും.

ലോക ഫാർമസിസ്റ്റ് ദിനാചരണം

സെപ്റ്റംബർ 25ന് ആശുപത്രിയിൽ ലോക ഫാർമസിസ്റ്റ് ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ആശുപത്രി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലും അസി. ഡയറക്ടർ ഫാ. ചാക്കോ ഇടമുറിയിലും ചേർന്ന് പരിപാടികൾ ഉദ്ഘാടനം ചെയ്തു. സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ അവതരിപ്പിച്ച ബോധവത്കരണ നാടകവും നിരവധി വിജ്ഞാനപ്രദമായ പരിപാടികളും ആഘോഷത്തിന്റെ ഭാഗമായി അരങ്ങേറി. മരുന്നുകളുടെ സുരക്ഷിതമായ ഉപയോഗത്തെക്കുറിച്ചും ആരോഗ്യസംരക്ഷണത്തിൽ ഫാർമസിസ്റ്റുകൾ വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ചും പരിപാടികളിലൂടെ അവബോധം നൽകി.

ദീപിക എക്സലൻസ് അവാർഡ്

ആരോഗ്യരംഗത്തെ മികവിനും മികച്ച സേവനങ്ങൾക്കുമുള്ള അംഗീകാരമായി ആശുപത്രിക്ക് ദീപിക എക്സലൻസ് അവാർഡ് ലഭിച്ചു. സെപ്റ്റംബർ 29ന് കോട്ടയത്ത് നടന്ന ചടങ്ങിൽ ഈ അഭിമാനകരമായ നേട്ടം ആശുപത്രിക്ക്

ലഭിച്ചതിനൊപ്പം ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിനെ ചടങ്ങിൽ ആദരിച്ചു. രോഗികൾക്കു ഗുണമേന്മയുള്ള ചികിത്സയും മികച്ച പരിചരണവും ഉറപ്പാക്കുന്നതിനായി ആശുപത്രി നടത്തുന്ന നിരന്തരമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്. രോഗികളുടെ വിശ്വാസവും ജീവനക്കാരുടെ സമർപ്പണവും സഹൃദയ കുടുംബത്തിന്റെ കൂട്ടായ പരിശ്രമവുമാണ് ഈ നേട്ടത്തിന് പിന്നിലെ പ്രധാന ശക്തി

ലോക ഹൃദയദിനത്തോടനുബന്ധിച്ചു സെമിനാർ

സെപ്റ്റംബർ 29നു ലോക ഹൃദയദിനത്തോടനുബന്ധിച്ച് സഹൃദയ ആശുപത്രിയിൽ ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി, കേരള ചാപ്റ്ററിന്റെ സഹകരണത്തോടെ ഹൃദയാരോഗ്യ ബോധവത്കരണപരിപാടിയും സെമിനാറും സംഘടിപ്പിച്ചു. കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ് ഡോ. തോമസ് മാത്യു മുഖ്യപ്രഭാഷണം നടത്തി. ജീവിതശൈലീരോഗങ്ങളും അവ ഹൃദയാരോഗ്യത്തെ ബാധിക്കുന്ന വിധവും ഹൃദ്രോഗങ്ങളുടെ പ്രധാന കാരണങ്ങളും അദ്ദേഹം വിശദീകരിച്ചു. അനാരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമക്കുറവ്, മറ്റ് ജീവിതശൈലി ഘടകങ്ങൾ എന്നിവ ഹൃദ്രോഗസാധ്യത വർധിപ്പിക്കുന്നതിനെക്കുറിച്ചും ബോധവത്കരണം നൽകി. ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിന് ആരോഗ്യകരമായ ജീവിതശൈലി പിന്തുടരേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തുപറഞ്ഞു. ഹൃദയസംബന്ധമായ അടിയന്തര സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കാൻ സഹായിക്കുന്ന കാർഡിയോപൾമണറി റിസസിറ്റേഷൻ (CPR) നൽകുന്ന രീതികളെക്കുറിച്ചും വിശദീകരിച്ചു. ഹൃദ്രോഗങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ സമയോചിതമായി ഇടപെടാനുള്ള അറിവ് പകരുന്നതിനും പരിപാടി സഹായകമായി.

വജ്രജൂബിലി ആഘോഷവും NABH സർട്ടിഫിക്കറ്റ് സമർപ്പണവും

ആരോഗ്യരംഗത്ത് 60 വർഷം പൂർത്തിയാക്കിയ ആശുപത്രിയുടെ വജ്രജൂബിലി ആഘോഷമായ 'ജൂബിലേറ്റേ 2026'-ഉം NABH ആറാം പതിപ്പ് അക്രഡിറ്റേഷൻ പ്രഖ്യാപനവും ഒക്ടോബർ 4നു തത്തംപള്ളി സെന്റ് മൈക്കിൾസ് ചർച്ച് പാരിഷ് ഹാളിൽ വർണാഭമായി നടന്നു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ സ്വാഗതപ്രസംഗം നടത്തി. ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തായും സോഷ്യൽ വെൽഫെയർ സൊസൈറ്റി പേട്രണുമായ അഭി. മാർ തോമസ് തറയിൽ അധ്യക്ഷത വഹിച്ചു. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ വജ്രജൂബിലി ദീപം തെളിയിച്ച് ചടങ്ങ് ഉദ്ഘാടനം ചെയ്തു. വജ്രജൂബിലി ലോഗോ പ്രകാശനവും പുതിയ പദ്ധതികളുടെ ഉദ്ഘാടനവും നടന്നു. ആലപ്പുഴ രൂപതാ ബിഷപ്പ് റൈറ്റ് റവ. ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയും വിശിഷ്ട വ്യക്തികളെ ആദരിക്കുകയും ചെയ്തു. കോ ഓപ്പറേഷൻ മിനിസ്റ്റർ റെജി ചെറിയാൻ, എം.എൽ.എ.മാരായ എ. ഡി. തോമസ്, ജി. സുധാകരൻ, മുനിസിപ്പൽ

ചെയർപേഴ്സൺ മോളി ജേക്കബ്, സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് ഫാ. ജോൺ തെക്കേക്കര തുടങ്ങിയവർ ആശംസകൾ നേർന്നു. പ്രശസ്ത ഗായിക വൈക്കം വിജയലക്ഷ്മിയുടെ ഗാനമേളയും വിവിധ കലാ പരിപാടികളും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. വജ്രജൂബിലിയാഘോഷങ്ങളുടെ ഭാഗമായി ആരോഗ്യസേവനത്തിനൊപ്പം സാമൂഹിക പ്രതിബദ്ധതയും മുൻ നിർത്തി നിരവധി ജനക്ഷേമ പദ്ധതികൾ സഹൃദയ ആശുപത്രി നടപ്പിലാക്കി വരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർഹരായ ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രസവസഹായം ഉറപ്പാക്കുന്ന 'മാതൃ മിത്രം' പരിസ്ഥിതി സംരക്ഷണവും ഹരിതവൽക്കരണവും ലക്ഷ്യമിടുന്ന ഹരിത ഹരിതോദയം, വെറും 200 രൂപ നിരക്കിൽ ഡയാലിസിസ് ലഭ്യമാക്കുന്ന 'ജീവധാര', സാന്ത്വന പരിചരണ സേവനങ്ങൾ വിപുലപ്പെടുത്തുന്ന 'കരുതൽ', ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനമായ 'ജീവാമൃതം', ഭവനരഹിതർക്കായി സുരക്ഷിതമായ അഭയകേന്ദ്രം ഒരുക്കുന്ന 'സ്നേഹസ്പർശം' തുടങ്ങിയ പദ്ധതികൾ സമൂഹത്തിന്റെ വിവിധമേഖലകളിൽ വലിയ സ്വീകാര്യത നേടിക്കൊണ്ടിരിക്കുകയാണ്. രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും ജീവനക്കാർക്കും സമൂഹത്തിനും ആറ് പതിറ്റാണ്ടിന്റെ സേവനയാത്ര ആഘോഷിക്കുന്നതിനുമൊപ്പം ആരോഗ്യ പരിചരണ രംഗത്ത് കൂടുതൽ മികവിലേക്കും പുതിയ ലക്ഷ്യങ്ങളിലേക്കുമുള്ള ചുവടുവെപ്പിനും ഈ വാർഷികാഘോഷം കാരണമായി.

ഫാ. ആന്റണി പെരുമ്പള്ളിത്തറ
ഫാ. ചാക്കോ ഇടമുറിയിൽ
(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)

ഫാ. തോമസ് മാളിയേക്കൽ
(എക്സിക്യൂട്ടിവ് ഡയറക്ടർ)

പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർഥനാശംസകൾ.

സമുദായ ശക്തീകരണവർഷത്തോടനുബന്ധിച്ചു പ്രവാസ ലോകത്തിൽ ഏകസ്ഥരായി കഴിയുന്ന സഹോദരങ്ങൾക്കായി സൂം പ്ലാറ്റ്ഫോമിൽ 'എൽറോയ് 2026' എന്ന പേരിൽ ഓൺലൈൻ സംഗമം ഒക്ടോബർ 17നു നടത്തി. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്ത സംഗമത്തിൽ ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽകളം പ്രവാസത്തിൽ ഏകസ്ഥരായി ജീവിക്കുന്നവർക്കായി ക്ലാസ് എടുത്തു. അസി. ഡയറക്ടർ ഫാ. മാത്യു മാറാട്ടുകളം സമാപനസന്ദേശവും പ്രാർത്ഥനയും നടത്തുകയും ഗ്ലോബൽ കോഡിനേറ്റർ ജോ കാവാലം ചർച്ചയ്ക്ക് നേതൃത്വം കൊടുക്കുകയും ജിസിസി കോഡിനേറ്റർ ആശംസകൾ നേരുകയും ഈ പ്രോഗ്രാമിന് നേതൃത്വം കൊടുത്ത ബിനു ജോൺ സ്വാഗതമർപ്പിക്കുകയും സബിൻ കുര്യാക്കോസ് നന്ദി അർപ്പിക്കുകയും ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്നും ധാരാളം ആളുകൾ ഈ വെബിനാറിൽ പങ്കെടുത്തു.

നോർക്ക റിട്ടേണി തിരിച്ചറിയൽ കാർഡ് പദ്ധതി

സെപ്റ്റംബർ 29ന് ആരംഭിച്ച ഈ പദ്ധതിയിൽ അംഗമാകുന്നതിന് അപേക്ഷകൻ കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്തോ കേരളത്തിന് പുറത്തോ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലോ പ്രവാസജീവിതം നയിച്ചതിനുശേഷം കേരളത്തിലേക്ക് സ്ഥിരമായി മടങ്ങിയെത്തിയ പ്രവാസി കേരളീയനായിരിക്കണം.

മൂന്നുവർഷം കാലാവധിയുള്ള ഈ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനും പ്രസ്തുത കാർഡ് ഉടമകളെ 'നോർക്ക കെയർ/നോർക്ക കെയർ പ്ലസ്' എന്നീ മെഡിക്കൽ ഇൻഷുറൻസ് പദ്ധതികളിൽ അംഗമാക്കുന്നതിനുമാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. തിരിച്ചെത്തിയവരാണെന്നു തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ആവശ്യമുള്ള രേഖകൾ

പാസ്പോർട്ട്, പാസ്പോർട്ട് സൈസ് ഫോട്ടോ, അപേക്ഷകന്റെ ഒപ്പ്, ആധാർ കാർഡ്, തിരിച്ചെത്തിയതായി തെളിയിക്കുന്ന രേഖ (ഫോറം നം A, ഫോറം നം B) എന്നിവയാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവാസി അപ്പോസ്തലേറ്റ് അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുക. Mob. 8089920614.

ഫാ. മാത്യു മാറാട്ടുകളം
(അസ്സിസ്റ്റന്റ് ഡയറക്ടർ)

ഫാ. ജോസഫ് പുതുവീട്ടിൽകളം
(ഡയറക്ടർ)

ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ
വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)

കത്തോലിക്കാ കോൺഗ്രസ്
(AKCC)

സമുദായ പ്രവർത്തകർ സാമൂഹിക പ്രതിബദ്ധത ഉള്ളവരാകണം: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

സമൂഹത്തോടും സഭയോടും കുടുംബത്തോടും പ്രതിബദ്ധതയുള്ളവരായിരിക്കണം സമുദായ പ്രവർത്തകർ എന്നും അവർ സമൂഹത്തിന്റെ നിർമ്മാണത്തിൽ വലിയ പങ്കുവഹിക്കേണ്ടവരാണെന്നും സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് എമിരറ്റസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. നേതൃത്വം സംശുദ്ധമാകണം അവസരത്തിനൊത്ത് ഉയരുവാൻ നമ്മുടെ നേതൃത്വത്തിനു കഴിയണം. ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനാണ് തങ്ങൾ വിളിക്കപ്പെട്ടവരെന്ന ബോധ്യം നേതൃതലങ്ങളിൽ ഉള്ളവർക്ക് ഉണ്ടായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കത്തോലിക്കാ കോൺഗ്രസ് തുരുത്തി ഫൊറോനയിൽ ഒക്ടോബർ 4നു തുരുത്തി മർത്ത്മറിയം ഫൊറോനാപ്പള്ളിയിൽ നടത്തിയ ഫൊറോനാ കൺവൻഷൻ ഉദ്ഘാടനം ചെയ്ത പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കത്തോലിക്കാ കോൺഗ്രസ് സഭയുടെ പ്രധാനപ്പെട്ട ഒരു സംഘടനയാണ്. എന്നാൽ അതൊരു സംഘടന എന്നതിലുപരി നമ്മുടെ സമൂഹത്തിന്റെ സമഗ്രമായ ഉന്നമനത്തിനും പരസ്പര സഹകരണത്തിനും വളർച്ചയ്ക്കുമായി ഒരുമിച്ച് പ്രവർത്തിക്കാനുള്ള ഒരു ശക്തമായ വേദിയായിരിക്കണം.

കൂടുതൽ വായിക്കാനും ചിന്തിക്കാനും കാലികമായ വിഷയങ്ങളെ മനസ്സിലാക്കുവാനും പരസ്പരം കൈകോർത്തുകൊണ്ട് സമൂഹത്തിന് നന്മക്കായി പ്രവർത്തിക്കുവാനും കത്തോലിക്കാ കോൺഗ്രസിലൂടെ കഴിയണം അറിവും ചിന്തയും കൂട്ടായ പ്രവർത്തനവും ഒത്തുചേരുന്ന ഒരു വേദിയായി കത്തോലിക്കാ കോൺഗ്രസ് മാറണം അഭി. കർദ്ദിനാൾ കൂട്ടിചേർത്തു.

ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ പി. ജെ. യുടെ അധ്യക്ഷനായിരുന്നു. തുരുത്തി ഫൊറോനാ വികാരിയും കത്തോലിക്കാ കോൺഗ്രസ് ഫൊറോനാ ഡയറക്ടറുമായ ഫാ. ജേക്കബ് ചീരംവേലിൽ ആമുഖസന്ദേശം നൽകി. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് വിഷയാനുബന്ധ സന്ദേശം നൽകി. സമ്മേളനത്തിൽ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച ഫൊറോനാംഗങ്ങളായവരെ ആദരിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ ആശംസാപ്രസംഗവും തദ്ദേശസ്ഥാപന ജനപ്രതിനിധിയും കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത മുൻ പ്രസിഡന്റുമായ വർഗീസ് ആന്റണി സ്വീകരണത്തിന് മറുപടി പ്രസംഗവും നടത്തി. അതിരൂപതാ വൈസ് പ്രസിഡന്റ് റോസിലിൻ കുരുവിള, ഫൊറോനാ ട്രഷറർ ജോബി അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

സീറോ മലബാർ സഭയുടെ പൈതൃകവും പാരമ്പര്യവും അഭിമാനാർഹം: മാർ ജോസഫ് പെരുന്തോട്ടം

ഭാരതത്തിൽ മാത്രമല്ല ലോകം മുഴുവനും നോക്കുമ്പോൾ സീറോമലബാർ സഭ വിശ്വാസത്തിലും സാമൂഹിക പ്രവർത്തനത്തിലും ജീവകാരുണ്യ പ്രവർത്തന മേഖലയിലും നൽകിയ സംഭാവനകൾ അഭിമാനത്തോടുകൂടി ഓർക്കുവാൻ സഭാ മക്കൾക്ക് കഴിയണം. പൈതൃകവും പാരമ്പര്യവും ആണ് വിവിധ മേഖലകളിൽ മുന്നേറുവാൻ സഭയെയും ഒപ്പം സമുദായത്തെയും പ്രാപ്തമാക്കിയത്. വികസനോന്മുഖ കാഴ്ചപ്പാടും സാമൂഹിക പ്രതിബദ്ധതയും എക്കാലവും ഉയർത്തിപ്പിടിക്കുവാൻ സഭാ സമൂഹങ്ങൾക്ക് സാധിച്ചിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ പ്രസ്ഥാനത്തിനു കഴിഞ്ഞ 108 വർഷങ്ങളായി വലിയ സംഭാവനകൾ സഭയോടു ചേർന്നു ചെയ്യുവാൻ സാധിച്ചു എന്നുള്ളത് വിസ്മരിക്കാനാവാത്ത വസ്തുതയാണെന്നും അതിരൂപതാ ആർച്ചുബിഷപ് എമിരറ്റസ് മാർ ജോസഫ് പെരുന്തോട്ടം.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ നടക്കുന്ന ആഗോളസംഗമത്തിനു മുന്നോടിയായി ജൂലൈ 3ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽനിന്നും സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ഗ്ലോബൽ ജനറൽ സെക്രട്ടറിയും പതാക പ്രയാണ കൺവീനറുമായ ഡോ. ജോസ്കുട്ടി ജെ. ഒഴുകയിലിന് കൈമാറിയ പതാക ഒക്ടോബർ 11ന് അതിരൂപതാകേന്ദ്രത്തിന് മുമ്പിൽവെച്ച് ചങ്ങനാശ്ശേരി അതിരൂപതയ്ക്കുവേണ്ടി ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസ്തുത പതാക അഭി. പിതാവ് ഏറ്റുവാങ്ങി ചങ്ങനാശ്ശേരി അതിരൂപത കത്തോലിക്കാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യന് കൈമാറി. അതിരൂപത പ്രവേശനകവാടത്തിൽ ഏറ്റുവാങ്ങിയ പതാകയും സംവഹിച്ചുകൊണ്ടു റാലിയായി നൂറുകണക്കിന് പ്രവർത്തകരുടെ അകമ്പടിയോടുകൂടി സമ്മേളന നഗരിയിലേക്ക് എത്തിച്ചേർന്നു.

തുടർന്നു നടന്ന സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്നു. ആർച്ചുബിഷപ് എമിരറ്റസ് മാർ ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ വിഷയാനുബന്ധ സന്ദേശവും അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്ട് മുഖ്യസന്ദേശവും നൽകി. ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ പതാക പ്രയാണ വിശദീകരണ സന്ദേശവും ഗ്ലോബൽ വൈസ് പ്രസിഡന്റ് ബെന്നി ആന്റണി മറുപടി പ്രസംഗവും നടത്തി.

ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, അതിരൂപത പി.ആർ.ഒ.യും സീറോമലബാർ സഭാ വക്താവുമായ അഡ്വ. ജോജി ചിറയിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, ഗ്ലോബൽ സെക്രട്ടറി ടോമിച്ചൻ അയ്യരുകുളങ്ങര എന്നിവർ പ്രസംഗിച്ചു.

ഇ.എസ്.എ., സഞ്ചാര സ്വാതന്ത്ര്യ വിഷയങ്ങൾ

ജനിച്ച മണ്ണിൽ ജീവിക്കാനും സഞ്ചാരസ്വാതന്ത്ര്യത്തിനുംവേണ്ടി നിരന്തരമായി പൊതുസമൂഹവും കർഷകരും തെരുവിലിറങ്ങേണ്ടി വരുന്ന അവസ്ഥ അത്യന്തം ഭയാനകജനകമാണെന്ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ. ബഫർസോൺ, ഇ.എസ്.എ. വിഷയങ്ങളിൽ നിരന്തരമായി കർഷകരും പൊതുസമൂഹവും സമരരംഗത്താണ്. പ്രകൃതിയുടെ വികൃതിയോടും വന്യമൃഗങ്ങളോടും പടപൊരുതി സ്വന്തം ജീവിതംപോലും പണയംവെച്ച് നമ്മുടെ തീൻമേശകളെ അലങ്കരിക്കുന്ന കർഷകർ നിരന്തരമായി വേട്ടയാടപ്പെടുന്നു. വന്യജീവികൾക്ക് നൽകുന്ന പ്രാധാന്യംപോലും ഈ ലോകത്തെ ഏറ്റവും മികച്ച സൃഷ്ടിയായ മനുഷ്യനും അവന്റെ അവകാശങ്ങൾക്കും ലഭ്യമാകുന്നില്ല. പശ്ചിമഘട്ട സംരക്ഷണത്തിന്റെ പേരിൽ കുടിയേറ്റ ജനത ഇന്ന് കുടിയിറക്കൽ ഭീഷണി നേരിടുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മെല്ലെപോക്കും ഉദ്യോഗസ്ഥരുടെ വഴിവിട്ടുള്ള പ്രവർത്തനങ്ങളും കർഷക ജനതയുടെ നെഞ്ചിടിപ്പ് അനുദിനം വർദ്ധിപ്പിക്കുകയാണ്. ഇ.എസ്.എ. വിഷയത്തിൽ ശാശ്വതമായ പരിഹാരം എത്രയും പെട്ടെന്ന് ഉണ്ടാവണം.

വന്യമൃഗങ്ങളുടെ സ്വൈര്യവിഹാരത്തിന്റെ പേരിൽ ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യംതന്നെ തടയുന്ന രീതിയിലുള്ള വിവാദപരമായ ഉത്തരവ് പുറത്തിറക്കിയതിലൂടെ ഇടുക്കി ജില്ലാ കളക്ടർ പൗരാവകാശങ്ങളുടെ നഗ്നമായ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഈ ജനവിരുദ്ധ ഉത്തരവുകൾ പിൻവലിക്കുകയും ജനങ്ങളോടു മാപ്പ് പറയുവാനും കളക്ടർ തയ്യാറാവണം. അല്ലാത്തപക്ഷം ആ പദവിയിൽനിന്നും അദ്ദേഹത്തെ നീക്കംചെയ്യുവാൻ സംസ്ഥാന സർക്കാർ മുൻകൈയെടുക്കണം. കേവലം വാക്കുകൾമാത്രം നൽകി ജനത്തെ തെറ്റിദ്ധരിപ്പിക്കുവാനുള്ള പ്രവണത മുളയിലെ നുള്ളണം. ഈ ഭൂമിയുടെ യഥാർത്ഥ അവകാശി മനുഷ്യനാണെന്ന് ഇരിക്കെ വനത്തിൽ ജീവിക്കേണ്ട വന്യമൃഗങ്ങൾക്ക് നാട്ടിൽ ഇറങ്ങുവാനുള്ള സാഹചര്യം വിവാദ ഉത്തരവുകളിലൂടെ ഉദ്യോഗസ്ഥർ ഒരുക്കുന്നു. എന്തിന്റെ പേരിലായാലും ഇത്തരം പ്രസ്താവനകൾ ഉണ്ടാവാതിരിക്കാൻ ഭരണകർത്താക്കൾ തികഞ്ഞ ജാഗ്രത പുലർത്തണം. അല്ലാത്തപക്ഷം സമാധാനപരമായ നിരവധി സമരങ്ങൾക്ക് വരുംദിവസങ്ങളിൽ കേരള ജനത സാക്ഷിയാവേണ്ടി വരും.

വന്യജീവി ആക്രമണം എന്നതിനുപകരം മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം എന്ന പേരിലേക്ക് പ്രശ്നത്തിന്റെ ഗൗരവം ലഘൂകരിക്കുവാൻ ഇത്തരം ഉത്തരവുകളിലൂടെ ചില ഉദ്യോഗസ്ഥർ ശ്രമിക്കുകയാണ്. ഏതൊക്കെയോ ഹിഡൻ അജണ്ടകൾ ഇതിന്റെ പിന്നിലുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇ.എസ്.ഐ. വിഷയത്തിന് ശാശ്വതമായ പരിഹാരം കാണുക, ഇടുക്കി ജില്ലാ കളക്ടറുടെ വിവാദപരമായ സഞ്ചാരസ്വാതന്ത്ര്യം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്ന

യിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതി ഒക്ടോബർ 3നു കോട്ടയം ഗാന്ധി സ്കയറിന് സമീപം നടത്തിയ പ്രതിഷേധ സായാഹ്ന ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് പ്രൊഫ. രാജീവ് ജോസഫ് കൊച്ചുപറമ്പിൽ.

പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, വൈസ് പ്രസിഡന്റ് ജോർജുകുട്ടി മുക്കത്ത്, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, അഡ്വ. മനു ജെ. വരാപ്പള്ളി, ലിസി ജോസ്, ഭാരവാഹികളായ കുഞ്ഞു കളപ്പുര, സെബാസ്റ്റ്യൻ വർഗീസ്, സെബാസ്റ്റ്യൻ പുല്ലാട്ടുകാല, കെ. എസ്. ആന്റണി, സൈബി അക്കര, സേവ്യർ തോമസ് കൊണ്ടോടി എന്നിവർ പ്രസംഗിച്ചു.

ഫൊറോനാ കൺവൻഷനുകൾ

അതിരൂപതാസമിതി നടത്തിവരുന്ന ഫൊറോനാ കൺവെൻഷനുകളുടെ ഭാഗമായി തിരുവനന്തപുരം ഫൊറോനാ കൺവെൻഷൻ സെപ്റ്റംബർ 27നു തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് വിൽസൺ വെളിയന്നൂർകാരന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ വികാരി ജനറാളും തിരുവനന്തപുരം ഫൊറോനാ വികാരിയുമായ മോൺ. ജോൺ തെക്കേക്കര ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ സെക്രട്ടറി ജേക്കബ് നിക്കോളാസ്, അതിരൂപതാ സെക്രട്ടറി കുഞ്ഞ് കളപ്പുര, ഫൊറോനാ സെക്രട്ടറി ജിനോദ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

അതിരൂപതാസമിതി നടത്തിവരുന്ന ഫൊറോനാ കൺവെൻഷനുകളുടെ ഭാഗമായി അതിരമ്പുഴ ഫൊറോന കൺവെൻഷൻ ഒക്ടോബർ 10നു പുഷ്പഗിരി സെന്റ് ജോസഫ് പള്ളിയിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ജോയി പാറപ്പുറത്തിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് ആലുങ്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ വിഷയാവതരണ പ്രസംഗം നടത്തി. അതിരൂപതാ സെക്രട്ടറിമാരായ സെബാസ്റ്റ്യൻ പുല്ലാട്ടുകാല, ജോബി ചൂരക്കുളം, അതിരൂപത മുൻ പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ്, ട്രഷറർ റോബിൻ ആലഞ്ചേരി എന്നിവർ പ്രസംഗിച്ചു.

എക്സലൻഷ്യ സീസൺ 5

ചങ്ങനാശ്ശേരി അതിരൂപത തുടർച്ചയായി അഞ്ചാമത്തെ വർഷം സംഘടിപ്പിക്കുന്ന എക്സലൻഷ്യ സീസൺ ഫൈവിന്റെ മേഖല മത്സരങ്ങൾ ഒക്ടോബർ 11നു 5 മേഖലകളിലായി സംഘടിപ്പിക്കപ്പെട്ടു.

പ്രസ്തുത മത്സരത്തിൽ മണിമല, നെടുങ്കുന്നം, കുറുമ്പനാടം, ഫൊറോനകൾ ഉൾക്കൊള്ളുന്ന കിഴക്കൻ മേഖല മത്സരം നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്ട് ഉദ്ഘാടനം ചെയ്തു.

ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി ഫൊറോനകൾ ഉൾക്കൊള്ളുന്ന മധ്യമേഖല മത്സരം ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽ നടത്തപ്പെട്ടു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി ഉദ്ഘാടനം ചെയ്തു.

അതിരമ്പുഴ, കുടമാളൂർ, കോട്ടയം എന്നീ മേഖലകൾ ഉൾക്കൊള്ളുന്ന വടക്കൻ മേഖലയുടെ മത്സരം മുടിയൂർക്കര ഹോളി ഫാമിലി പള്ളിയിൽ നടത്തപ്പെട്ടു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാക്കോണിൽ ഉദ്ഘാടനം ചെയ്തു.

ചമ്പക്കുളം, ആലപ്പുഴ, എടത്വാ, മുഹമ്മ ഫൊറോനകൾ ഉൾക്കൊള്ളുന്ന പടിഞ്ഞാറൻ മേഖല മത്സരങ്ങൾ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ നടത്തപ്പെട്ടു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക റെക്ടർ ഫാ. ജയിംസ് പാലക്കൽ ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം, അമ്പൂരി, കൊല്ലം ഉൾക്കൊള്ളുന്ന സെക്കൻഡ് മേഖലാ മത്സരം ലൂർദ് ഫൊറോന പള്ളിയിൽ നടത്തപ്പെട്ടു. മുൻ ഡി.ജി.പി. സിബി മാത്യു ഐ.പി.എസ്. ഉദ്ഘാടനം ചെയ്തു

AWAE 26

സമുദായ ശാക്തീകരണവർഷത്തിൽ എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കുക നിശ്ചലമായി കിടക്കുന്ന യൂണിറ്റുകൾ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ Awake 26 കർമ്മപദ്ധതിക്ക് നേതൃത്വം നൽകി. സെപ്റ്റംബർ 27നു നടന്ന സമ്മേളനത്തിൽ കോട്ടയം ഫൊറോനയിലെ പുമ്മറ്റം സെന്റ് ആന്റണീസ് പള്ളിയിൽ പുതിയ യൂണിറ്റ് രൂപീകരിക്കപ്പെട്ടു. അതിരൂപത വൈസ് പ്രസിഡന്റ് ഷിജി ജോൺസൺ രൂപീകരണ പരിപാടികൾക്കു നേതൃത്വം നൽകി.

സെപ്റ്റംബർ 27ന് ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ നടന്ന യൂണിറ്റ് രൂപീകരണ പരിപാടികൾക്ക് അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ നേതൃത്വം നൽകി. ഫാ. സാവിയോ മാനാട്ട് പരിശുദ്ധ കുർബാന അർപ്പിച്ചു.

സെപ്റ്റംബർ 27നു കുമാരനല്ലൂർ സെന്റ് തോമസ് പള്ളിയിൽ നടന്ന യൂണിറ്റ് ശാക്തീകരണ പരിപാടിക്ക് അതിരൂപത ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് നേതൃത്വം നൽകി. ഫാ. ആന്റണി മുളവന പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചു.

സെപ്റ്റംബർ 27നു ചീരഞ്ചിറ സെന്റ് ജോർജ് പള്ളിയിൽ യൂണിറ്റ് ശക്തീകരണ പരിപാടി നടന്നു. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക്, അതിരൂപത സെക്രട്ടറി കെ. എസ്. ആന്റണി, ട്രഷറർ കെ. പി. മാത്യു കടംന്തോട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ 27ന് ആലപ്പുഴ ഫൊറോനയിലെ പള്ളാത്തുരുത്തി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജയിംസ് അത്തിക്കളം, അതിരൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ വർഗീസ്, ഫൊറോനാ പ്രസിഡന്റ് ദേവസ്യാ പുള്ളിക്കാശ്ശേരി, സെക്രട്ടറി ഷാജി പോൾ എന്നിവർ യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകി.

ഒക്ടോബർ 4നു കുടമാളൂർ ഫൊറോനയിലെ കുമരകം നവനസ്രത്ത് യൂണിറ്റിൽ പുതിയ യൂണിറ്റ് ആരംഭിച്ചു. രാവിലെ ദിവ്യബലിക്ക് അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. സാവിയോ മാനാട്ട്, ഇടവക വികാരി ഫാ. സിറിയക് വലിയപറമ്പിൽ, അതിരൂപതാ സെക്രട്ടറി കുഞ്ഞ് കളപ്പുര എന്നിവർ പുതിയ യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകി

ഒക്ടോബർ 4നു കോട്ടയം ഫൊറോനയിലെ പാമ്പാടി വ്യാകുലമാതാ പള്ളിയിൽ യൂണിറ്റ് രൂപീകരണം നടന്നു. അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ ഇടവക വികാരി ഫാ. ജോസഫ് കൊല്ലാറ എന്നിവർ നേതൃത്വം നൽകി.

ഒക്ടോബർ 4നു കോട്ടയം ഫൊറോനയിലെ ഇരവിനല്ലൂർ അസംപ്ഷൻ ഇടവകയിൽ യൂണിറ്റ് രൂപീകരണം നടന്നു. ഇടവക വികാരി ഫാ. ജോസഫ് ചമ്പക്കുളത്തിൽ, അതിരൂപത വൈസ് പ്രസിഡന്റ് ജോർജ്കുട്ടി മുക്കത്ത് എന്നിവർ പരിപാടികൾ നേതൃത്വം നല്കി.

ഒക്ടോബർ 18ന് എടത്വാ ഫൊറോനയിലെ ഹരിപ്പാട് ഇടവകയിൽ യൂണിറ്റ് രൂപീകരണവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. ഇടവക വികാരി ഫാ. മോഹൻ മുടന്താഞ്ജലി, അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, അതിരൂപത സെക്രട്ടറി കെ. എസ്. ആന്റണി എന്നിവർ യൂണിറ്റ് രൂപീകരണ പരിപാടിക്ക് നേതൃത്വം നൽകി

ഒക്ടോബർ 18നു കുടമാളൂർ ചെങ്ങളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ യൂണിറ്റ് രൂപീകരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു. ഇടവക വികാരി ഫാ. തോമസ് പാറത്താനം, ഫൊറോന പ്രസിഡന്റ് ഷെയിൻ ജോസഫ്, ട്രഷറർ സാബു എട്ടുമൂല എന്നിവർ രൂപീകരണ പരിപാടികൾക്ക് നേതൃത്വം നൽകി.

ഒക്ടോബർ 18നു കുടമാളൂർ ഫൊറോനയിലെ മാന്നാനം സെന്റ് ജോസഫ് ഇടവകയിൽ രാവിലത്തെ പരിശുദ്ധ കുർബാനയ്ക്കുശേഷം യൂണിറ്റ് രൂപീകരണം നടന്നു. ഇടവക വികാരി ഫാ. ജോഷി തേവലക്കര, അതിരൂപതാ സെക്രട്ടറി കുഞ്ഞ് കളപ്പുര എന്നിവർ രൂപീകരണ പരിപാടികൾക്ക് നേതൃത്വം നൽകി.

ഒക്ടോബർ 18നു കുടമാളൂർ ഫൊറോനയിലെ കൈപ്പുഴ ഹോളി ഫാമിലി പള്ളിയിൽ രാവിലത്തെ പരിശുദ്ധ കുർബാനയ്ക്കുശേഷം യൂണിറ്റ് രൂപീകരണം നടന്നു. ഇടവക വികാരി ഫാ. മാത്യു കണ്ണമ്പള്ളി, ഫൊറോന ജനറൽ സെക്ര

ട്ടറി ഫ്രാൻസിസ് തടത്തിൽ, എക്സിക്യുട്ടിവ് കമ്മിറ്റി അംഗം ജോസ് ജേക്കബ് വെള്ളാകോട്ടിൽ എന്നിവർ നേതൃത്വം നൽകി.

ആഗോള സംഗമം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ നടക്കുന്ന കത്തോലിക്കാ കോൺഗ്രസ് ആഗോളസംഗമത്തിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രതിനിധികളായി ബിജു സെബാസ്റ്റ്യൻ, ഷിജി ജോൺസൺ, രാജേഷ് ജോൺ, ജേക്കബ് നിക്കോളാസ്, അഡ്വ. മനു ജെ. വരാപ്പള്ളി, സെബാസ്റ്റ്യൻ വർഗീസ് എന്നിവർ പങ്കെടുത്തു.

പ്രതികരണം

ഇന്ത്യൻ ഭരണഘടനയുടെ 25-ാം അനുച്ഛേദപ്രകാരം ഏതു മതത്തിൽ വിശ്വസിക്കുവാനും അത് പ്രചരിപ്പിക്കുവാനും ഇന്ത്യയിലെ ഓരോ പൗരനും അവകാശമുള്ളപ്പോൾ ഛത്തീസ്ഗഡിലെ ഗോത്രവർഗ്ഗക്കാരനായ ഡീക്കൻ ബേസിൽ ഹദെയുടെ പൗരോഹിത്യ സ്വീകരണം തടഞ്ഞത് ഭാരത മതേതരത്വത്തിന് കളങ്കവും മൗലികാവകാശങ്ങളുടെ ലംഘനവും മാനുഷിക നീതിക്കെതിരാണെന്നും കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത സമിതിയുടെ നേതൃയോഗം ആരോപിച്ചു.

ഛത്തീസ്ഗഡിലെ ധൻവാർ മേഖലയിൽനിന്നും ഈശോസഭാ വൈദികനാകുവാൻ സ്വയം ആ വിളി തെരഞ്ഞെടുക്കുകയും അതിനായി നീണ്ടവർഷങ്ങളിലെ പരിശീലനത്തിൽ ഏർപ്പെട്ടതിനും ശേഷമാണ് പൗരോഹിത്യ ശുശ്രൂഷയിലേക്ക് ഡീക്കൻ ബേസിൽ ഹദ്ദെ കടന്നുവരുന്നത്. എന്നാൽ ഉദ്യോഗസ്ഥ വൃന്ദം നിർബന്ധിത പരിവർത്തനം ഉണ്ടായിട്ടുണ്ട് എന്ന് വരുത്തിതീർക്കുവാനായിട്ടുള്ള ശ്രമങ്ങൾ ആണ് ഈ സംഭവത്തിലൂടെ നടത്തിവരുന്നത്. ഇത്തരം സംഭവങ്ങളിൽ ഭരണകൂടങ്ങളുടെ നിശബ്ദത രാജ്യത്ത് വർഗീയ കലാപങ്ങൾക്കും മതവിദ്വേഷത്തിനും വഴിതെളിക്കുമെന്നും ലോകത്തിലെതന്നെ ഏറ്റവും പരമോന്നതമായ ഇന്ത്യൻ ഭരണഘടനയുടെ പരിശുദ്ധിയും അന്തസ്സും നിലനിർത്തുവാൻ ഭരണാധികാരികൾ ശ്രദ്ധിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ് നേതൃയോഗം മുന്നറിയിപ്പ് നൽകി.

പ്രസ്തുത പ്രതികരണം ഒക്ടോബർ 20 ഞായറാഴ്ചത്തെ മാധ്യമങ്ങളിലൂടെ സമൂഹമാധ്യമങ്ങളിലൂടെയും പൊതുസമൂഹത്തെ അറിയിക്കുകയും ചെയ്തു.

ഫാ. സാവിയോ മാനാട്ട്
(ഡയറക്ടർ)

ബിജു സെബാസ്റ്റ്യൻ
(പ്രസിഡന്റ്)

ബിനു ഡൊമിനിക്
(ജനറൽ സെക്രട്ടറി)

കേരള ലേബർ മൂവുമെന്റ്
(KLM)

കെ. എൽ. എം. യൂണിറ്റ് വാർഷികം

കെ.എൽ.എം. ആലപ്പുഴ ചാത്തനാട് യൂണിറ്റിന്റെ വാർഷികം സെപ്റ്റംബർ 27നു നടത്തപ്പെട്ടു. വികാരി ഫാ. ആന്റണി പെരുമ്പള്ളിത്തറ അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ ജനറൽ സെക്രട്ടറി സാജൻ ജോയി, സംഘഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

സ്നേഹാദരവോടെ

2024-2026 വർഷക്കാലം അതിരൂപതാസമിതി ഭാരവാഹികളായി സ്തുത്യർഹ സേവനം ചെയ്ത അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറിമാരായ ഷാജി കോര, ലാലി ബോബൻ എന്നിവർക്ക് സ്നേഹത്തിന്റെ ഭാഷയിൽ നന്ദി.

സ്വാഗതം

2026-2028 വർഷക്കാലം അതിരൂപതാസമിതി ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട അതിരൂപതാ ജനറൽ സെക്രട്ടറി സാജൻ ജോയി പതാരംചിറ, വൈസ് പ്രസിഡന്റ് എബി വർഗീസ് ചിറത്തലയ്ക്കൽ, ജോയിന്റ് സെക്രട്ടറി മറിയാമ്മ ചാക്കോ പാറത്തോട് എന്നിവർക്ക് അതിരൂപതാസമിതിയുടെ സ്നേഹം നിറഞ്ഞ സ്വാഗതം.

കൊയ്നോനിയ 2026

കെ.എൽ.എം. നേതൃത്വ പരിശീലന ക്യാംപ് (കൊയ്നോനിയ 2026) ഒക്ടോബർ 11നു സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്ട് ഉദ്ഘാടനം ചെയ്ത ക്യാംപിൽ സംസ്ഥാന ഡയറക്ടർ ഫാ. അരുൺ വലിയതാഴത്ത് അധ്യക്ഷതവഹിച്ചു. കെ.എൽ.എം. ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ, ജനറൽ സെക്രട്ടറി സാജൻ ജോയി പതാരംചിറ, സംസ്ഥാന പ്രസിഡന്റ് ജോസ് മാത്യു, സംസ്ഥാന ജനറൽ സെക്രട്ടറി ഡിക്സൺ മനീക്ക്, റിസോഴ്സ് ടീം അംഗം മിനിമോൾ ജോസഫ്, വൈസ് പ്രസിഡന്റ് എബി വർഗീസ്, ജോയിന്റ് സെക്രട്ടറി മറിയാമ്മ ചാക്കോ, റോബിൻ പാറത്തോട്ടാൽ, പി. ജെ. സെബാസ്റ്റ്യൻ, കെ. ഡി. ചാക്കോ എന്നിവർ പ്രസംഗിച്ചു

ആദരാഞ്ജലികൾ

തോട്ടയ്ക്കാട് ജോർജിയൻ സംഘാംഗം ചെറിയാൻ എം. വേഷ്ണാൽ, കുറുമ്പനാടം സെന്റ് പോൾ സംഘാംഗം ഷാജി തോമസ് തോപ്പിൽ, ചങ്ങനാശ്ശേരി സെന്റ് മേരീസ് സംഘാംഗം സന്തോഷ് ജോസഫ് ചക്കാല എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

ശേഷം പേജ് 76 ➤➤➤

ലീജിയൻ ഓഫ് മേരി

1921 സെപ്റ്റംബർ 7ന് അയർലണ്ടിൽ ബ്രദർ ഫ്രാങ്ക് ഡഫിനൽ സ്ഥാപിത മായ ലീജിയൻ ഓഫ് മേരി എന്ന സംഘടന, ലോകത്തിലെ നശീകരണ ശക്തി കൾക്കെതിരെ കത്തോലിക്കാസഭ നിരന്തരം നടത്തുന്ന സമരത്തിൽ പങ്കുചേർ ന്നുകൊണ്ട്, ജപമാല ആയുധമാക്കി യുദ്ധസന്നദ്ധരായി നിൽക്കുന്ന ഒരുപറ്റം മനുഷ്യസ്നേഹികളുടെ സംഘടനയാണ്. ഇൻഡ്യയിൽ ആദ്യമായി 1931 ഫെബ്രു വരിയിൽ ഈ സംഘടനയുടെ പ്രസിദീയം സ്ഥാപിതമായി. 1941ൽ പാറേൽ പ്രസിദീയം സ്ഥാപിക്കപ്പെട്ടു. 1954ൽ കൂരിയായും കമ്മീസിയവും ആരംഭിച്ചു. ഇപ്പോൾ പാലായിൽ സെനാത്തൂസ് പ്രവർത്തിച്ചുവരുന്നു. കേരളം അടിസ്ഥാ നത്തിലുള്ള പ്രസ്ഥാനത്തിന്റെ പേരാണ് സെനാത്തൂസ്. കേരളത്തിൽതന്നെ 35,000 പ്രവർത്തകരും 65,000 ൽപരം സഹായാംഗങ്ങളും പ്രവർത്തിച്ചുവരുന്നു. ലീജിയൻ ഓഫ് മേരിയുടെ 2026 ഫെബ്രുവരി മുതൽ സെപ്റ്റംബർ വരെയുള്ള പ്രവർത്തന റിപ്പോർട്ട്

എല്ലാ മാസവും രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാറേൽ ബ്രദർ പുരയ്ക്കൽ ഹാളിൽ ബഹു. ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃ ത്വത്തിൽ സമ്മേളനം നടത്തുന്നു. ഈ കാലയളവിൽ 8 മീറ്റിങ്ങുകൾ നടത്തി.

മാർച്ചുമാസം അതിരുപതാ തെരഞ്ഞെടുപ്പ് നടത്തി.

ഡയറക്ടർ	:	റവ. ഫാ. മാത്യു താന്നിയത്ത്
പ്രസിഡന്റ്	:	ബ്രദർ ജിജു ജോൺ ഇളപ്പുങ്കൽ, പാറേൽ
വൈ. പ്രസിഡന്റ്	:	സിസ്റ്റർ ലില്ലിക്കുട്ടി വർഗീസ്, പൂത്തറ അൻപതിൽ, കുറുമ്പനാടം
സെക്രട്ടറി	:	സിസ്റ്റർ എൽസമ്മ തോമസ്, കോട്ടപ്പുറം, ചെത്തിപ്പുഴ
ഖജാൻജി	:	സിസ്റ്റർ സ്റ്റെല്ലാ തോമസ്, അരികത്തിൽ, പാറേൽ

മാർച്ച് 25നു മംഗളവാർത്ത തിരുനാളിനോടനുബന്ധിച്ച് ആച്ചിയസ് (പ്രതി ഷ്ഠ) നടത്തി. 140 പേർ പങ്കെടുത്തു. ഏപ്രിൽമാസം കമ്മീസിയം മീറ്റിങ് നടത്തി.

മെയ്മാസത്തിൽ പാറേൽ പള്ളിയിൽ ധ്യാനം നടത്തുകയുണ്ടായി. റവ. ഫാ. പോൾ വടക്കുംമുറി സി.എം.ഐ. നയിച്ച ധ്യാനത്തിൽ 180 പേർ പങ്കെടുത്തു.

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കമ്മീസിയം മീറ്റിങ് നടത്തി.

സെപ്റ്റംബർ മാസത്തെ സമ്മേളനം – കൂരിയ അടിസ്ഥാനത്തിൽ, ചെത്തി പ്പുഴ, കുറുമ്പനാടം, വെരൂർ, തൃക്കൊടിത്താനം, തുരുത്തി, കൂത്രപ്പള്ളി, അതി രമ്പുഴ എന്നിവിടങ്ങളിൽ നടത്തുകയുണ്ടായി. എല്ലാ മാസവും സെനാത്തൂസ് മീറ്റിങ്ങിലും കമ്മീസിയം ഭാരവാഹികൾ പങ്കെടുക്കുന്നു.

'മറിയംവഴി ഈശോയിലേക്ക്' എന്ന ആപ്തവാക്യത്തിൽ ഉറച്ചുനിന്നുകൊണ്ട് കാലിടറാതെ ഞങ്ങളുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നു. പരി ശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം എപ്പോഴും ഞങ്ങളുടെ കൂടെ ഉണ്ട്.

കമ്മീസിയത്തിനുവേണ്ടി,

എൽസമ്മ തോമസ് കോട്ടപ്പുറം
(സെക്രട്ടറി)

ഫാ. മാത്യു താന്നിയത്ത
(സ്പിരിച്ചൽ അസ്സിസ്റ്റന്റ്)

❑

ദളിത് കത്തോലിക്കാ മഹാജനസഭ (DCMS)

സമുദായ ശക്തീകരണ കുടുംബസംഗമം

സീറോമലബാർസഭ സമുദായ ശക്തീകരണത്തിന്റെ ഭാഗമായി ദളിത് കത്തോലിക്ക മഹാജനസഭ (ഡി.സി.എം.എസ്.) ഇടവക, (യൂണിറ്റുകളിൽ) ദളിത് കത്തോലിക്കാസമുദായ ശക്തീകരണ കുടുംബസംഗമങ്ങൾ വിവിധ പരിപാടികളോടുകൂടി ഇടവക വികാരി (ഡയറക്ടർ) അച്ചന്മാരുടെ കാര്യസ്ഥതയിൽ ഒക്ടോബർ 25 മുതൽ നടത്തപ്പെടുന്നു.

അതിരൂപതാ ദളിത് കത്തോലിക്കാ മഹാജനസഭ, ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുമായി സഹകരിച്ചു നടപ്പാക്കുന്ന 'കരുതൽ' പ്രിവിലേജ് കാർഡിന്റെ ധാരണാപത്രം ഒപ്പിട്ടു. ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ആശുപത്രി എക്സിക്യുട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ഫാ. ബെന്നി കുഴിയടിയിൽ, പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, സെക്രട്ടറി മാത്യു ജോസഫ്, ജയിംസ് ഇലവുങ്കൽ, ആശുപത്രി PRO പോൾ മാത്യു എന്നിവർ പങ്കെടുത്തു. ആശുപത്രിയുടെ 73-ാം വാർഷിക പരിപാടികളുടെ ഭാഗമായാണ് പ്രിവിലേജ് കാർഡ് നൽകുന്നത്. അതിരൂപതയിലെ 3000ത്തിലധികം വരുന്ന ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് പ്രിവിലേജ് കാർഡിന്റെ പ്രയോജനം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഡി.സി.എം.എസ്. ഓഫീസുമായി ബന്ധപ്പെടുക: 9544720165

ആദരാഞ്ജലി

ഒക്ടോബർ 06നു നിര്യാതനായ പി. ഒ. പീറ്റർ അന്ത്യാളം, പാലാ രൂപതാംഗവും ഡി.സി.എം.എസ്. മുൻ സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി, ഓർഗനൈസർ, പാലാ രൂപതാ പ്രസിഡന്റ് എന്നീ നിലകളിൽ ദീർഘനാൾ പ്രവർത്തിച്ച് സമുദായ സേവനം ചെയ്ത ബഹു. പി. ഒ. പീറ്റർ സാറിന്റെ നിര്യാണത്തിൽ ഡി.സി.എം.എസ്. അതിരൂപതാ കമ്മിറ്റി ആദരാഞ്ജലികൾ അർപ്പിച്ചു. കമ്മറ്റി പ്രസിഡന്റ്, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ ഭവനത്തിലും പള്ളിയിലുമെത്തി സംസ്കാരചടങ്ങിൽ പങ്കെടുത്തു. റീത്ത് സമർപ്പിച്ചു അനുശോചനം അറിയിച്ചു.

ഈശോയിൽ സ്നേഹപൂർവം,

ഡോ. സിജോ ജേക്കബ് *(പ്രസിഡന്റ്)*

ഫാ. ജോസഫ് കുഴിയടിയിൽ *(ഡയറക്ടർ)*

മാത്യു ജോസഫ് *(സെക്രട്ടറി)*



''സമാധാനം-സൗഭാഗ്യം''

സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

തിരുനാൾ ആഘോഷങ്ങൾ

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗപ്രാപ്തിയുടെ 800-ാം വർഷത്തിൽ ഒക്ടോബർ 4ലെ തിരുനാൾ ഒത്തിരിയേറെ അനുഗ്രഹപ്രദമായി. എല്ലാ ഭ്രാതൃത്വങ്ങളിലും തിരുനാളിന് ഒരുക്കമായി 9 ദിവസത്തെ നൊവേന ചൊല്ലി, ഒക്ടോബർ 3നു വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മരണാനുസ്മരണ വായനകൾ ഭക്തിനിർഭരമായി. എല്ലാ ഭ്രാതൃത്വ ഇടവക ദൈവാലയത്തിൽ തിരുനാൾ ദിവസം ആഘോഷമായ പരിശുദ്ധ കുർബാനയും തുടർന്ന് ലദീഞ്ഞു പ്രദക്ഷിണവും ഉണ്ടായിരുന്നു. ധാരാളം ഇടവകാംഗങ്ങൾ പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും നേർച്ച സ്വീകരിക്കുകയും ചെയ്തു.

പൂന്തോപ്പ് ഫ്രാൻസിസ്കൻ സംഗമം അഭി. മാർ തോമസ് തറയിൽ പിതാവിന്റെ പ്രത്യേക താല്പര്യപ്രകാരം പൂന്തോപ്പ് സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയത്തിൽ ഒക്ടോബർ 2ന് അതിരൂപത ഫ്രാൻസിസ്കൻ സംഗമം സംഘടിപ്പിച്ചു. എല്ലാ ഭ്രാതൃത്വങ്ങളിൽനിന്നും ഏഴ് പ്രതിനിധികൾ വീതം യോഗത്തിൽ പങ്കെടുത്തു. അഭി. പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും തിരുനാൾ സന്ദേശവും നൽകി. തുടർന്ന് ഫാ. ബോബി ജോസ് കട്ടിക്കാട് OFM Cap ക്ലാസ് നയിച്ചു. യോഗത്തിൽ പങ്കെടുത്ത 2000ത്തിലധികം പ്രതിനിധികൾക്ക് ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയും കാഴ്ചപ്പാടുകളും ജീവിത ശൈലിയും കൂടുതൽ ആഴത്തിൽ പരിചയപ്പെടുത്തി. പൂന്തോപ്പ് ഇടവകയിലെ ബഹു. വികാരി അച്ചന്റെയും കൈക്കാരന്മാരുടെയും ഫ്രാൻസിസ്കൻ അൽമായ സഭ പൂന്തോപ്പ് ഭ്രാതൃത്വ അംഗങ്ങളുടെയും മറ്റ് കമ്മിറ്റി അംഗങ്ങളുടെയും ഇടവക സമൂഹത്തിന്റെ മുഴുവന്റെയും സഹകരണത്താൽ യോഗം വളരെ ഭംഗിയായി സംഘടിപ്പിച്ചു. എല്ലാവരും സാഹോദര്യത്തിൽ സ്നേഹവിരുന്നിൽ പങ്കെടുത്തു. ഫ്രാൻസിസ് സംഗമം ഒരു വൻ വിജയമാക്കി മാറ്റി.

അതിരൂപത എക്സിക്യുട്ടിവ് കമ്മിറ്റി

ഒക്ടോബർ 20ന് ഗത്സമനി ആശ്രമത്തിൽവെച്ച് എക്സിക്യുട്ടിവ് യോഗം കൂടുകയുണ്ടായി. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 118-ാം ചരമ വാർഷിക അനുസ്മരണം ഒക്ടോബർ 31-ാം തീയതി ശനിയാഴ്ച എടത്വായിൽ അംഗങ്ങളുടെ സജീവ സാന്നിധ്യം ഉണ്ടാകുവാനുള്ള ക്രമീകരണങ്ങൾ നടത്തി. നവംബർ 14, 15 തീയതികളിൽ നടക്കാനിരിക്കുന്ന, കുറുമ്പനാടം, എടത്വ, കുട്ടനാട് റീജനുകളുടെ തെരഞ്ഞെടുപ്പിന്റെ ക്രമീകരണങ്ങൾ നടത്തി.

പച്ചക്കറി വിത്ത് വിതരണം

ഫ്രാൻസിസ്കൻ വർഷത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി എടത്വ, കുറുമ്പനാടം റീജനുകളിൽ അടുക്കളത്തോട്ടത്തിന് ആവശ്യമായ പച്ചക്കറി വിത്തുകളുടെ (വെണ്ട, വഴുതന, തക്കാളി, മുളക്, ചീര) വിതരണോദ്ഘാടനം ഫാ. സ്കറിയ കന്യാകോണിൽ നിർവഹിച്ചു.

നിര്യാതനായി

നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഭ്രാതൃത്വംഗം പുത്തൻപുര യ്ക്കൽ മറിയാമ്മ വർഗീസ് നിര്യാതയായി.

വി. സി. അലക്സ് വലിയപറമ്പിൽ
(സെക്രട്ടറി)

ഫാ. അലക്സ് വാച്ചാപറമ്പിൽ ഒ.എഫ്.എം. കപ്പൂച്ചിൻ
(സ്പിരിച്വൽ അസ്സിസ്റ്റന്റ്)

➤➤➤ *കേരള ലേബർ മൂവുമെന്റ്...*

മരണാനന്തര സഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,30,000 രൂപ സെപ്റ്റംബർ 23 നും ഒക്ടോബർ 5 നും കൈമാറി.

	പേര്	സംഘം
213	സജി ജോസഫ്	കുറുമ്പനാടം സെന്റ് തോമസ്
214	മനോജ് എം. സി.	ചീരംഞ്ചിറ സെന്റ് തോമസ്
215	ആന്റണി റ്റി.	പറാൽ സെന്റ് ആന്റണീസ്
216	റ്റിറ്റു ജോസഫ്	മാമ്മൂട് ശിമയോൻ
219	ജോബി ഫിലിപ്പ്	ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ

സാജൻ ജോയി പതാരംചിറ
(ജനറൽ സെക്രട്ടറി)

ഫാ. ജോസഫ് ചമ്പക്കുളത്തിൽ
(ഡയറക്ടർ)

വിൻസെൻഷ്യൻ വേദി
(SSVP)

''പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ. പ്രകാശത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്''
(എഫേസോസ് 5:9).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

പുത്തൻ ഉണർവോടും കൂടുതൽ തീക്ഷ്ണതയോടും കൂടെ നമ്മുടെ സെൻട്രൽ കൗൺസിലിനെ മുന്നോട്ടു നയിക്കാൻ പ്രാപ്തിയുള്ള ബ്രദർ സാജു തോമസ് കൂരോത്തിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികൾ നവംബർ 11-ാം തീയതി ചുമതലയേൽക്കുകയാണ്. പ്രസിഡന്റ് സ്ഥാനത്തേക്ക് അദ്ദേഹത്തിനുവേണ്ടി മാത്രമേ നാമനിർദേശങ്ങൾ ലഭിച്ചുള്ളു എന്നത് അദ്ദേഹത്തിന് അംഗങ്ങളുടെ ഇടയിലുള്ള സ്വീകാര്യതയുടെ തെളിവാണല്ലോ. പാറമ്പുഴ കോൺഫറൻസ് പ്രസിഡന്റ്, കുടമാളൂർ ഏരിയാ കൗൺസിൽ പ്രസിഡന്റ്, സെൻട്രൽ കൗൺസിൽ ജോ. സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് അംഗം, വി.ഒ.സി.സി. കോർഡിനേറ്റർ എന്നീ നിലകളിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലും സൺഡേസ്കൂൾ പ്രധാനാധ്യാപകൻ, സി.ആർ.റ്റി. അംഗം തുടങ്ങി വിവിധ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള നല്ലൊരു വാഗ്മി കൂടിയായ ബ്രദർ സാജുവിന്റെ നേതൃത്വം കാലഘട്ടത്തിന് അനുയോജ്യമായതായിരിക്കും എന്നതിൽ സംശയമില്ല. സെൻട്രൽ കൗൺസിൽ അതിന്റെ 75-ാം വാർഷികത്തിനും സൊസൈറ്റി 200-ാം വാർഷികത്തിനും തയ്യാറെടുക്കുന്ന ഈ അവസരത്തിൽ പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും കൂടുതൽ തീക്ഷ്ണത പാലിക്കുവാൻ നമുക്ക് ഒരുമയോടെ ആയിരിക്കാം. പുതിയ ടീമിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

കഴിഞ്ഞ ആറുവർഷങ്ങളിൽ ഞങ്ങളോടൊപ്പം സഹകരിക്കുകയും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്ത എല്ലാവർക്കും നന്ദിയും പ്രാർത്ഥനകളും നേരുന്നു. കോവിഡ് ഉയർത്തിയ പ്രതിബന്ധങ്ങളും സൊസൈറ്റിയുടെ ഘടനയിൽ വന്ന മാറ്റങ്ങളുമൊക്കെ നമ്മെ വളരെ ബുദ്ധിമുട്ടിച്ചപ്പോഴും തളരാതെ മുന്നോട്ടുപോകാൻ നമുക്കു സാധിച്ചു. ബഹു. ജോസഫ് പനക്കേഴം അച്ചന്റെ നിർദേശങ്ങളും കാഴ്ചപ്പാടുകളുമൊക്കെ നമ്മുടെ വളർച്ചയിൽ വളരെ നിർണായകമായ പങ്കാണു വഹിച്ചത്. അച്ചന്റെ നിർദേശപ്രകാരം നമ്മൾ ആരംഭിച്ച വി.ഒ.സി. കോഴ്സ് ദേശീയതലത്തിൽ തന്നെ ഏറെ പ്രശംസിക്കപ്പെട്ടതാണ്. ഉത്തമമായ വിൻസെൻഷ്യൻ പ്രവർത്തനത്തിന് ഏറെ സഹായകരമായ കോഴ്സിന്റെ മൂന്നാം ബാച്ചാണല്ലോ ഇപ്പോൾ നടക്കുന്നത്. ബഹു. അച്ചനെ നന്ദിയോടെ ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. കഴിഞ്ഞ സെൻട്രൽ കൗൺസിൽ ചർച്ച ചെയ്ത ഏതാനും കാര്യങ്ങൾ കൂടി നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

1. നമ്മുടെ സമ്മേളനങ്ങൾ പ്രത്യേകിച്ച് വാർഷികം, തിരുനാളാഘോഷം പോലുള്ളവയ്ക്ക് കൃത്യമായ കാര്യപരിപാടി ഉണ്ടായിരിക്കണം, സമയബന്ധിതമായിരിക്കുകയും വേണം.

2. നമ്മുടെ സമ്മേളനങ്ങളിൽ ജ്ഞാനവായന ഉണ്ടായിരിക്കണം, അതു വിശുദ്ധ ഗ്രന്ഥ വായനയല്ല. ഇക്കാര്യം നമ്മുടെ മാനുവലിലുള്ളത് ഞാനും മുൻകാല പ്രസിഡന്റുമാരുമൊക്കെ വിൻസെൻഷ്യൻ വേദിയിൽ പരാമർശിച്ചിട്ടുള്ള താണ്. നമ്മുടെ ചൈതന്യത്തിനു നിരക്കുന്നതും പ്രവർത്തനങ്ങൾക്ക് ഉത്തേ ജനം നൽകുന്നതുമായ വായനകളാണ് വേണ്ടത്.

3. സമ്മേളനങ്ങളിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടുകൾ ചുരുക്കത്തിൽ കാര്യ ങ്ങൾ വ്യക്തമാക്കുന്നതും നടക്കുന്ന സമ്മേളനവുമായി ബന്ധമുള്ളതും ആയി രിക്കണം.

4. തിരുനാളാഘോഷങ്ങളിൽ പലയിടങ്ങളിലും കോൺഫറൻസുകളുടെയും ഏരിയാ കൗൺസിലുകളുടെയും പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭാരവാഹികളുടെ അസാന്നിധ്യം ശ്രദ്ധിക്കപ്പെട്ടു. കാരണം അറിയിക്കാതെയുള്ള അസാന്നിധ്യം ഒഴിവാക്കാൻ ശ്രദ്ധിക്കുമല്ലോ.

5. നിയമപരമായ കാര്യങ്ങളിൽ കൃത്യനിഷ്ഠ പാലിക്കേണ്ടതുകൊണ്ട് റിക്കാർ ഡുകളും കണക്കുകളും മറ്റും കൃത്യതയോടെ സൂക്ഷിക്കുകയും നിശ്ചിത സമയ ത്തിനുള്ളിൽ അവ സെൻട്രൽ കൗൺസിലിനു ലഭ്യമാക്കുകയും വേണം.

ഏപ്രിൽ ഒന്നുമുതൽ സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പലരിൽ നിന്നും ലഭിച്ചില്ല എന്നത് ആശങ്ക ഉളവാക്കുന്നു. വീഴ്ച വരുത്തുന്നവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കാൻ നമ്മൾ നിർബന്ധിതരാവും. ഭാരവാഹികളിൽ നിന്ന് കൂടുതൽ കാര്യക്ഷമത അഭ്യർഥിക്കുന്നു. കണക്കുകളും റിപ്പോർട്ടും മറ്റും തയ്യാറാക്കുവാൻ സഹായങ്ങൾ ആവശ്യമുള്ളവർക്ക് ഉപരി കൗൺസിലുകളെ സമീപിക്കാവുന്നതാണ്.

സൊസൈറ്റിയുടെ ഭാരവാഹിത്വം ഒരു അലങ്കാരമല്ല. സൊസൈറ്റിയുടെ വിവിധ തലങ്ങളിലുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ അവർ സൊസൈ റ്റിയുടെ ചൈതന്യം ഉൾക്കൊള്ളുന്നവരും ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ പ്രാപ്തരും തയ്യാറുള്ളവരും ആണെന്ന് ഉറപ്പുവരുത്തണം. പുളിങ്കുന്ന് ഏരിയാ കൗൺസിലിന്റെ പുതിയ പ്രസിഡന്റ് ബ്രദർ പി.സി. തോമസ് പുളിവേലിയെ സ്നേഹപൂർവം സി.സി. യിലേക്ക് സ്വാഗതം ചെയ്യുന്നു. മുൻപ്രസിഡന്റ് ബ്രദർ സിജി കുര്യന്റെ സേവനങ്ങളെ നന്ദിപൂർവം അനുസ്മരിക്കുകയും ചെയ്യുന്നു.

വിൻസെൻഷ്യൻ വേദി എല്ലാ കോൺഫറൻസുകളിലും വായിക്കാൻവേണ്ടി യുള്ളതാണ്. മധ്യസ്ഥൻ ലഭിക്കാത്തവർ അതതുമാസങ്ങളിൽ ഏരിയാ കൗൺ സിൽ വഴി വാട്സ് ആപ്പിലൂടെ സെൻട്രൽ കൗൺസിൽ ഭാരവാഹികളെ അറി യിക്കുക. മരണമടഞ്ഞ അംഗങ്ങളുടെ വിവരങ്ങൾ വായിക്കുന്നതോടൊപ്പം അവർക്കും കുടുംബത്തിനുംവേണ്ടി പ്രാർഥിക്കുവാനും കൂടി ഉദ്ദേശിച്ചുള്ളതാണ്.

എല്ലാം സ്നേഹത്തോടെയും സന്തോഷത്തോടെയും ചെയ്യുമ്പോൾ ഒന്നും ഒരു ത്യാഗമായി അനുഭവപ്പെടാറില്ല. ''കർത്താവു നിന്റെ ആത്മാവോടു കൂടെ ഉണ്ടായിരിക്കട്ടെ, ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടെ'' (2 തിമോ. 4:22)

ഈശോയിൽ സ്നേഹപൂർവം,

തോമസ് റ്റി. മൂലയിൽ
സെൻട്രൽ കൗൺസിൽ പ്രസിഡന്റ്

കരിസ്മാറ്റിക് നവീകരണം

''കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിൽ മുന്നിൽ നിന്ന് സേവനം ചെയ്യാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്ന് നിങ്ങളെ വേർതിരിച്ചത് നിസ്സാര കാര്യമാണോ'' (സംഖ്യ. 16:9)

കെ.സി.എസ്.സി.യുടെ നേതൃത്വത്തിൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ PUSH (Prayer Until Something Happened) പ്രോഗ്രാം സംഘടിപ്പിച്ചു. വിദേശ പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത ഈ പ്രോഗ്രാമിൽ ചങ്ങനാശ്ശേരി സോണിൽനിന്നും 8 പേർ പങ്കെടുത്തു.

ഒക്ടോബർ 13 ഓടുകൂടി 7 സബ്സോണുകളുടെയും പുനഃസംഘടന പൂർത്തിയായി. കുന്നന്താനം, കുറുമ്പനാടം, കുട്ടനാട്, തിരുവല്ല, ചെത്തിപ്പുഴ, നെടുങ്കുന്നം, മണിമല തുടങ്ങിയ എല്ലാ സബ്സോണുകളിലും നല്ല സഹകരണം ഉണ്ടായി.

YU4C യുടെ ഔദ്യോഗിക ഉദ്ഘാടനം ഒക്ടോബർ 10ന് കൺവെൻഷൻ ഓഫീസിൽ കൂടിയ യോഗത്തിൽ ആനിമേറ്റർ മാത്യു താന്നിയത്ത് അച്ചൻ നിർവഹിച്ചു.

ഒക്ടോബർ 13ന് പാസ്റ്ററൽ സെന്റർ ഹാളിൽ തിരഞ്ഞെടുക്കപ്പെട്ട സബ് സോൺ പ്രതിനിധികൾക്ക് ഫോർമേഷൻ നൽകപ്പെട്ടു. ആനിമേറ്റർ മാത്യു താന്നിയത്ത് അച്ചൻ ഉദ്ഘാടനം ചെയ്ത പ്രോഗ്രാം കെ.സി.എസ്.സി. കോർഡിനേറ്റർ ജോൺസൺ തൗണ്ടിയിൽ അച്ചൻ നേതൃത്വം നൽകിയ ടീം നിർവഹിച്ചു. 70ലധികം പേർ പങ്കെടുത്തു.

YU4C അംഗങ്ങൾക്ക് എമ്മാവൂസിൽ നൽകിയ ഫോർമേഷൻ പ്രോഗ്രാമിൽ ചങ്ങനാശ്ശേരിയിൽ നിന്ന് 8 പേർ പങ്കെടുത്തു.

സോണൽ സർവീസ് ടീം മീറ്റിങ്ങിൽ എടുത്ത തീരുമാനപ്രകാരം ഒക്ടോബർ 25 ഉച്ചകഴിഞ്ഞ് 2.30 മുതൽ ലീജിയൻ ഓഫ് മേരിയുടെയും കരിസ്മാറ്റിക് സോണിന്റെയും നേതൃത്വത്തിൽ ചെത്തിപ്പുഴ തിരുഹൃദയ ദേവാലയത്തിൽനിന്നും പാറേൽ പള്ളിയിലേക്ക് ജപമാല റാലി നടത്തുവാൻ നിശ്ചയിച്ചു. എല്ലാ മാസവും സോണിന്റെ നേതൃത്വത്തിൽ ഏകദിന കൺവെൻഷൻ നടത്താനും എല്ലാ ഇടവകകളിലും കരിസ്മാറ്റിക് പ്രാർഥനാഗ്രൂപ്പുകൾ സ്ഥാപിക്കാനും തീരുമാനിച്ചു.

സ്നേഹപൂർവം,

മോൻ ചെത്തിമറ്റം
(കോഡിനേറ്റർ)

ഫാ. മാത്യു താന്നിയത്ത്
(ആനിമേറ്റർ)

സെപ്റ്റംബർ

28 പള്ളാത്തുരുത്തി ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ പുളിങ്കുന്ന് ഫൊറോനാ വൈദിക സമ്മേളനത്തിലും, കൊണ്ടാക്കൽ സെന്റ് ജോസഫ്സ് പള്ളിയിൽ ചമ്പക്കുളം ഫൊറോനാ വൈദിക സമ്മേളനത്തിലും അധ്യക്ഷത വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ കാർപ്പ്-ആസ്പയർ പദ്ധതിയുടെ ഭാഗമായി സന്യാസ സഭകളിലെ മേജർ സുപ്പീരിയേഴ്സിനെ അഭിസംബോധന ചെയ്തു.

29 ഫാത്തിമാപുരം സ്നേഹനിവാസിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കുറുമ്പനാടത്ത് ഇറ്റാവാ മിഷന്റെ വൈദിക മന്ദിരത്തിന്റെ അടിസ്ഥാനശില ആശീർവദിച്ചു. കുരിശുംമൂട് മീഡിയ വില്ലേജിൽ മീഡിയ അപ്പോസ്തലേറ്റ് ഡയറക്ടേഴ്സിന്റെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. മാർത്തോമ്മാ വിദ്യാനികേതനിൽ അമല തിയോളജിക്കൽ കോളേജിന്റെ ബിരുദദാന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇടിഞ്ഞില്ലം അർക്കാഡിയ അവന്യൂവിൽ ദീപികയുടെ 140-ാം വാർഷിക ആഘോഷ സമ്മേളനത്തിലും, അതിരൂപതാ കേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് യോഗത്തിലും അധ്യക്ഷത വഹിച്ചു. പബ്ലിക് അഫയേഴ്സ് ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

30 മാമ്മൂട് ഡി.എസ്.എഫ്.എസ്. കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. മണിമല ഹോളി മാഗി ഫൊറോനാ പള്ളിയിൽ മണിമല ഫൊറോനാ വൈദിക സമ്മേളനത്തിലും, ചീരഞ്ചിറ സെന്റ് ജോർജ് പള്ളിയിൽ ചങ്ങനാശ്ശേരി ഫൊറോനാ വൈദിക സമ്മേളനത്തിലും അധ്യക്ഷത വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ എസ്.ബി. കോളേജിന്റെ ടെക്നിക്കൽ കമ്മിറ്റി യോഗത്തിലും ശാലോം ടി.വിയുടെ യുവജന സംവാദത്തിലും പങ്കെടുക്കുകയും ചെയ്തു.

ഒക്ടോബർ

1 വെഞ്ഞാറമ്മൂട് അമലാ പാസ്റ്ററൽ സെന്ററിൽ തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനകളുടെ സംയുക്ത വൈദിക കോൺഫറൻസിൽ അധ്യക്ഷത വഹിച്ചു. മണ്ണന്തല റാണിഗിരി പള്ളിയിൽ വിശുദ്ധ ഫ്രാൻസിസ് അസീസി വർഷാചരണത്തിന്റെ ഭാഗമായി പരിശുദ്ധ കുർബാന അർപ്പിക്കുകയും സർവ്വമത സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

2 ചെത്തിപ്പുഴയിൽ ജീസസ് യൂത്ത് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. പൂന്തോപ്പിൽ വിശുദ്ധ ഫ്രാൻസിസ് അസീസി വർഷാചരണത്തിൽ പരി

ശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. കോട്ടയം ക്രിസ്തുരാജാ കത്തീഡ്രൽ ദൈവാലയത്തിൽ കോട്ടയം അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് ആനിമൂട്ടിൽ പിതാവിന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികനായി. നരിയാപുരം ഇമ്മാനുവേൽ ഓർത്തഡോക്സ് വലിയ പള്ളിയിൽ നവതി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ കുടുംബസംഗമത്തിൽ സന്ദേശം നൽകി. മാർത്തോമ്മാ വിദ്യാനികേതന്റെ ഓൺലൈൻ ക്ലാസ് ഉദ്ഘാടനം ചെയ്തു.

3 മേമുറി ലിറ്റിൽ ഫ്ളവർ ക്നാനായ പള്ളി ഇടവകാംഗം റവ. ഫാ. ജയിംസ് വടക്കേ കണ്ടങ്കരിയുടെ മാതാവ് ശ്രീമതി ഏലിയാമ്മ ജെയിംസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുരിശുംമൂട് മീഡിയ വില്ലേജിൽ കാർലോ ഫെസ്റ്റ് ലീഡേഴ്സ് സമ്മേളനത്തെ അഭിസംബോധന ചെയ്തു. ചീരഞ്ചിറ സെന്റ് ജോർജ് ഇടവകയിൽ അജപാലന സന്ദർശന പരിപാടികൾക്കു നേതൃത്വം നൽകി.

4 ചീരഞ്ചിറ സെന്റ് ജോർജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. കുറുമ്പനാടം ഇടവകാംഗം റവ. ഫാ. ജെയ്സൺ മാമൂട്ടിൽ OP-യുടെ പ്രഥമ പരിശുദ്ധ കുർബാന അർപ്പണത്തിൽ വചനസന്ദേശം നൽകി. പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാ പള്ളിയിൽ ആലപ്പുഴ ഫൊറോനാ തല വ്യാപാരി വ്യവസായി സംഗമത്തിലും തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ സഹൃദയ ആശുപത്രിയുടെ കുടുംബ ദിനാഘോഷത്തിലും പങ്കെടുത്തു. നസ്രാണി ഫാമിലി ഫ്രട്ടേണിറ്റിയുടെ ഓൺലൈൻ യോഗത്തിൽ സന്ദേശം നൽകി.

5 നെടുങ്കുന്നം പി.സി.പി.എ. അഡോറേഷൻ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രി ശ്രീ എൻ. ഷംസുദ്ദീനെ സ്വീകരിച്ചു. സഞ്ജീവനി മാനേജിംഗ് ബോർഡ് യോഗത്തിലും പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജ് എക്സിക്യൂട്ടീവ് യോഗത്തിലും അധ്യക്ഷത വഹിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട് പിതാവിനെ അനുസ്മരിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. കോട്ടയം അതിരൂപതയുടെ പുതിയ സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് ആനിമൂട്ടിൽ പിതാവിനെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

6 അതിരൂപതാകേന്ദ്രത്തിൽ പൗരോഹിത്യ-സന്യാസ സുവർണ്ണ/രജത ജൂബിലി ആഘോഷിക്കുന്ന വൈദികരുടെയും സന്യസ്തരുടെയും സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. വെളിയനാട് കേസറിയ ഇടവകാംഗം

റവ. ഫാ. ജോബി വി.സി. യുടെ പിതാവ് ശ്രീ. ജോസുകുട്ടി കൈതക്കള ത്തിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാ കേന്ദ്രത്തിൽ മേജർ സെമിനാരി വൈദികാർത്ഥികളുടെ ഒത്തുചേരലിൽ അധ്യക്ഷത വഹിച്ചു. തടിയൂരിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ പുതിയ കെട്ടിടം ആശീർവദിച്ചു.

9 ജർമ്മനിയിൽ ഡിൻക്ലാഗെയിലെ സെന്റ് കതാറിനാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ബെൽജിയത്തിലെ ആവെർബോഡിൽ ആർച്ചുബിഷപ്പ് ഫ്രാൻസ് ഡാനീൽസ് പിതാവിനെ സന്ദർശിച്ചു.

12 ബാംബർഗ് ആർച്ചുബിഷപ് ഹെർവിക് ഗോസൽ പിതാവിനെ സന്ദർശിച്ചു. ബാംബർഗ് സെന്റ് ജോസഫ് പള്ളിയിലെ സീറോ മലബാർ വിശ്വാസി കളുടെ ആത്മീയ കൂട്ടായ്മയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു.

13 ജർമ്മനിയിലെ എർലാംഗനിൽ അതിരൂപതാ വൈദികരുടെ ഒത്തുചേരലിൽ പങ്കെടുത്തു.

16. സ്വിറ്റ്സർലാൻഡിലെ വിഡ്നൗ ദൈവാലയത്തിൽ പരി. കുർബാന അർ പ്പിച്ചു.

17. സ്വിറ്റ്സർലാൻഡിൽ സെന്റ് ഗാല്ലൻ രൂപതയുടെ ബിഷപ്പ് ബെയാറ്റ് ഗ്രോഗ്ലി പിതാവിനെ സന്ദർശിച്ചു.

18 സ്പെയിനിലെ മാഡ്രിഡിൽ എഫ്.സി.സി. കോൺവെന്റ് സന്ദർശിക്കുക യും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

19 പാംപ്ലോണയിലെ ബിദാസോവ സെമിനാരിയും സർവ്വകലാശാലയും സന്ദർശിക്കുകയും സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

20 റോമിൽ നടന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമ്മേളനത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സന്ദേശം നൽകി.

21 ഓറിയന്റൽ കോൺഗ്രിഗേഷൻ മുൻ പ്രീഫെക്ട് കർദ്ദിനാൾ ലെയനാർദോ സാന്ദ്രി പിതാവിനെയും ദൈവാരാധനയ്ക്കും കൂദാശകളുടെ ക്രമീകര ണത്തിനുമുള്ള ഡിക്കാസ്റ്ററിയുടെ മുൻ പ്രീഫെക്റ്റ് അഭിവന്ദ്യ കർദ്ദിനാൾ റോബർട്ട് സാറാ പിതാവിനെയും റോമിൽ സന്ദർശിച്ചു.

22 റോം രൂപതയ്ക്കുവേണ്ടിയുള്ള മാർപാപ്പായുടെ വികാരി ജനറാളും പൊന്തി ഫിക്കൽ ജോൺ പോൾ സെക്കൻഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്രാൻഡ് ചാൻസി ലറുമായ കർദ്ദിനാൾ ബാൾദസ്സാരെ റെയ്നാ പിതാവിനെ സന്ദർശിച്ചു.

23 അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ബസിലിക്കാപള്ളിയിൽ പരി. കുർ ബാന അർപ്പിച്ചു.

24 റോമിലെ വി. അന്തോനീസിന്റെ നാമധേയത്തിലുള്ള ദൈവാലയത്തിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ ആദ്യ മെത്രാപ്പോലീത്താ അഭി. മാർ മാത്യു കാവുകാട്ട് പിതാവിനെ അനുസ്മരിച്ച് അർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി.

27 അതിരൂപതാകേന്ദ്രത്തിൽ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിന്റെ എക്സിക്യൂട്ടിവ് യോഗത്തിൽ പങ്കെടുത്തു.

28 അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിലും ഇന്റർ ഡിപ്പാർട്ട്മെന്റ് യോഗത്തിലും അധ്യക്ഷതവഹിച്ചു. ഇസ്രായേലിലെ കത്തോലിക്കരുടെ പ്രാർത്ഥനാകൂട്ടായ്മയിൽ വചനസന്ദേശം നൽകി. യുവദീപ്തി-എസ്.എം.വൈ.എം. ഫൊറോനാ ഡയറക്ടർമാരുടെ ഓൺലൈൻ കൂട്ടായ്മയിൽ സംബന്ധിച്ചു.

29 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു. ഫാത്തിമാപുരം ഇടവക ശ്രീ. ജോസ് കടന്തോടിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവക ശ്രീമതി ത്രേസ്യാമ്മ ആന്റണിയുടെ മൃതസംസ്കാരകർമ്മങ്ങൾക്കു ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ കൺസൾട്ടേഴ്സ് ബോഡി യോഗത്തിൽ പങ്കെടുത്തു.

സെപ്റ്റംബർ

27 ചമ്പക്കുളം കിഴക്കുംവേലിത്തറ – മുല്ലശ്ശേരി കുടുംബയോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

28 അഞ്ചൽ മേരിമാതാപള്ളി ഇടവകാംഗം കളത്തുകുന്നേൽ സെബാസ്റ്റ്യൻ & സാറാമ്മ ദമ്പതികളുടെ ആറാമത്തെ മകൾ എസ്തറിന് പ്രവേശക കൂദാശകൾ നൽകി, സഹോദരങ്ങളായ കാതറിനും ഫ്രാൻസിസിനും ആഘോഷപൂർവ്വമായ പരി. കുർബാന സ്വീകരണവും നടത്തി. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർത്ഥികൾക്ക് ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു.

29 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

30 നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർത്ഥികൾക്ക് ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു. പാലാ രൂപത മുണ്ടാങ്കൽ സെന്റ് ഡോമിനിക്സ് പള്ളി ഇടവകാംഗം കൊച്ചുപറമ്പിൽ ശ്രീ. സുബിൻ സണ്ണിയുടെ മൃതസംസ്കാരകർമ്മത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

ഒക്ടോബർ

01 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

02 പാലമറ്റം ബേസ്തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കോട്ടയം ക്രിസ്തുരാജ ക്നാനായ കത്തീഡ്രൽപള്ളിയിൽ നിയുക്ത സഹായമെത്രൻ അഭിവന്ദ്യ മാർ തോമസ് ആനിമൂട്ടിൽ പിതാവിന്റെ മെത്രാഭിഷേകശുശ്രൂഷയിൽ പങ്കെടുത്തു.

03 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ പള്ളി ഇടവകാംഗം കൊച്ചുമുറിയിൽ ആന്റണി & എലിസബത്ത് ദമ്പതികളുടെ രണ്ടാമത്തെ മകൻ സെബാസ്റ്റ്യന് പ്രവേശകകൂദാശകൾ നൽകി.

04 തക്കലരൂപത മേഴക്കോട് സെന്റ് ഫ്രാൻസിസ് അസീസി പള്ളിയിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ റാസകുർബാനയർപ്പിച്ചു.

05 നിർമ്മലപുരം സെന്റ് മേരീസ്പള്ളി ഇടവകാംഗം ഇലഞ്ഞിപ്പുറത്ത് ശ്രീമതി അന്നമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

06 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. പുന്നത്തുറ പെരുന്തോട്ടം പിതാവിന്റെ ജേഷ്ഠസഹോദരൻ ശ്രീ പി. ജെ. മത്തായി സാറിന്റെ ജന്മദിനത്തിന്റെ നവതി ആഘോഷത്തിൽ പങ്കെടുത്തു ആശംസകൾ നേർന്നു. അതിരൂപതാകേന്ദ്രത്തിൽ മേജർ സെമിനാരിയൻസ് സമ്മേളനത്തിൽ സന്ദേശം നൽകി.

07 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. കാവാലം സെന്റ് തെരേസാസ് പള്ളിയിൽ ഇടവകത്തിരുന്നാളിനോടനുബന്ധിച്ച് പൂർവികരുടെ അനുസ്മരണ ദിനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, കബറിടത്തിങ്കൾ ഒപ്പീസുചൊല്ലി.

08 നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർത്ഥികൾ അവതരിപ്പിച്ച 'ലാസറസ്' നാടകം കണ്ട് അവർക്ക് ആശംസകൾ നേർന്നു സംസാരിച്ചു.

09 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ 57-ാം ശ്രാദ്ധപ്പെരുന്നാൾ ദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു, കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി. ചെത്തിപ്പുഴ ക്രിസ്തുജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി യിൽ ചേർന്ന നസ്രാണിമാർഗ്ഗം 'ഹെക്മാസ്' പോളിസി ചർച്ചയിൽ പങ്കെടുത്തു.

10 കുരിശുംമൂട് മീഡിയ വില്ലേജിൽ ചങ്ങനാശ്ശേരി അതിരൂപത മീഡിയ അപ്പോസ്തലേറ്റ്, യുവദീപ്തി എസ്.എം.വൈ.എം, സി.എസ്.എം, ജീസസ് യൂത്ത് എന്നീ സംഘടനകൾ സംയുക്തമായി നടത്തിയ 'കാർലോ അക്കൂട്ടിസ്' ഫെസ്റ്റ് - യുവനസ്രാണി സംഗമത്തിൽ പ്രാർത്ഥനാശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും സന്ദേശം നൽകി തിരുശേഷിപ്പ് പ്രതിഷ്ഠിക്കുകയും ചെയ്തു.

11 പാലമറ്റം ബേസ്തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. അതിരൂപതാ കേന്ദ്രത്തിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റ് - റോം - പതാക പ്രയാണം ചങ്ങനാശ്ശേരി അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ച്, സന്ദേശം നൽകി.

12 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ കാർമൽവില്ല മഠം അംഗമായ റവ. സി. ചെറുചിലമ്പിൽ ലിസി തോമസ് സി.എം.സി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ റവ. സി. വലിയമറ്റം റോസിറ്റയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വിശുദ്ധ അൽഫോൻസാമ്മയെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയതിന്റെ 18 വർഷം പൂർത്തിയായതിനോടനുബന്ധിച്ച് പാലാ, ഭരണങ്ങാനം വിശുദ്ധ അൽഫോൻസ ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

13 ചങ്ങനാശ്ശേരി മൗണ്ട് കാർമൽ സി.എം.സി. മഠത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, ബഹു. അമ്മമാരെ സന്ദർശിച്ചു. കാവാലം സെന്റ് തെരേസാസ് പള്ളിയിൽ ചങ്ങനാശ്ശേരി ദേവമാതാ പ്രോവിൻസിലെ ചെത്തിപ്പുഴ വെരൂചിറ ശാന്തിസദൻ ക്ലാരമഠം അംഗമായ റവ. സി. പുത്തൻപുരയ്ക്കൽ ഗ്രേഷ്യസിന്റെ മൃതസംസ്കാരകർമ്മത്തിൽ സമാപനശുശ്രൂഷകൾക്ക്

കാർമികത്വംവഹിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

14 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചങ്ങനാശ്ശേരി എം.എൽ. എഫ്. പ്രോവിൻസിലെ കുറിച്ചി ലിറ്റിൽ ഫ്ളവർ മഠംഅംഗമായ റവ. സി. തുണ്ടത്തിൽ ബെനഡിക്റ്റിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. പുന്നപ്ര മാർ ഗ്രിഗോറിയോസ് പള്ളി ഇടവകാംഗം കവലക്കൽ ശ്രീമതി റോസമ്മ തോമസിന്റെ മൃതസംസ്കാരകർമ്മത്തിൽ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. കരിക്കാട്ടൂർ സെന്റ് ജെയിംസ് പള്ളിയിൽ കോട്ടയം സി.എം.ഐ. സന്യാസസമൂഹത്തിലെ അംഗമായ കാരോട്ടെമ്പ്രേൽ ബഹു. ദേവസ്യ അച്ചന്റെ മൃതസംസ്കാരകർമ്മത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സമാപനശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

15 ചമ്പക്കുളം – കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്കപള്ളി ഇടവകത്തിരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു, മാർത്തോമ്മ വിദ്യാനികേതൻ തിയോളജി ഒന്നാമത്തെ ബാച്ച് അംഗങ്ങളോടൊപ്പം മീറ്റിങ്ങിൽ പങ്കെടുത്തു.

16 പാലമറ്റം ബേസ്തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി ഇടവകാംഗം പറപ്പള്ളിൽ ശ്രീ. ജോസഫ് വർഗ്ഗീസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർത്ഥികൾക്ക് ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു.

17 ആലപ്പുഴ, പറവൂർ ഐ.എം.എസ്. ധ്യാനകേന്ദ്രത്തിൽ നിന്ന് ആരംഭിച്ച മെഗാ ജപമാല തീർത്ഥാടനം ചങ്ങനാശ്ശേരി പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ സമാപിച്ചപ്പോൾ സന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിന്റെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ അഭിവന്ദ്യ മാർ ജോർജ്ജ് കോച്ചേരി പിതാവിനെ സന്ദർശിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

18 മിഷൻ ഞായറാഴ്ചയോടനുബന്ധിച്ച് നിരണം മാർ തോമാശ്ലീഹാ സെന്ററിൽ പരിശുദ്ധ കുർബാന അർപ്പിച്ചു, ഇടവകാംഗങ്ങളോടൊപ്പം മിഷൻ ലേലത്തിൽ പങ്കെടുത്തു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. പുന്നത്തറ സെന്റ് തോമസ് ക്നാനായ പഴയപള്ളി ഇടവകാംഗം കോന്തനാനിയ്ക്കൽ ശ്രീമതി ഏലിക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി,

19 ഇത്തിത്താനം സെന്റ് ജോസഫ് വൈദികഭവനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. മാന്നാനം സെന്റ് ജോസഫ് ആശ്രമത്തിൽവെച്ച് നസ്രാണി മാർഗ്ഗം കൂട്ടായ്മ അംഗങ്ങൾക്കായി ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു. മാന്നാനം സെന്റ് ജോസഫ് പ്രസ്സ് സന്ദർശിച്ചു.

20 മുഹമ്മ സെന്റ് ജോർജ് ഫൊറോനപള്ളിയിൽ ചങ്ങനാശ്ശേരി അതിരൂപത മണ്ണഞ്ചേരി സെന്റ് മേരീസ്പള്ളി ഇടവകാംഗം കുറുന്തോടത്ത് ജോസഫിന്റെയും തലശ്ശേരി അതിരൂപത പയ്യന്നൂർ പടിയോട്ടുചാൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഇടവകാംഗം മുകളേൽ മേരിയുടെയും വിവാഹം ആശീർവദിച്ചു. മുഹമ്മ സെന്റ് ജോർജ് ഫൊറോനപള്ളി ഇടവകാംഗം മാന്താറ്റ് ശ്രീ. K.T. ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

21 ഒന്നാംവർഷ വൈദികാർത്ഥികൾക്ക് സഭാചരിത്രത്തെക്കുറിച്ച് ക്ലാസ്സെടുത്തു. നെടുംകുന്നം സി.എം.സി. മഠാഗമായ റവ. സി. പുതുപ്പള്ളിലിയായുടെ മൃതസംസ്കാരശുശ്രൂഷയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പാലാരൂപത കൊഴുവനാൽ സെന്റ് ജോൺ നെപുംസ്യാനോസ് ഫൊറോനാപള്ളി ഇടവകാംഗവും മേക്കാട്ടുകുന്നേൽ ബഹു ആൻഡ്രൂസ് അച്ചന്റെ വത്സലമാതാവുമായ ശ്രീമതി മറിയത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

22 കാട്ടാക്കട എൽ.എസ്.ഡി.പി. പ്രോവിഡൻസ്ഹോം സന്ദർശിച്ചു. അമ്പൂരി അരമന എസ്റ്റേറ്റിലെ ഷോപ്പിംഗ് കോംപ്ലക്സ് 'ഗുഡ് സമരിറ്റൻ പ്ലാസ' ആശീർവദിച്ചു.

23 പാലമറ്റം ബേസ്തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഫാത്തിമാപുരം ഫാത്തിമമാതാപള്ളി ഊരാംവേലിൽ കൊമ്പിത്തറയിൽ ശ്രീ. കെ. ജെ. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

24 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ചങ്ങനാശ്ശേരി അതിരൂപത കോയിപ്പുറത്ത് സെബാസ്റ്റ്യന്റെയും ഇടുക്കിരൂപത വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽപള്ളി ഇടവകാംഗം പുത്തൻപുരയ്ക്കൽ മരിയയുടെയും വിവാഹം ആശീർവദിച്ചു.

25 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ലഹരിക്കെതിരെ കേരളം സർക്കാർ നടത്തുന്ന ഓപ്പറേഷൻ തൂഫാന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം. ചെത്തിപ്പുഴ ആശുപത്രിയുടെ സഹകരണത്തോടെ നടത്തിയ 'ഉണർവ് സീസൺ 4' ഉദ്ഘാടനംചെയ്തു സംസാരിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.



Mar Thomas Tharayil
Metropolitan of Changanacherry

ENGAGEMENTS | NOVEMBER 2026

01	07:30 am-12:30 pm	Pastoral Visit @ Pathanapuram
	03:15 pm	*Nasrani* Family Fraternity Get-together: Kollam-Ayoor Forane @ Venchempu
	06:30 pm	125th Jubilee Inauguration @ Thrikkodithanam
02	03:00 pm	Class @ Minor Seminary Kurichy
	04:30 pm-07:00 pm	Shalom *Nellum Pathirum* @ Archbishop House
	09:00 pm	Message: *Nasrani* Family Fraternity Online Meeting
03	09:15 am	Priestly Ordination: Deacon Jobin Vattapara TOR @ Kumarakom Nava Nazareth
	02:30 pm-04:30 pm	Visitors
	05:00 pm-07:00 pm	Finance Council @ Archbishop House
04	08:30 am-10:00 am	*Curia*
	10:00 am-5:00 pm	Consultors' Body @ Archbishop House
05	07:00 am	Sacraments of Initiation @ Thrickodithanam
	10:00 am-05:00 pm	Consultors' Body @ Archbishop House
	05:00 pm	Chethipuzha Hospital Trust Meeting @ Archbishop House
06	10:00 am-05:00 pm	Consultors' Body @ Archbishop House
	07:00 pm	Class @ Niranam Seminary
07	09:30 am-01:00 pm	Consultors' Body
	10:30 am-11:30 am	Fr. Kunnath Trust Meeting@ Archbishop House
08	08:00 am	Holy Qurbana @ Jaipur
08-13		Priests' Retreat @ Jaipur Diocese
14	10:00 am-12:30 pm	Seminarians' Benefactors Gathering @ Kurichy
	03:00 pm	Diamond Jubilee: Vincent de Paul @ Chanjody
15	02:30 pm-05:30 pm	Message: Diocesan Day @ Thuckalay
16	09:30 am-01:30 pm	Inter Eparchial Meeting @ Pala
17	09:00 am-01:00 pm	*Mooron Qudasha* & Presbyterium
	03:00 pm-04:00 pm	Class @ Kurichy Seminary
18	08:30 am-11:00 am	*Curia*

	11:30 am-12:30pm	Meeting with Vicars of Deacons @ Archbishop House
	02:30 pm-03:45 pm	Visitors
	05:15 pm-05:15 pm	Inaugural Message: Mannanam Bible Convention @ Mannanam
19	06:15 am	*Raza Qurbana* @ Sanjoy Bhavan CMC, Karukutty
	10:30 am-04:30 pm	KCBC Commission Secretaries Meeting @ POC
20	08:30 am	*Curia*
	11:00 am-12 Noon	Addressing Teaching Staff @ SB College
	02:30 pm-05:00 pm	Visitors
	05:00 pm	Centenary & *Thirunnal Qurbana* @ Kizhaparayar
21	02:00 pm	Consecration: *Valiya Pally* @ Parel
22	08:30 am	*Punar Qudasha* @ Moncompu
	11:00 am	Parish Hall Blessing & Platinum Jubilee @ Kumaramkary
	05:00 pm	Holy *Qurbana*: Youth Rally @ Parel
23	02:30pm	Consecration: *Marth Mariam Pally* @ Parel
24	06:15 am	Holy *Qurbana* @ Fathimapuram
	11:30 am-12:30 pm	Message: Junior Priests' Orientation Program @ Kunnamthanam
	06:00 pm	*Samskaarika Sammelanam* @ Parel
25	08:30 am	*Curia*
	09:30 am-10:30am	Message: Shalom Fesival @ Veroor
	10:30 am-12:00am	Vestition @ Kunnamthanam LSDP
	04:00 pm-09:00 pm	Regional Bishops' Recollection @ Alappuzha
26-27		Jubilee Celebration @ Fatehgarh, Etawah
27	03:30 pm	Inauguration: Chooralmala Housing Project @ Vazhavatta
28	06:30 am	Holy *Qurbana* @ Asha Bhavan
	08:45 am	Message: *Ecclesia* @ Kunnamthanam
	10:00 am-11:00 pm	*Pithruvedi Jenmadina Sammelanam* @ Cathedral
	11:30 am-12:30 pm	Meeting with Parents of Archeparcial Deacons
	03:00 pm	SH Convent Blessing @ Punnathura
	05:00 pm-09:00 pm	Pastoral Visit @ Kiliroor
29	07:00 am-02:00 pm	Pastoral Visit @ Kiliroor
	04:00 pm-04:30 pm	Kottayam Forane Businessmen Get-Together @ Kottayam
	05:00 pm-06:00 pm	175th Jubilee Inauguration @ Villoonni
30	02:00 pm-05:00 pm	Archbishop Mar Andrews Thazhath Jubilee@ Thrissur

FR. SECRETARY - 8078088468



Mar Joseph Perumthottam
Metropolitan Emeritus of Changanacherry

ENGAGEMENTS | NOVEMBER 2026

01	06:00 pm	Holy *Qurbana* @ St. Martin De *Porres*' Church, Thuckalay, Kazhuvanthittai
06	06:30 am	Holy *Qurbana* @ *Bet-Thoma Dayara*, Palamattam
08	07:00 am	Holy *Qurbana* @ S. B. School Boarding, Changanacherry
	06:00 pm	*Kurishadi* Blessing @ St. Joseph's Church, Arattuvazhy
12	06:30 am	*Kodimaram* Blessing & Holy *Qurbana* @ St. Gregorius Church, Pala, Kizhaparayar
13	06:30 am	Holy *Qurbana* @ *Bet-Thoma Dayara*, Palamattam
14		*Nasrani Margam* - Class @ St. Ephrem Research Institute, Kottayam
15		Engaged
17		*Presbyterium* @ St. Mary's Metropolitan Church, Changanacherry
19	11:00 am	Sacraments of Initiation @ St. Joseph's Church, Thellakom-Pushpagiri
	04:00 pm	*Kodiyettu* & Holy *Qurbana* @ St. John the Baptist Forane Church, Nedumkunnam
20	06:30 am	Holy *Qurbana* @ *Bet-Thoma Dayara*, Palamattam
	06:30 pm	Class @ Niranam Seminary
21	06:15 am	Holy *Qurbana* @ Cheeramchira A.S.M.I. Generalate
	02:00 pm	*Devalaya Qudasha* @ *Marthu Mariam* Church, Parel
22	02:00 pm	*Yuvajana Sangamam* @ *Marthu Mariam* Church, Parel
23	02:00 pm	*Amalolbhava Matha Kappela Qudasha* @ Marthu Mariam Church, Parel
24	06:00 pm	*Samskarika Sammelanam* @ *Marthu Mariam* Church, Parel
25	06:00 pm	Adoration Chapel *Qudasha* @ *Marthu Mariam* Church, Parel
26	06:30 pm	Class @ Niranam Seminary
27	06:30 am	Holy *Qurbana* @ *Bet-Thoma Dayara*, Palamattam
	06:30 pm	Class @ Niranam Seminary
28	10:00 am	Class @ Niranam Seminary
	04:30 pm	Jubilee Conclusion Meeting @ S.H. Convent, Punnathura
29	02:15 pm	*Athiroopatha Pithruvedhi Janmadinam* @ St. George Forane Church, Edathua
	05:15 am	*Idavakka Dinnam* @ Immaculate Heart Church, Kaithavana

FR. SECRETARY - +919292990040



നവംബർ അഞ്ചിനു നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന

അതിരൂപതാ സിഞ്ചെല്ലൂസ്

വെരി റവ. ഫാ. സ്കറിയ കന്യാകോണിലിന്

അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ

VEDAPRACHARA MADHYASTAN VOL.99 No.05 2026 November
Date of Publication: 31-10-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry Head Post Office
on the last day of every month



Estd. 1928 Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org